# പാതിക്കാർ
# ചരിത്രവും വംശാവലിയും

രണ്ടുനൂറ്റാണ്ടിന്റെ ചരിത്രവും
സമ്പൂർണ്ണ വംശാവലിയും

പി സി അഷറഫ്

ഫോർത്ത് എസ്റ്റേറ്റ് പബ്ലിഷേർസ്
പടന്ന
2016

പാതിക്കാർ
ചരിത്രവും വംശാവലിയും
Malayalam | Local History/Family Tree

PATHIKKAR CHARITHRAVUM VAMSAVALIYUM
Author | P C Ashraff

Published by
Forth Estate Publishers

First Edition
May 2016

ISBN - 978-93-5235-928-8
₹ 250

Rights Reserved
No part of this work may be reproduced or utilized in any form of
by any means without prior written permission of the publisher.

The Forth Estate Publishers,
AMAR Buliding, Ganesh Mukku,
Post Padne, Kasaragod District - 670312

Cover Design & Layout
Raveendran Panankavu
Praxis Kasaragod

Printed at
Geethanjali Kozhikode





# പൂമുഖം

കാസർകോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പടന്ന ഗ്രാമത്തിൽ പരമ്പരാഗത കാർഷിക കുടുംബമാണ് പാതിക്കാർ. ആ കുടുംബത്തിന് പടന്നയിലും പരിസരത്തെയും പാരമ്പര്യത്തിലും ചരിത്രത്തിലും അധിഷ്ഠിതമായ ഒരു സവിശേഷ സ്ഥാനമുണ്ട്. പടന്ന, മാണിയാട്ട്, പുത്തിലോട്ട്, പുലിക്കോട്ട്, ചന്തേര, ചെറുപുത്തൂർ, ഉദിനൂർ, ഓരി എന്നീ എട്ടു ഗ്രാമങ്ങളിലെ കൃഷിഭൂമികളുമായി ഈ തറവാടിന്റെ ചരിത്രത്തിന് അഭേദ്യമായ ബന്ധമുണ്ട്.

ഈ കുടുംബത്തിന്റെ ചരിത്രം എഴുതുക, കുടുംബാംഗങ്ങളുടെ കൂട്ടായ്മക്കായി ഒരു പൊതുവേദി ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2014-ന്റെ അവസാനം തൊട്ട് ചില ആലോചനകൾ നടന്നു. ആ സംരഭങ്ങളുടെ നടത്തിപ്പിനായി ബഹുമാന്യരായ പി. എൻ മുസ്തഫ മാസ്റ്റർ, പി.സി കുഞ്ഞുമൊയ്തീൻ കുട്ടി ഹാജി, പി സി സാലി ഹാജി, പി സി അഹമ്മദ്, പി സി മുസ്തഫ ഹാജി, പി സി അഷറഫ്, പി സി അബ്ദുൾഖാദർ, പി സി ഷാഫി, പി സി മുഹമ്മദലി ഹാജി, പി എൻ സിദ്ദിഖ്, പി സി ബഷീർ, പി സി ജലീൽ തുടങ്ങിയ വിവിധ താവഴി പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു പ്രവർത്തക സമിതി രൂപീകരിച്ചു. ഇവരുടെ ശ്രമഫലമായി കുടുംബാഗങ്ങളുടെ വിവരം ശേഖരിക്കുവാനും കുടുംബ ചരിത്രം എഴുതുവാനും നിർണ്ണായകമായ ശ്രമങ്ങൾക്ക് തുടക്കമിട്ടു. ആ ശ്രമങ്ങളുടെ ഫലമായി 1916 ൽ തൃക്കരിപ്പൂർ സബ്ബ് രജിസ്റ്ററാപ്പീസിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഭാഗാധാരത്തിന്റെയും 1902-ൽ ഹോസ് ദുർഗ് സബ്ബ് രജിസ്റ്ററാപ്പീസിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഭാഗാധാരത്തിന്റെയും രജിസ്റ്റർ നമ്പർ കണ്ടെടുക്കപ്പെടുകയും തുടർന്നുള്ള അന്വേഷണത്തിൽ ആ ആധാരങ്ങളുടെ പകർപ്പുകൾ തന്നെ വീണ്ടെടുക്കാൻ കഴിയുകയും

ചെയ്തു. ഇരുന്നൂറോളം വർഷം പിന്നിലേക്ക് കിടക്കുന്ന പാതിക്കാർ കുടുംബത്തിന്റെ ചരിത്രം വീണ്ടെടുക്കാനും, തുടക്കംതൊട്ട് ഇന്നേ വരെയുള്ള വംശാവലി തയ്യാറാക്കാനും, ആ രേഖകൾ നിർണ്ണായക സഹായകമായി. ഈ പുസ്തകത്തിൽ സ്ത്രീ താവഴിയിലുള്ള കുടുംബാഗങ്ങളുടെ പേരു വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുരുഷ താവഴികൾകൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഗവേഷണങ്ങൾ ഭാവിയിൽ നടത്തേണ്ടതാണ്.

വാമൊഴി വഴക്കങ്ങൾ വഴിയും തലമുറകളിൽ നിന്ന് തലമുറകളിലേക്ക് വാക്കാലും, രേഖയാലും കൈമാറിയ വസ്തുതകളും യുക്തിഭദ്രമായും ശാസ്ത്രീയമായും പരിശോധിച്ച് ലളിതഭാഷയിൽ അവതരിപ്പിക്കുകയാണ് ഇവിടെ. 1815-ൽ ഏഴുപേരിൽ നിന്നാരംഭിച്ച പാതിക്കാർ തറവാടിന്റെ പ്രയാണം ആദ്യം വേർപിരിഞ്ഞ മൂന്നു താവഴികളിലും പിന്നീട് മൂന്നാം താവഴി മൂന്ന് താവഴികളായി പിരിഞ്ഞതും ചേർത്ത് അഞ്ചുതാവഴികളിലായി ആയിരത്തിൽപ്പരം അംഗങ്ങളിൽ എത്തിനിൽക്കുകയാണിപ്പോൾ. കഴിഞ്ഞ ഒരു വർഷം നടത്തിയ ഗവേഷണത്തിന്റെ ഫലമാണ് ഈ പുസ്തകം. ഗവേഷണം നിരന്തരമായി നടത്തി എന്നല്ല. ഔദ്യോഗിക തിരക്കുകൾക്കിടയിൽ വീണുകിട്ടുന്ന ഒഴിവുദിവസങ്ങൾ ഇതിന്നായി വിനിയോഗിച്ചു. സർക്കാർ രേഖകൾ പരിശോധിച്ചു. കോഴിക്കോടെ ആർക്കൈവ്സും സഹായകരമായി. എന്നാലും സമ്പൂർണ്ണത അവകാശപ്പെടുന്നില്ല.

ചരിത്രാന്വേഷണം ഒരു തുടർകഥയാണ്. അത് എന്നും അപൂർണ്ണമായി തന്നെ നിലനിൽക്കും. എന്നാൽ കാലത്തിന്റെ ഗതിവിഗതികൾക്കനുസൃതമായി പുതിയ അറിവുകളെ കൂട്ടിചേർക്കപ്പെടുകയും ശരി എന്നു കരുതിയ പല അറിവുകളും തിരുത്തപ്പെടുകയും ചെയ്യും. ഈ സത്യം ഉൾകൊണ്ടുകൊണ്ട് സവിനയം ഈ സംരംഭം നിങ്ങൾക്കുമുമ്പിൽ സമർപ്പിച്ചുകൊള്ളുന്നു.

**പി.സി അഷറഫ്**

# ഉള്ളടക്കം

ഓർമ്മകളുടെ അർത്ഥം 9

അദ്ധ്യായം ഒന്ന് പാതിക്കാർ തറവാടിന്റെ
ഉത്ഭവവും വളർച്ചയും 13

അദ്ധ്യായം രണ്ട്
ഒന്നാം താവഴി 21

ഒന്നാം താവഴി വംശാവലി 25

അദ്ധ്യായം മൂന്ന്
രണ്ടാം താവഴി 35

രണ്ടാം താവഴി വംശാവലി 38

അദ്ധ്യായം നാല്
മൂന്നാം താവഴി 45

മൂന്നാം താവഴി വംശാവലി 59

അദ്ധ്യായം അഞ്ച്
അനുബന്ധം ഒന്ന് 86

അനുബന്ധം രണ്ട് 91

അനുബന്ധം മൂന്ന് 93

അനുബന്ധം നാല് 95

അനുബന്ധം അഞ്ച് 96

അനുബന്ധം ആറ് 98

അനുബന്ധം ഏഴ് 101

അനുബന്ധം എട്ട് 104

അനുബന്ധം ഒൻപത് 106

അനുബന്ധം പത്ത് 110

അനുബന്ധം പതിനൊന്ന് 112

# ഓർമ്മകളുടെ അർത്ഥം

**The** pursuit of family history and origins tends to be shaped by several motivations, including the desire to carve out a place for one's family in the larger historical picture, a sense of responsibility to preserve the past for future generations, and a sense of self-satisfaction in accurate storytelling.

-- *RONALD BISHOP (2008)*

കുടുംബചരിത്രരചനക്ക് ദീർഘമായൊരു ചരിത്രം ഉണ്ട്. മധ്യ കാലഘട്ടത്തിന് മുൻപു തന്നെ കുടുംബത്തിന്റെ കഥ–ആൾക്കാരുടെ പേരുകൾ, കാലഘട്ടം, ബന്ധം – എഴുതിവെച്ച നിരവധി കുടുബങ്ങൾ ഉണ്ട് എന്ന് അറിവായിട്ടുണ്ട്. വാസ്തവത്തിൽ കുടുംബത്തിൽ ജീവിക്കുന്നതിന്റെ ഭാഗം  മാത്രമാണ് കുടുംബചരിത്രബോധം. അത് സ്വഭാവികമായ ഒരു അറിവാണ്. ഏതൊരാൾക്കും– അയാൾക്ക് കുടുമ്പമുണ്ടെങ്കിൽ– തന്റെ കുടുംബത്തെപ്പറ്റി ഒരു അവബോധം ഉണ്ടാവും. ഏതാനും ഓർമ്മകൾ, ആ ഓർമ്മകളിലെ വ്യക്തികൾ, അവരുടെ ജീവിതക്രിയകളെ ഉറപ്പിച്ചു നിർത്തുന്ന ചില സംഭവങ്ങളുടെ ആഖ്യാനം ഇങ്ങനെയൊക്കായായിട്ടാണ് സാധാരണ നിലയിൽ കുടുംബചരിത്രം നിലനില്ക്കുക. അതേസമയം തന്റെ മുൻതലമുറക്കാരെക്കുറിച്ച് അധികമൊന്നും അറിയാത്തവരാണ് മിക്കവരും. ഈ കുറിപ്പെഴുതുന്നയാൾക്ക് പിതാമഹന്റെ പേരറിയാം– അദ്ദേഹത്തിന്റെ പിതാവാരാണ് എന്നറിയില്ല. ചെറിയൊരു കാലയളവിലെ ചരിത്രമേ ഒരാൾ വ്യക്തിപരമായി ഓർക്കാറുള്ളൂ എന്നർത്ഥം. എന്നാൽ കുടുംചരിത്രം ഔപചാരികമായി നിർമ്മിക്കുമ്പോൾ ഈ പരിമതി ഒരു പരിധിവരെയെ

ങ്കിലും മറികടക്കാനാവും. "പാതിക്കാർ: ചരിത്രവും വംശാവലിയും" എന്ന കൃതിയിൽ ഇരുനൂറുവർഷത്തെ (1815 തൊട്ടുള്ള) ചരിത്രസൂചനകൾ അടങ്ങിയിട്ടുണ്ട്. ഒരു കടലോര/പുഴയോര ഗ്രാമത്തിൽ ഒരു തറവാടുണ്ടാകുന്നതും, അത് പല തറവാടുകളും വീടുകളുമൊക്കെയായി വളർന്നു വലുതാകുന്നതുമാണ് ഇതിലെ ചിത്രം. വ്യക്തികളെ ആധാരമാക്കിയാണ് ഈ വികാസഗതി ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പാതിക്കാർ തറവാട്ടുചരിത്രത്തിൽ ഒരു കുലപതിയുടെ പദവിയിൽ അവരോധിതനായിരിക്കുന്നത് തുടക്കക്കാരനായ കുട്ടിമൂസ തന്നെയാണ്. അദ്ദേഹത്തിന് ബ്രിട്ടീഷധികാരികളുമായി ബന്ധം ഉണ്ടായിരുന്നു–വ്യവഹാരമികവുണ്ടായിരുന്നു– ഭരണശേഷി ഉണ്ടായിരുന്നു – ഭാഷാ സ്വധീനം ഉണ്ടായിരുന്നു. ഒദ്യോഗികസ്ഥാനവും (പട്ടേലർ/ഗ്രാമാധികാരി) ഉണ്ടായിരുന്നു. കുടുംബസ്നേഹത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും പ്രതീകം കൂടിയായിരുന്നു കൂട്ടിമൂസ പട്ടേലർ. അധികാരിയായിരുന്നെങ്കിലും നാട്ടുകാരോട് ദ്രോഹം കാട്ടാതെ, സൗഹാർദ്ദത്തിന്റെ വഴിയിലൂടെയാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത് എന്ന് ഇതിൽ എഴുതിക്കാട്ടിയിട്ടുണ്ട്. മാതൃകാപുരുഷസങ്കല്പത്തെ അനുശീലനം ചെയ്തുകൊണ്ടുണ്ടാക്കിയ അധികാരസങ്കല്പമാണിത്. കുടുംത്തിലെ അംഗങ്ങൾക്ക് മാതൃകയായി സ്വീകരിക്കാവുന്ന ഒരാളായി കുടുബത്തിന്റ ആദിപുരുഷനെ അവതരിപ്പിക്കുക എന്നതാണ് ഈ ആഖ്യാനക്രമം. അദ്ദേഹത്തിന്റെ ജീവിതം ഒരു മാനദണ്ഡമായെടുക്കണമെന്ന ധ്വനി ഈ ചരിത്രവ്യവഹാരങ്ങളിൽ വന്നിട്ടുണ്ട്. തുടർന്ന് കുടുംബത്തിലെ മറ്റു സ്ത്രീ-പുരുഷന്മാരെ അവരുടെ പേരുകളിലൂടെ പരിചയപ്പെടുത്തുന്നു. ഈ പുസ്തകത്തിലെ പൊതുരീതി ഇതാണ്.

ഇതിന്റെ എടുത്തുപറയേണ്ട സവിശേഷത, ചരിത്രാന്വേഷണം കുടുംബത്തിലും അതിലെ അംഗങ്ങളിലും പരിമിതപ്പെടുന്നില്ല എന്നതാണ്. ഗ്രാമത്തിന്റെ പഴയകാല ജീവിതം – രണ്ടു നൂറ്റാണ്ടുമുമ്പുള്ള ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും ക്രമങ്ങൾ – ഈ കൃതിയിൽ നാട്ടുസാക്ഷ്യങ്ങളോടെയും ഔദ്യോഗിക രേഖാസൂചനകളോടെയും വന്നിട്ടുണ്ട്. മനുഷ്യർ പാർക്കുന്ന ഏത് ഇടവും ചരിത്രത്തിന്റെ ഇടമാണ് എന്നും വലിയ സംഭവങ്ങളുടെ തുടർക്കണിയല്ല ചരിത്രം എന്നുമുള്ള പുതിയ ബോധം ഏതെങ്കിലുമളവിൽ ഈ കൃതിയിൽ വെളിച്ചമായി നില്ക്കുന്നുണ്ട്. ഇത് ശരിയായ ഒരു നിലപാടാണ്. തൊഴിൽ ചരിത്രം, സാമ്പത്തിക ചരിത്രം, ഭൂമിശാസ്ത്രം, സംഘടനാചരിത്രം, എന്നിവയുടെ ഔചിത്യത്തോടെയുള്ള വിന്യാസംകൊണ്ടാണ് ഈ നേട്ടമുണ്ടാകാൻ കഴിഞ്ഞിട്ടുള്ളത്. ഭാഗപത്രങ്ങളുടെ പഠനത്തിലൂടയുള്ള അന്വേഷണംവഴി ലഭ്യമായ കുടുംബാംഗങ്ങളുടെ പേരുകൾ ക്രമത്തിൽ രേഖപ്പെടുത്തുന്നതിലൂടെ സ്വയം വികസിക്കുന്ന വംശാവലിയാണ് തുടർന്നു വരുന്നത്. ഇന്നത്തെ കുട്ടികളിൽ അത് ചെന്നെത്തുന്നു. കുടുംബം അവസാനിക്കുന്നില്ല, പുതിയ ആളുകളിലൂടെ അത് തുടരുന്നു എന്ന ആഹ്ലാദത്തിൽ ഈ അന്വേഷണം എത്തിച്ചേരുകയാണ്. ഏത് നല്ല ചരിത്രകൃതിയേയും പോലെ തുടർച്ചയുടെ

പുസ്തകമാണ് ഇവിടെയും ഉണ്ടായിട്ടുള്ളത്. അനുബന്ധമായി ചില വ്യക്തികളുടെ സ്വന്തം ഓർമ്മകളും, മറ്റുചില വ്യക്തികളെ കേന്ദ്രമാക്കിയുള്ള ഓർമ്മകളും നൽകിയിരിക്കുന്നു. പടന്ന ഗ്രാമത്തിലെ ആദ്യത്തെ ഹജ്ജുമ്മയെക്കുറിച്ചുള്ള കുറിപ്പാണ് ഈ കൂട്ടത്തിൽ ഏറ്റവും വില പിടിപ്പുള്ള ആഖ്യാനം എന്ന് തോന്നുന്നു.

വടക്കേ വടക്കൻ കേരളത്തിലെ ഒരു ഗ്രാമത്തിന്റെയും സമീപ ഗ്രാമങ്ങളുടെയും രണ്ടു നൂറ്റാണ്ടുകാലത്തെ ജീവിതകഥാരൂപീകരണത്തിൽ നന്നേ സഹായകമായിത്തീരുന്ന നിരവധി വസ്തുതകളും സൂചനകളും ഈ പുസ്തകത്തിൽ ഉണ്ട്. ഈ പ്രദേശത്തെ ആളുകൾക്ക് സ്വയം തിരിച്ചറിയാനുള്ള ചരിത്രനിഷ്ഠമായ പ്രേരണ നൽകാനുള്ള കരുത്തും (വൈജ്ഞാനികമായി) ഈ പുസ്തകത്തിനകത്തുണ്ട്. അങ്ങനെ ഒരു കുടുംബചരിത്രം അതിന്റെ പ്രാഥമികധർമ്മം അസ്സലായി നിറവേറ്റുമ്പോൾത്തന്നെ, പ്രാദേശികചരിത്ര രചനയ്ക്കുള്ള ആധാരസാമഗ്രികളിലൊന്നായി താനേ മാറുകയും ചെയ്യുന്നു.

വ്യക്തികളുടെ പട്ടിക കാലാനുരോധമായി തയ്യാറാക്കുമ്പോൾ വിദ്യാഭ്യാസം തൊഴിൽ എന്നീ കാര്യങ്ങൾ ഓരോ പേരിന്റെയും കൂടെ നൽകാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ പുസ്തകത്തിന്റെ മൂല്യം ഏറുമായിരുന്നു. എളുപ്പമല്ല, ആ അന്വേഷണം. എങ്കിലും ഒരു കൂട്ടായ്മക്ക് കുറേയെങ്കിലും തിരഞ്ഞ് കണ്ടുപിടിക്കാൻ പറ്റും. ഇനിയും ഏറ്റെടുക്കാവുന്നതാണ് ഈ പ്രവർത്തനം.

ഈ പുസ്തകത്തിൽ കുടുംബത്തെ സ്തുതിക്കുന്നില്ല- തങ്ങളുടേതാണ് മതൃകാകുടുംബം എന്ന് സ്ഥാപിക്കാൻ ഒരുമ്പെടുന്നില്ല. മറിച്ച് കുടുംബത്തിന്റെ പരിണാമഗതി വംശാവലി നിർമ്മിച്ചുകൊണ്ട് വ്യക്തമാക്കാനാണ് ശ്രദ്ധിച്ചിരിക്കുന്നത്. അങ്ങനെ ആരെയും മറവിയുടെ മഞ്ഞിൽ വിടാതെ, കുടുംബത്തിന്റെ ഓർമ്മയിലേക്കും, (പുസ്തകരൂപം വഴി) നാടിന്റെ ഓർമ്മയിലേക്കും എല്ലാവരേയും ആനയിക്കുന്ന പതക്രമമാണ് നിറവേറിയിരിക്കുന്നത്. സ്വീകര്യമായ സമീപനമാണത്.

ഒരു കുടുംബത്തിന് ഒരു ചരിത്രമുണ്ടാവുന്നു - അത് കുടുംബാംഗങ്ങൾക്കിടയിൽ പുതിയ ഉണർവ്വുണ്ടാക്കുന്നു. ഈ സംഭവം മറ്റു കുടുംബക്കാരെയും ചരിത്രമെഴുത്തിലേക്ക് നയിച്ചേക്കാം. ‘തറവാടിത്ത ഘോഷണ’മായിട്ടല്ലാതെ, ശാസ്ത്രീയതയോടെ കുടുംബ ചരിത്രങ്ങൾ ഉണ്ടായാൽ അത് പ്രാദേശിക ചരിത്ര രചനയ്ക്ക് തന്നെ വലിയ സഹായവും പ്രേരണയുമായിത്തീരും.

പുതിയകാലം മറവിയുടെതാണ് എന്ന് പറയാറുണ്ട്. ഒറ്റയൊറ്റ വർത്തമാന നിമിഷങ്ങളുടെ നൈരന്തര്യം എന്ന തരത്തിൽ ചരിത്രം മാറുകയാണ്. ആർക്കുവേണം പോയ കാലത്തിന്റെ കഥയും കാര്യവും എന്ന ചോദ്യം പലരും ചോദിക്കാറുണ്ട്. ഇത് ഉപഭോഗസംസ്കൃതിയുടെ ഒരു നിലപാടാണ്. ‘ഞാൻ ഒറ്റക്കല്ല’ എന്ന ബോധമാണ് മാനവികതയുടെ അടിസ്ഥാനം. ആ തിരിച്ചറിവിലേക്ക് നയിക്കുന്നതാണ് ഏത് ചരിത്രാഖ്യാനവും. ഈ കാര്യം കൂടി ഓർത്തു

കൊണ്ട്, എന്റെ അയൽഗ്രാമത്തിന്റെ ജീവിതകഥ അടങ്ങിയ ഈ കൃതി സന്തോഷത്തോടെ വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കുന്നു. ഉത്സാഹിയായ ചരിത്രകാരൻ പി.സി. അഷറഫിന് അഭിനന്ദനങ്ങൾ.

2016 മെയ് 5

**ഇ. പി. രാജഗോപാലൻ**

## അദ്ധ്യായം ഒന്ന്

# പാതിക്കാർ തറവാടിന്റെ ഉത്ഭവവും വളർച്ചയും

### ആമുഖം

പതിനാലാം നൂറ്റാണ്ടിന്റെ പൂർവ്വാർധത്തിൽ കേരളം സന്ദർശിച്ച പ്രസിദ്ധ ലോക സഞ്ചാരിയാണ് അബു അബ്ദില്ല മുഹമ്മദ് ഇബ്നു അബ്ദില്ല എന്ന ഇബ്നുബത്തുത്ത. ഇരുപത്തിനാലു വർഷമാണ് അദ്ദേഹം ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ചത്. അദ്ദേഹത്തിന്റെ സഞ്ചാരപഥത്തിൽ കോൺസ്റ്റാന്റിനേപ്പിൾ. ടുനീസിയ, അലക്സാണ്ട്റിയ, ട്രിപ്പോളീസ് ,ഈജിപ്ത്, പാലസ്തീൻ സിറിയ , അലപ്പോ, ഡമാസ്ക്കസ്, മെക്ക, ഇറാഖ്, മോസൽ, സഞ്ചാർ,യമൻ,സോമാലാന്റ്, ഒമാൻ, ബഹറൈൻ, ലടാക്യ, ഏഷ്യാ മൈനർ, ഇന്ത്യ, മാലദ്വീപ്, ശ്രീലങ്ക, ഈസ്റ്റിൻഡീസ് , ചൈന എന്നീ രാജ്യങ്ങൾ പെടുന്നു. ഈ സഞ്ചാരത്തിന്റെ വിവരണങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. 'രിഫാലത്ത്' അഥവാ 'തുഹ്ഫത്തുന്നുള്ളാർ ഫിഗറായിബിൽ അംസാർവ അജായിബിൽ അസ്ഫാർ' എന്നതറിയപ്പെടുന്നു.

അദ്ദേഹം ഇന്ത്യയിൽ ദില്ലിയിലേക്കാണ് ആദ്യം വന്നത്. 1334 മാർച്ച് 20ന്. അവിടെ അന്ന് മുഹമ്മദ് ഇബ്നു തുഗ്ലക്കായിരുന്നു ചക്രവർത്തി. ആ കിറുക്കൻ ഭരണത്തിന്റെ ദൃക്സാക്ഷിയായിരുന്നു ബത്തുത്ത. തുഗ്ലക്കിന്നു ഇബ്നുബത്തുത്തയെ വലിയ ബഹുമാനമായിരുന്നു. എട്ടുവർഷവും നാല് മാസവും സുൽത്താന്റെ സ്നേഹബഹുമാനങ്ങൾ ഏറ്റുവാങ്ങി ഉത്തരവാദപ്പെട്ട ഉദ്യോഗങ്ങൾ വഹിച്ച് ഇബ്നുബത്തുത്ത ദില്ലിയിൽ തന്നെ കഴിഞ്ഞുകൂടി. പക്ഷെ ഈ സുഖവാസം അങ്ങനെതന്നെ നീണ്ടു പോയില്ല. യാത്രാപ്രിയനായ ബത്തുത്തയുടെ യാത്രാജീവിതത്തിലെ നീണ്ട ഇടവേളയായിരുന്നു ഇത്. തുഗ്ലക്ക് ചൈനയിലേക്ക് പോകാമോ എന്നു ചോദിച്ചപ്പോൾ ബത്തുത്ത ഉടൻ സമ്മതിച്ചു. ചൈനയിലെ രാജാവ് ധാരാളം സമ്മാനങ്ങളുമായി ഒരു ദൂതനെ അയച്ചിട്ടുണ്ടായിരുന്നു.

അതിന്നു പകരമായി സമ്മാനങ്ങളും, ഒരു നയതന്ത്ര പ്രശ്നം ചർച്ച ചെയ്യാ നുമാണ് തുഗ്ലക്ക് ബത്തുത്തയെ ചൈനയിലേക്ക് അയച്ചത്. എന്നാൽ അതൊരു ദുരിതയാത്രയായിരുന്നു. പലപ്പോഴും കൊള്ളക്കാരുടെ പിടിയിൽപ്പെട്ട് ജീവൻപോലും അപകടത്തിലായി. കൈയ്യിലുള്ള തെല്ലാം നഷ്ടപ്പെട്ടു. എന്തിനേറെ കൂടെയുണ്ടായിരുന്ന ഭാര്യമാരും പെൺകുട്ടികളും വരെ ബത്തുത്തയ്ക്ക് നഷ്ടമായി.

കറങ്ങിത്തിരിഞ്ഞ് മലബാറിലാണ് അദ്ദേഹം എത്തിപ്പെടുന്നത്. അന്നത്തെ മലബാറിനെ 'മുലൈബാർ' എന്നാണ് ബത്തുത്ത വിശേഷിപ്പിക്കുന്നത്. സന്താപൂർ (ഗോവ) മുതൽ കോലം (കൊല്ലം) വരെയുള്ള പ്രദേശമാണ് അന്ന് മലബാർ എന്നറിയപ്പെടുന്നത്. അദ്ദേഹം ആദ്യം ഗോവയിലേക്ക് വന്നു. പിന്നെ ദക്ഷിണ കനറ. അവിടെ നിന്ന് മംഗലാപുരം. മംഗലാപുരത്തുനിന്ന് ഏഴിമലയിലേക്ക്. ഏഴിമലയിലേക്കുള്ള വഴിയിൽ കവ്വായി കായലിലൂടെ പടന്നയുടെ ഓരം ചേർന്നാണ് അദ്ദേഹം കടന്നുപോകുന്നത്. അന്നദ്ദേഹം ഒരിയര അഴിമുഖം കണ്ടിട്ടുണ്ടാവില്ല. പിൽകാലത്താണ് അഴിമുഖം രൂപപ്പെടുന്നത്.

വെളുത്ത പൂഴിമണൽ കൂമ്പാരങ്ങളുള്ള തിട്ടകളും റൈസോഫോറയും, ബ്രുഗേരിയയും, അവിസിനിയയും പോലുള്ള കണ്ടൽ സസ്യങ്ങൾ തിങ്ങിനിറഞ്ഞിരുന്ന കൈപാടുകളും, ഉരിപ്പ്, നയുരുപ്പ്, വെള്ള പയിൻ, അടക്കാപയിൻ തുടങ്ങിയ മരങ്ങളും വിവിധയിനം കണ്ടലുകളും ചൂഴുന്ന തെക്കേക്കാട് ,വടക്കേക്കാട്, മാടക്കാൽ, ഇടയിലക്കാട് തുടങ്ങിയ തുരുത്തുകളും ചേർന്നതാ യിരുന്നു പടന്ന. അതിനെ ചൂഴ്ന്ന് ഒഴുകുന്ന പുഴയിലാകട്ടെ ചീങ്കണ്ണികൾ സമൃദ്ധമായിരുന്നു. ഒരു നൂറ്റാണ്ട് മുമ്പെഴുതപ്പെട്ട മലബാർ കലക്ടറായിരുന്ന വില്യം ലോഗന്റെ 'മലബാർ മാന്വൽ' എന്ന പുസ്തകത്തിൽ ഈ പ്രദേശത്ത് മണൽ തിണ്ടുകളിൽ വെയിൽ കാഞ്ഞുകിടക്കുന്ന മുതലകളെക്കുറിച്ച് ഇങ്ങനെ എഴുതുന്നുണ്ട്: "പതിനഞ്ചടി നീളംവരുന്ന ഒരു ചീങ്കണ്ണിയെ ഏറ്റവും കരുത്തുള്ള ഒരു നാടൻ എരുമയ്ക്ക് പോലും ഏറ്റുനിൽക്കാനാവില്ല. ഈർച്ചവാൾ പോലെ കൂർത്തു മൂർത്ത, കത്തിരിപ്പൂട്ടുപോലെ കോർത്തിണക്കാൻ കഴിയുന്ന അതിന്റെ താടിയെല്ലുകൾ അനാവരണംചെയ്യുന്ന പല്ലുകൾക്കിടയിൽ പെടുന്നത് മനുഷ്യനായാലും മൃഗമായാലും പോക്കുതന്നെ. എന്നാൽ ഈ ഭാഗത്ത് ഒറ്റ മനുഷ്യ ജീവിയെ പോലും ബത്തുത്ത കണ്ടിട്ടുണ്ടാവില്ല. കാരണം പിന്നെയും ഒരു നൂറ്റാണ്ട് കഴിഞ്ഞാണ് ഈ ദേശത്ത് ജനജീവിതം തുടങ്ങുന്നത്.

പടന്നദേശം അറുനൂറുവർഷം മുമ്പ് പൂഴിമണ്ണിന്റെ കുന്നുകളും കുഴികളും നിറഞ്ഞതായിരുന്നു. പടിഞ്ഞാറ് ഇട്ട, കിഴക്ക്മെട്ട, മധ്യത്തിൽ തൊട്ടി എന്നിങ്ങനെയായിരുന്നു ആ ഭൂപ്രകൃതി. പടിഞ്ഞാറുഭാഗത്തെ ഇട്ടക്കു തെക്കുഭാഗം ഉപ്പ് കൈപാടങ്ങളാ യിരുന്നു. കണ്ടൽകാടുകളാൽ സമൃദ്ധമായിരുന്നു ഇവിടം. ഉപ്പട്ടി (അവിസീനിയ ഒഫിഷനാലിസ്) ആയിരുന്നു ഈ മേഖലയിലെ

കണ്ടൽ മരങ്ങളിൽ പ്രധാനം. കായൽജലത്തിൽ നിന്നും വലിച്ചെടുക്കുന്ന ഉപ്പിനെ ഇലകളിലൂടെ പുറന്തള്ളുന്ന ഈ മരത്തിന്റെ തടിക്ക് ഉറപ്പും ഇന്ധനക്ഷമതയും വളരെ കൂടുതലാണ്. ഇരുമ്പുതാലകളിൽ ഇരുമ്പയിര് ശുദ്ധീകരിക്കാൻ ഇന്ധനമായി ഉപയോഗിച്ചിരുന്നത് ഉപ്പട്ടിയായിരുന്നത്രേ. കണ്ണാമ്പൊട്ടി (എക്സക്കേറിയ അഗലോച്ച) പൂക്കണ്ടൽ (എജിസെറസ്കോർ ണിക്കുലേറ്റ) റൈസോഫോറ, ബ്രുഗേറിയ തുടങ്ങിയ കണ്ടൽമരങ്ങൾ ഈ പ്രദേശത്തുണ്ടായിരുന്നു. കൂടാതെ ഒതളം, പുഴമുല്ല, പയിങ്ങാച്ചുള്ളി തുടങ്ങിയ കണ്ടൽ ചെടികളുമുണ്ടായിരുന്നു. മച്ചിത്തോൽ (അക്രോസ്റ്റാക്കിയം) ഇവിടെ ഇപ്പോഴും കാണപ്പെടുന്നുണ്ട്. ഒരുകാലത്ത് സമൃദ്ധമായ കണ്ടൽവനങ്ങൾ ഉണ്ടായിരുന്നതിന്റെ സൂചനയാണ് ഈ പന്നൽ ചെടിയുടെ സാന്നിദ്ധ്യം. മച്ചിൽതോൽ ആണ് മച്ചിത്തോലായത്. വീടുകൾക്ക് മച്ച് നിർമ്മിക്കുമ്പോൾ പലകയ്ക്ക് മുകളിൽ ഈ ചെടിയുടെ ഇല വിരിക്കാറുണ്ട്. നിലം തല്ലിയുറപ്പിക്കുമ്പോൾ ഒരു ഷോക്ക് അബ്സോർബറായി ഇത് പ്രയോജനപ്പെടുന്നു. ഇത് ചിതലിനെ അകറ്റുകയും ചെയ്യുന്നു.

ആദ്യകാലത്ത് ഇവിടെ കുടിയേറിയിരുന്നവർ ഉപ്പ് ശേഖരിച്ച് വ്യവഹാരം നടത്തിയിരുന്നു. ഒരു നൂറ്റാണ്ടു മുമ്പുവരെയും ഗാർഹികാവശ്യങ്ങൾക്കായുള്ള ഉപ്പ് സ്വന്തമായി കുറുക്കുകയായിരുന്നു പതിവ്. കയപാട് നിലങ്ങളിലെ ഉപ്പടരുകൾ മണ്ണോടുകൂടി ചുരണ്ടിയെടുത്ത് വെള്ളത്തിലലിയിച്ച് കുറുക്കിയെടുക്കുന്ന നാടൻ സാങ്കേതിക വിദ്യയിൽപോലും ജൈവബന്ധമുള്ള ചില നാട്ടറിവുകൾ ഉപയോഗപ്പെടുത്തിയിരുന്നു. ഉപ്പലിയിച്ച വെള്ളത്തെ തെളിയിച്ചെടുക്കാനും കരടുകൾ നീക്കംചെയ്യാനും 'ഉപ്പുതെളി' എന്ന താളിച്ചെടി ഉപയോഗിച്ചുവന്നിരുന്നു.

പടന്നയ്ക്ക് ആ പേരുവന്നതും ഉപ്പുകണ്ടങ്ങളിൽ നിന്നാണ്. ദ്രാവിഡ നിരുക്ത പ്രകാരം പടന്ന എന്ന പദത്തിന് ഉപ്പുകുറുക്കുന്ന സ്ഥലം എന്നാണർത്ഥം. പരന്ന മണൽ പ്രദേശമായതുകൊണ്ട് പടന്ന എന്ന പേർ വന്നുവെന്ന മറ്റൊരു വാദവുമുണ്ട്. പടിഞ്ഞാറൊഴുകുന്ന പുഴയുടെയും പരന്ന മണൽത്തിട്ടയുടെയും ഇടയിൽ ഉപ്പുപാടങ്ങൾ ഉണ്ടായിരുന്നു. ഉപ്പുപാടം എന്ന അർത്ഥത്തിൽ പെടേന എന്ന് കർണ്ണാടകത്തിൽ പറഞ്ഞുവരികയും കാലക്രമേണ അത് പടന്ന ആയിത്തീരുകയും ചെയ്തു എന്നതാണ് സ്വീകാര്യമായ വാദം.

## തറവാടുകളുടെ ഉത്ഭവം

ഏതാണ്ട് ആറുനൂറ്റാണ്ടു മുമ്പ് പടന്നയിലുണ്ടായിരുന്ന തറവാടാണ് ഉദിനൂർതറവാട്. (ആ തറവാട് മുപ്പത്തിരണ്ടോളം അവാന്തര തറവാടുകളുടെ ബൃഹദ് കൂട്ടായ്മയാണിന്ന്.) പടന്നയിൽ ആദ്യമായി ഒരു പള്ളി പണിയുമ്പോൾ നാല് തറവാട്ടുകാരാണ് അതിന് ചുറ്റും ഉണ്ടായിരുന്നത്. അവർ ഇവരാണ്:

1) ഉദിനൂർതറവാട്- ഉമ്മീമ്മാടെ
2) തെക്കേ കോളയം- കുഞ്ഞുമ്മാടെ
3) മാടാപ്പുറം-പഴയ ബസാറിലെ പഴയ പുര
4) അച്ചുമ്മാടം-പഴയ ബസാറിലെ പുര

ഒരു പ്രാവശ്യത്തെ കാലവർഷത്തിൽ പടിഞ്ഞാറെ പുഴയിൽ വൻ വെള്ളപ്പൊക്കം ഉണ്ടാവുകയും വെള്ളത്തിൽ കൂടി ഒരു വൻമരം ഒഴുകിവന്ന് ഇന്ന് ജുമാഅത്ത് പള്ളിസ്ഥിതി ചെയ്യുന്നതിന്റെ പടിഞ്ഞാറു ഭാഗത്തായി അടുത്തു. അന്ന് പടന്നയിൽ താമസിച്ചു വന്നിരുന്ന മേൽപറഞ്ഞ നാല് തറവാട്ടിൽ താമസിച്ചുവന്നിരുന്ന അംഗങ്ങൾ മരം കരയ്ക്ക് വലിച്ചുകയറ്റി മരം എന്തുചെയ്യണമെന്ന ആലോചനയിൽ മരം കരയ്ക്ക് വലിച്ചുകയറ്റിയ ഇടത്ത് ഒരു പള്ളി പണിയാൻ തീരുമാനിച്ചുവത്രെ. ഇന്നത്തെ ജുമാഅത്ത് പള്ളി നിൽക്കുന്ന സ്ഥലത്ത് അങ്ങനെ അവർ ആ മരം ഉപയോഗിച്ച് ഒരു കൊച്ചുപള്ളി പണിതു. പടന്നയിൽ ഒരു പള്ളി പണിതതോടുകൂടി കൂടുതൽ മുസ്ലീം കുടുബങ്ങൾ, കോട്ടിക്കുളം, പള്ളിക്കര, അതിഞ്ഞാൽ, വെള്ളൂർ, പഴയങ്ങാടി, തൃക്കരിപ്പൂർ എന്നീ സ്ഥലങ്ങളിൽ നിന്ന് പടന്നയിൽ വന്നു താമസിക്കാൻ തുടങ്ങി. ആ കാലത്ത് പടന്നയിലെ സ്ഥലങ്ങൾ മൂന്ന് ജന്മികുടുബങ്ങളുടെ കൈവശമായിരുന്നു. പാലാട്ട് , താഴേക്കാട്ടുമന, ഏച്ചിക്കാനം എന്നിവരായിരുന്നു ആ ജന്മിമാർ. മേൽപറഞ്ഞ ജന്മിമാരുടെ കൃഷി സ്ഥലമായിരുന്നു കിഴക്കുഭാഗത്തെ മെട്ടക്കുതാഴെയുള്ള നെൽപാട ങ്ങൾ. തെക്കുഭാഗം പേക്കടവ് മണിയനൊടി മുതൽ വടക്കുഭാഗം കാടങ്കോട് കുഴിഞ്ഞൊടിവരേക്കും പരന്നുകിടക്കുന്ന പാടങ്ങളാ യിരുന്നു. ഇവിടം പലപ്പോഴും മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് നെൽകൃഷി മുഴുവനും വെള്ളത്തിൽ മുങ്ങി നശിക്കാറുണ്ടായിരുന്നു. ഈ ജന്മിമാർ ഇതിനൊരു പോംവഴിയായി കുഴിഞ്ഞൊടി മുതൽ തെക്കേപ്പുറം അണക്കെട്ടുവരെക്കും ചാലുകീറി അഴീക്കാലെ കൂടി വെള്ളം പടിഞ്ഞാറെ പുഴയിലേക്ക് ഒഴുക്കി. ഈ ചാലിനെയാണ് പനക്കാപുഴയെന്നും കിഴക്കേചാലെന്നും ഏർപ്പുഴയെന്നും, വാലൻപുഴയെന്നും പിൽകാലത്ത് വിളിച്ചുവന്നത്. സ്ഥലങ്ങൾ ഏതാണ്ട് മുഴുവനായി തന്നെ ജന്മിമാരുടെ കൈവശമായിരുന്നതു കൊണ്ട് പടന്നയിലെ ആദ്യകാലത്തെ നാല് തറവാട്ടുകാരും പിൽകാലത്ത് പടന്നയിലേക്ക് കുടിയേറിവരും ജുമാഅത്ത് പള്ളിക്ക് ചുറ്റും കൊച്ചുകൊച്ചു വീടുകൾ കെട്ടിയായിരുന്നു താമസിച്ചിരുന്നത്. അതാണ് ഇന്നത്തെ പഴയ ബസാറും താഴലെ ബസാറും. ആദ്യ കാലത്തെ നാല് തറവാട്ടുകാർ കൂടാതെ നാല് തറവാട്ടുകാർ കൂടി പടന്നയിലേക്ക് വന്നു. നേരത്തെ ഇവിടെ സ്ഥിരതാമസമുണ്ടായിരുന്ന തറവാട്ടുകാർ അവരെ കച്ചവടക്കാർ എന്നാണ് വിളിച്ചിരുന്നത്. ആ തറവാട്ടുകാർ ഇവരാണ്:

1. പെരിങ്ങളം – പഴയ ബസാറിലെ ആദ്യകാലത്തെ വീട് ഇപ്പോഴില്ല.

2. മിയ്യാനം- നടുവിലെ പള്ളിക്ക് മുൻവശം
3. നായ്ക്കർ ഇല്ലം- താഴലെ ബസാറിലെ ബീക്കുട്ടിമ്മാടെ
4. മൂലക്കാടെ- മുമ്പുണ്ടായിരുന്ന സ്ഥലത്ത് ഇപ്പോഴില്ല.

കച്ചവടക്കാർ എന്ന മുദ്രയാലാണ് പിന്നീട് വന്ന നാല് തറവാട്ടുകാർ അറിയപ്പെടുന്നത്. ജനങ്ങൾ വർദ്ധിച്ചപ്പോൾ നിസ്ക്കാരപള്ളി ജുമാഅത്ത് പള്ളിയാവുകയും ദർസ് തുടങ്ങുകയും ചെയ്തു. ജുമുഅ നിസ്ക്കാരം ആരംഭിച്ചതു മുതൽ തന്നെ പള്ളിയിൽ ഭാഗികമായി ദർസും ഉണ്ടായിരുന്നു. ആ കാലങ്ങളിൽ ജുമുഅ നിസ്ക്കരിക്കാൻ വേണ്ടി കോട്ടപ്പുറം, തുരുത്തി, കാടങ്കോട്, പെരുമ്പട്ട, കാക്കടവ്, തൃക്കരിപ്പൂർ എന്നീ സ്ഥലങ്ങളിൽ നിന്ന് ആളുകൾ പടന്നയിലേക്ക് വന്നിരുന്നു. പിൽകാലത്ത് ആ സ്ഥലങ്ങളിൽ മുസ്ലീം ജനസംഖ്യ വർദ്ധിച്ചപ്പോൾ അതാതിടങ്ങളിൽ ജുമാഅത്ത് പള്ളികൾ സ്ഥാപിക്കപ്പെട്ടു. പടന്നയിൽ ജനങ്ങൾ വർദ്ധിക്കുന്തോറും നിസ്ക്കാര പള്ളികൾ എടുക്കാൻ തുടങ്ങി. ആദ്യം ഉദിനൂർ തറവാട്ടുകാർ മുഹ്യുദ്ധിൻ പള്ളി എടുക്കുകയും ഉദിനൂരുകാരുതന്നെ നടുവിലെ പള്ളി എടുക്കുകയും ചെയ്തു. തെക്കേപ്പുറം പുതിയ പള്ളി തെക്കേ കോളയക്കാരാണെടുത്തത്. കാവുന്തല പള്ളി വടക്കേപ്പുറം ഉദിനൂർ വളപ്പിൽ അബ്ദുള്ള മുസ്ല്യാരും, പൊയ്യക്കടവത്ത് പള്ളി പൊയ്യക്കട വുകാരും പണിയിപ്പിച്ചു. വടക്കേപ്പുറം പുതിയ പള്ളി അഞ്ചില്ലത്ത് കാക്കച്ചിമ്മാടെ മുഹമ്മദ് എന്നയാൾ എടുപ്പിച്ചതാണ്.

## ഭൂമിയുടെ അവകാശികൾ

പടന്നയിൽ ജനങ്ങൾ വർദ്ധിച്ചപ്പോൾ തെക്കേകാട്, വടക്കേകാട്, കടപ്പുറം എന്നീ സ്ഥലങ്ങളിലെ കാടുകൾ വെട്ടിത്തെ ളിയിച്ച് കൃഷിചെയ്യാനും തൈപറമ്പുകളാക്കാനും ഏതാനും ചിലർ വീടുകെട്ടി താമസിക്കാനും തുടങ്ങി. ഏതാനും ചില മുസ്ലീം കുടുംബങ്ങൾ നമ്പൂതിരിമാരുടെയും നായന്മാരുടെയും സ്വത്തുക്കൾ പാട്ടത്തിനും വാരത്തിനും കുഴിക്കാണത്തിനുമെടുത്ത് കൃഷി നടത്തിയിരുന്നു. രാജ്യം ബ്രിട്ടീഷുകാരുടെ അധീനതയിലായപ്പോൾ ഭൂമിക്കുമേലെ ഭീമമായ നികുതി ചാർത്തുകയും നികുതി അടയ്ക്കുന്നവർക്കുമാത്രം ഭൂമി ചാർത്തികൊടുക്കുകയും ചെയ്തു. പടന്നയിലെ ഭൂരിഭാഗം ജനങ്ങൾക്ക് നികുതി അടച്ച് ഭൂമി നിലനിർ ത്താൻ കഴിയുമായിരുന്നില്ല. അങ്ങനെയാണ് പഴയ ബസാറിലെയും താഴലെ ബസാറിലെയും വീടുകൾ നിൽക്കുന്ന സ്ഥലം അഞ്ചു സെന്റു മുതൽ പതിനഞ്ച് സെന്റ് വരെ മാത്രമായത്. നമ്പൂതിരിമാരും നായന്മാരും തങ്ങളുടെ കൈവശമുള്ള ഭൂമിക്ക് നികുതി കൊടു ക്കുകയും ബാക്കിയുള്ള ഭൂമി ഉടുമ്പുന്തലക്കാർ, കേയിമാർ, നീലേശ്വരം സാഹിബുമാർ, ഉദിനൂർ തറവാട്ടുകാർ, കോളയക്കാർ, തൈലക്ക ണ്ടിക്കാർ, എടക്കായിക്കാർ, ബേളാവേടക്കാർ എന്നിവർ നികുതി വെച്ച് അവരവരുടെ തറവാടിന്റെ പേരിൽ സ്വന്തമാക്കി.

## ഉദിനൂർ തറവാട്ടിലെ അവാന്തര തറവാടുകൾ

**ഉദിനൂർ കല്ലുകെട്ടിയ പുരയിൽ (K.P)**

↓

1. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ പാതിക്കാർ (P.C)
2. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ പാണ്ട്യാലക്കടവത്ത് (P.K.C)
3. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ (K.P)

**ഉദിനൂർ താഴലെ പുരയിൽ (T.P)**

↓

4. ഉദിനൂർ താഴലെ പുരയിൽ (T.P)
5. ഉദിനൂർ താഴലെ മാളികയിൽ (T.M.C)
6. ഉദിനൂർ സൗമ്മാടെ (V.K)
7. ഉദിനൂർ കുദുറുമ്മൽ (K)
8. ഉദിനൂർ സീയുമ്മാടെ (T.P)

9. ഉദിനൂർ മീത്തലെ പുരയിൽ (U.M)

↓

10. ഉദിനൂർ പക്രിച്ചുമ്മാടെ (U.P)

11. ഉദിനൂർ വലിയകത്ത് (V, UV, VA)

12. ഉദിനൂർ ചടച്ചീമ്മാടെ (C.H)
13. ഉദിനൂർ ബളപ്പിൽ (B.C.) } മൈമുത്തറവാട്ടുകാർ
14. ഉദിനൂർ ഏരമ്പ്രം (A.R)

15. ഉദിനൂർ പാത്തീമ്മാടെ (P.P)
16. ഉദിനൂർ പാണ്ട്യാലയിൽ (P.P) } ഒരേ ശാഖയുടെ ഉപശാഖകൾ

17. ഉദിനൂർ കമ്മാടത്തുമ്മാടെ (U.K)

↓

18. വടക്കേപ്പുറം കമ്മാടത്തുമ്മാടെ ഉദിനൂർ (V.K.U)

19. ഉദിനൂർ കാവുന്തല
20. ഉദിനൂർ മായിങ്കാട്ടിൽ (MV, MVC)
21. ഉദിനൂർ കാസിമ്മിക്കാടെ
22. ഉദിനൂർ ബിരിയത്തുമ്മാടെ (BC)

23. ഉദിനൂർ പരീച്ചുമ്മാടെ (P)

↓

24. ഉദിനൂർ പള്ളിച്ചുമ്മാടെ
25. ഉദിനൂർ വടക്കേപ്പുറം പരീച്ചുമ്മാടെ
26. ഉദിനൂർ കുഞ്ഞൂമ്മാടെ
27. ഉദിനൂർ കാരണവന്റാടെ
28. ഉദിനൂർ ഒളമാവിൻകീഴിൽ

(24–28: ഒരേ ശാഖയുടെ ഉപശാഖകൾ)

29. ഉദിനൂർ സുക്രുമ്മാടെ
30. ഉദിനൂർ കൊയങ്കരവീട്ടിൽ
31. ഉദിനൂർ അസങ്കാടെ (U A)

## പാതിക്കാർ തറവാടിന്റെ ഉത്ഭവം

ഉദിനൂർ മൂലകുടുബത്തിലെ ഒരു പ്രധാന ശാഖയായ ഉദിനൂർ കല്ലുകെട്ടിയ പുരയിൽ നിന്നാണ് പാതിക്കാർ കുടുംബം ഉത്ഭവം കൊള്ളുന്നത്. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ മൂന്ന് ശാഖകളായി പിരിഞ്ഞു:

1. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ പാതിക്കാർ (PC)
2. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ പാണ്ട്യാലക്കടവത്ത് (PKC)
3. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ (KP)

1815- ലാണ് പാതിക്കാർ കുടുംബം സ്ഥാപിതമാകുന്നത്. ആ കുടുബത്തിന്റെ സ്ഥാപകൻ പട്ടേലൻ കുട്ടിമൂസ സൗത്ത് കാനറ ഡിസ്ട്രിക്ട് കോടതിയിൽനിന്ന് തനിക്കലുകൂലമായി, ആ കാലത്ത് ശ്രദ്ധേയമായ അഭൂതപൂർവ്വമായ വിധി സമ്പാദിക്കുന്നതോടു കൂടി യാണ് പ്രസ്തുത കുടുംബം നിലവിൽ വരുന്നത്. അന്ന് നടപ്പിലു ണ്ടായിരുന്ന മരുമക്കത്തായ സമ്പ്രദായ നിയമത്തിന്റെ പഴുതുകളു പയോഗിച്ച് നടത്തിയ വാദപ്രതിവാദത്തിൽ ബ്രിട്ടീഷ് കോടതിയിൽ നിന്ന് പടന്ന, മാണിയാട്ട്, പുത്തിലോട്ട്, പുലിക്കോട്ട്, ചന്തേര, ചെറുപുത്തൂർ, ഉദിനൂർ, ഓരി എന്നീ എട്ടു ഗ്രാമങ്ങളിൽ പരന്നു കിടക്കുന്ന സ്വത്തു വകകളിൽമേൽ നേർ പകുതിക്കുള്ള അവകാശം നേടിയെടുത്തതുകൊണ്ടാണ് ഈ കുടുംബം പാതിക്കാർ എന്ന പേരിൽ അറിയപ്പെടുന്നത്. പഴയകാല രേഖകളിൽ (1902- ലെ രേഖയിലും 1916-ലെ രേഖയിലും) കുട്ടൂസ്സയുടെ പാതിക്കാർ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. കുട്ടിമൂസയുടെ വിളിപ്പേരായിരുന്നു കുട്ടൂസയെന്നത്. പതിനെട്ടാം നൂറ്റാണ്ടിൽ ഏതാണ്ട് അഞ്ഞൂറു രൂപയ്ക്കു മേലെ ബ്രിട്ടീഷ് സർക്കാരിലേക്ക് നികുതി കൊടുക്കുന്ന സ്വത്തുവകകളാണ് അവകാശപ്പെട്ടു കിട്ടിയത്. 1792-ൽ ശ്രീ രംഗപട്ടണം ഉടമ്പടിയോടുകൂടി മലബാർ പ്രദേശം ബ്രിട്ടീഷുകാർക്ക്

അധീനമായപ്പോൾ ഗ്രാമഭരണത്തിന് അവർ നാട്ടിലെ ജന്മിമാരെ നിയോഗിക്കുകയുണ്ടായി. അവർ പട്ടേലന്മാർ എന്ന സ്ഥാനപേരിലാണ് അറിയപ്പെടുന്നത്. പടന്ന ഗ്രാമത്തിന്റെ ഒന്നാമത്തെ പട്ടേലർ പട്ടേലൻ കുട്ടിമൂസയായിരുന്നു.

## മൂന്നു താവഴികളായി പിരിയുന്നു

പട്ടേലൻ കുട്ടിമൂസ, അദ്ദേഹത്തിന്റെ ഉമ്മ കുഞ്ഞിപ്പാത്തുമ്മ, പെങ്ങൾ ബീഫാത്തുമ്മ, പെങ്ങളുടെ മക്കൾ കുഞ്ഞിപ്പാത്തുമ്മ, റാഫിയ, കുഞ്ഞുമ്മ, പിന്നീട് അന്യം നിന്നു പോയ ഒന്നോ രണ്ടോ താവഴികൾ–ഇവരാണ് പാതിക്കാർ എന്ന പേരിൽ വേർപിരിയുമ്പോൾ അംഗങ്ങളായി ഉണ്ടായിരുന്നവർ. പിന്നീട് കുടുംബത്തിൽ അംഗസംഖ്യ വർദ്ധിച്ചപ്പോൾ പുതിയ കോട്ട സബ്ബ് രജിസ്റ്ററാഫീസിൽ 1902–ൽ 1–ാം ബുക്ക് 1543–ാം നമ്പറായി രജിസ്റ്റർ ചെയ്ത ഭാഗപത്രപ്രകാരം മൂന്നു താവഴികളായി വേർപിരിയുകണ്ടായി. ഭാഗം പിരിയുമ്പോൾ 34 അംഗങ്ങളായിരുന്നു തറവാട്ടിൽ ഉണ്ടായിരുന്നത്.

## അദ്ധ്യായം രണ്ട്

# ഒന്നാം താവഴി

ഒന്നാം താവഴി പട്ടേലൻ കുട്ടിമൂസയുടെ പെങ്ങൾ ബീഫാത്തിമയുടെ മൂത്തമകൾ കുഞ്ഞിപ്പാത്തുമ്മയും മക്കളും മക്കളുടെ മക്കളുമടങ്ങുന്നതായിരുന്നു. കുഞ്ഞിപ്പാത്തുമ്മ, അവരുടെ മക്കൾ:

1. അബ്ദുൾറഹ്മാൻ
2. ബീഫാത്തിമ

ബീഫാത്തിമയുടെ മക്കൾ :
1. റാഫിയ
2. അബ്ദുൾ ഖാദർ

റാഫിയയുടെ മക്കൾ:
1. കുഞ്ഞാമിന
2. മായൻ

കുഞ്ഞാമിനയുടെ മക്കൾ :
1. ബീഫാത്തിമ
2. ആസിയ
3. മറിയുമ്മ
4. സാറമ്മ
5. കുഞ്ഞീമ

എന്നിവരായിരുന്നു ഒന്നാം താവഴിയിലെ അംഗങ്ങൾ. ആകെ പത്തുപേർ. ഭാഗാധാരം ചെയ്യുന്ന കാലത്ത് കുഞ്ഞിപ്പാത്തുമ്മയും മകൾ ബീഫാത്തിമയും ജീവിച്ചിരുപ്പുണ്ടായിരുന്നില്ല.

## ഒന്നാം താവഴിക്ക് അനുവദിച്ചു കിട്ടിയ സ്വത്തുക്കൾ

| | വർഗ്ഗാദാരന്മാരുടെ പേര് | രൂപ | അണ | പ |
|---|---|---|---|---|
| 1 | ബട്ടിലായൻ(പടന്ന) | | 15 | 11 |
| 2 | ചടയമൂപ്പൻ(പടന്ന) | | 07 | 00 |
| 3 | ഉത്തമസണ്ണകുഞ്ഞാലി(പടന്ന) | 04 | 00 | 00 |
| 4 | കൊട്ടിക്കപൊൻകുഞ്ഞാലി (പടന്ന) | | 06 | 03 |
| 5 | പട്ടേലൻ കുട്ടിമൂസ (പടന്ന) | | 07 | 04 |
| 6 | സണ്ണകുഞ്ഞാലി (ഉദിനൂർ) | | 15 | 00 |
| 7 | സൂപ്പി (ഉദിനൂർ) | | 14 | 00 |
| 8 | പടന്നപ്പള്ളിക്കുട്ടി (ഉദിനൂർ) | | 07 | |
| 9 | പരണ്ടിക്കൊട്ടൻ (മാണിയാട്ട്) | | 04 | 03 |
| 10 | ചെർയ്യകുഞ്ഞാലി (പുത്തിലോട്ട്) | | 02 | 00 |
| 11 | നമ്പിമാധവൻ (പുലിക്കോട്ട്) | 04 | 00 | 00 |
| 12 | സണ്ണകുഞ്ഞാലി (പുലിക്കോട്ട്) | 01 | 07 | 07 |
| 13 | കർത്തമ്പാടി (ചന്തേര) | | 04 | 00 |
| 14 | തിയ്യൻകെള്ളൻ (ചന്തേര) | | 02 | 05 |
| 15 | സണ്ണകുഞ്ഞാലി (ചന്തേര) | 01 | 08 | 05 |
| 16 | പറമ്പത്തമ്പു (ചന്തേര) | | 03 | 05 |
| 17 | കുട്ട്യാലി (ഓരി) | | 01 | 06 |
| 18 | പട്ടലൻ കുട്ടിമൂസ (ഓരി) | 01 | 08 | 00 |
| 19 | ഈന്തിൽ രാമൻ (ചെറുപുത്തൂർ) | 01 | 06 | 10 |
| 20 | കവ്വായിക്കാരൻ ബാവ (ചെറുപുത്തൂർ) | 01 | 06 | 10 |
| 21 | പട്ടേലൻ കുട്ടിമൂസ (ചെറുപുത്തൂർ) | | 05 | 11 |
| | **ആകെ** | **20** | **14** | **07** |
| | **ആകെ ഇരുപത് രൂപ പതിനാലണ ഏഴ് നയാപൈസ** | | | |

1 പടന്നക്ക് പടിഞ്ഞാറേ മാട് ചിറയുള്ള പറമ്പിന്നു വടക്കേ പറമ്പും ഉഭയങ്ങളും ഒന്നാം താക്ക്.
2 ഇതിനു തെക്കേച്ചിറയുള്ള പറമ്പ് രണ്ടാം താക്ക്
3 മൂന്നാം താക്ക് രണ്ടുവരി തെങ്ങുള്ള പറമ്പും ഉഭയങ്ങളും
4 നാലാം താക്ക് ചിറക്ക് വടക്ക് രണ്ടൊടി നിലം
5 അഞ്ചാം താക്ക് ഒരു കണ്ടം
6 പടന്നക്കു പടിഞ്ഞാറേ കാട്ടിൽ തെക്കുഭാഗം പറമ്പും ഉഭയങ്ങളും.

7 കാന്തിലോട്ട് കടവത്ത് വളപ്പിൽ വടക്കെ ചെറിയ കുതിര് പറമ്പും ഉഭയങ്ങളും
8 കടവത്തുവളപ്പിൽ വഴിക്ക് വടക്കും തെക്കും കൂടി ആറരപ്പൊതിപ്പാട് നിലങ്ങളിൽ ഒന്നാം താക്ക്
9 വഴിക്ക് തെക്ക് രണ്ടാം താക്ക്
10 മൂന്നാം താക്ക്
11 നാലാം താക്ക് കുന്നുമ്മൽ പകുതി എന്ന നിലം
12 അഞ്ചാം താക്ക് ഒറ്റക്കണ്ടം
13 ഓരിയിൽ കുട്ടിക്കണ്ണൻ കുട്ടി ഇരുന്ന പറമ്പും ഉഭയങ്ങളും
14 ആണ്ടാം കൊഴുവൽ പറമ്പിന്ന് പടിഞ്ഞാറ് ഒരു പൊതിപ്പാട് നിലം
15 കൊട്ടേന്താറ് ഒരു പൊതിപ്പാട് നിലം
16 വളുവനായി അര പൊതിപ്പാട് നിലം
17 മനാരകയ്പാട്ടിൽ പത്തു പൊതിപ്പാടു നിലത്തിൽ അഞ്ചു പൊതിപ്പാട് നിലം
18 അതിന്റെ ഒന്നാം താക്ക്
19 അതിന്റെ രണ്ടാം താക്ക്
20 തോട്ടുകര രണ്ടുപൊതിപ്പാട് നിലം
21 അതിന്റെ രണ്ടാം താക്ക്
22 പുതിയ കണ്ടത്തിൽ രണ്ടുകണ്ടം
23 പെരുമ്പൂതം കാൽപ്പൊതിപ്പാടുനിലത്തിൽ ഒന്നാം താക്ക്
24 അതിന്റെ രണ്ടാം താക്ക്
25 വണ്ണത്താൻ ചാലിൽ കണ്ടം നാലിൽ രണ്ടുകണ്ടം
26 മണ്ടിരപള്ളെ നിലത്തിൽ ഒന്നാം താക്ക്
27 മണ്ടിരപള്ളെ നിലത്തിൽ അഞ്ചാം നമ്പർകാരൻ മായൻ തൈ വെച്ച പറമ്പും ഉഭയങ്ങളും
28 രണ്ടാം താക്ക് മൂന്നുപൊതിപ്പാടു നിലം.
29 കനികൂട്ടിൽ മീത്തലെ കുതിര് പറമ്പും ഉഭയങ്ങളും
30 ചന്തേര കിണറുള്ള പറമ്പിലും വലിയ പറമ്പിലും കൂടി പറമ്പും ഉഭയങ്ങളും
31 കച്ചേരിക്കു പടിഞ്ഞാറെ പറമ്പും ഉഭയങ്ങളും
32 പുതിയ വളപ്പ് പറമ്പും ഉഭയങ്ങളും
33 രണ്ടാം താക്ക് അടുത്തുള്ള കുഴിക്കാണമുള്ള പറമ്പും ഉഭയങ്ങളും
34 വണ്ണാത്തഞ്ചാലിൽ കുതിരുപറമ്പും ഉഭയങ്ങളും
35 കടവത്തു വളപ്പിൽ കയ്പ്പാട്ടിൽ അഞ്ചാം നമ്പർകാരൻ തൈ വച്ച പറമ്പും ഉഭയങ്ങളും
36 എടക്കയിൽ കൊറത്തിരെ വളപ്പിന് തെക്ക് വളപ്പ് പറമ്പും ഉഭയങ്ങളും
37 അതിന്റെ രണ്ടാം താക്ക്
38 മൂന്നാം താക്ക്. അഞ്ചാം നമ്പർകാരൻ വെച്ച തൈവളപ്പ്

പറമ്പും കയ്പാടും കൂടി
39 നാലാം താക്ക് തുരുത്തിന്മേൽ വലിയ കുതിർ പറമ്പും പടിഞ്ഞാറെ കയ്പാട്ടു നിലവും കൂടി
40 അഞ്ചാം താക്ക് ചീപ്പെറമ്പും ഉഭയങ്ങളും
41 ഓരിയിൽ മല്ലെച്ചേരി രണ്ടു പൊതിപ്പാടിൽ ഒരു പൊതിപ്പാടു നിലം
42 ഒന്നാം താക്ക് ഒരു കണ്ടം
43 രണ്ടാം താക്ക് ഒരു കണ്ടം
44 മൂന്നാം താക്ക് നാലു കണ്ടം
45 ആണ്ടാം കുണ്ടം കാൽപൊതിപ്പാടുനിലം
46 മൊയന്റെ കണ്ടം അരപ്പൊതിപ്പാട് ഒറ്റക്കണ്ടം
47 തൊണ്ടന്റെ പൊരക്ക് താഴെ  ഒരു പൊതിപ്പാടിൽ അരപ്പൊതിപ്പാട് നിലത്തിൽ രണ്ടുകണ്ടം
48 മൊനമ്പത്ത് രണ്ടാംപ്പൊതിപ്പാട് നിലത്തിൽ ഒന്നാം താക്ക് രണ്ടൊടി പത്തുകണ്ടം
49 രണ്ടാം താക്ക് ഒരു കണ്ടം
50 മൂന്നാം താക്ക് നാലു കണ്ടം
51 മൊനമ്പിന്ന് തെക്ക് പൊറായും മാട് നിലവും കൂടി
52 പൊറായിക്കു തെക്ക് കുഞ്ഞീമ്മാടെന്ന കയ്പാടുനിലം
53 കാന്തിലോട്ടു വയലിൽ വണ്ണാത്തം വളപ്പെന്ന അറുപത് വിത കൂട്ടുന്ന രണ്ടുപൊതിപ്പാടുനിലം
54 ഇതിന്നു തെക്ക് ഓടത്തുങ്കര നിലത്തിൽ ഉൾപ്പെട്ട സി പട്ടികയിൽപെട്ട ഇരുപത്തിനാലാം നമ്പർ കുതിരു പറമ്പൊഴികെ രണ്ടുപൊതിപ്പാടുനിലം
55 ഇതിന്നു വടക്കു കിഴക്കു ഭാഗം പൊള്ള എന്ന അരപ്പൊതി നിലം
56 ഒന്നാം താവഴി പാർത്തുവരുന്ന ഭവനമുള്ള പറമ്പ് ഒന്നാം താക്ക്
57 രണ്ടാം താക്ക്

## ഒന്നാം താവഴി വംശാവലി

**ഉദിനൂർ തറവാട്**

↓

**കല്ലുകെട്ടിയ പുരയിൽ**

↓

**കല്ലുകെട്ടിയ പുരയിൽ കുഞ്ഞിപ്പാത്തുമ്മ**

↓

**1 പട്ടേലൻ കുട്ടിമൂസ**
**(പാതിക്കാർ കുടുംബസ്ഥാപകൻ)**

**2 ബീഫാത്തിമ**

↓

**1 കുഞ്ഞിപ്പാത്തു**
**(ഒന്നാം താവഴി)**

**2 റാഫിയ**
**(രണ്ടാം താവഴി)**

**3 കുഞ്ഞുമ്മ**
**(മൂന്നാം താവഴി)**

### കുഞ്ഞിപ്പാത്തു
### (ഒന്നാം താവഴി)

↓

1 അബ്ദുൽ റഹ്മാൻ

2 ബീഫാത്തിമ

↓

1 റാഫിയ

2 അബ്ദുൽഖാദർ

↓ (1 റാഫിയ)

1 കുഞ്ഞാമിന

2 മായൻ

↓ (1 കുഞ്ഞാമിന)

I ബീഫാത്തിമ
II ആസ്സ്യുമ്മ
III മറിയുമ്മ
IV സാറമ്മ
V കുഞ്ഞീമ
VI മുഹമ്മദ് കുഞ്ഞി

## III മറിയുമ്മ

1 ചെറിയ മുഹമ്മദ്കുഞ്ഞി പി പി സി

2 പി സി അബ്ദുൽഖാദർ ഹാജി

1 ചെറിയ മുഹമ്മദ്കുഞ്ഞി പി പി സി
(ഭാര്യമാർ: 1. പി.കെ സി സാറാമ്മ 2. പി കെ ആസ്യുമ്മ)

1 അഹമ്മദ് കുഞ്ഞി (സാറമ്മയിലുള്ള മകൻ, ഭാര്യ അസങ്കാന്റാടെ ബീഫാത്തിമ)
2 കുഞ്ഞബ്ദുള്ള (സാറാമ്മയിലുള്ള മകൻ, ഭാര്യ വി സുബൈദ)
3 മറിയുമ്മ (ആസ്യമ്മയിലുള്ള മകൾ, ഭർത്താവ് മൂപ്പന്റാടെ മുഹമ്മദ് കുഞ്ഞി)
4 സൈനുദ്ദീൻ (ആസ്യമ്മയിലുള്ള മകൻ, ഭാര്യ മൂപ്പന്റാടെ ഷമീമ)

2 പി സി അബ്ദുൽഖാദർ ഹാജി (ഭാര്യ ടികെ പി കുഞ്ഞാമിന)

1 ജമീല (ഭർത്താവ് പി സി ഹൈദർ)
2 മറിയുമ്മ (ഭർത്താവ് ടി സി അബ്ദുൽ റഹ്മാൻ)
3 ബഷീർ (ഭാര്യ പി സി ഉമ്മുകുൽസു)
4 കുഞ്ഞിപാത്തു (ഭർത്താവ് എൽ കെ അമീറലി)

## IV സാറമ്മ

(ഭർത്താക്കന്മാർ : 1 തയ്യിൽ കുഞ്ഞിമൂസ, കാടങ്കോട്
2 ടി കെ അബൂബക്കർ)

1 നഫീസ
(തയ്യിൽ കുഞ്ഞിമൂസയിലുണ്ടായ മകൾ)

2 പോസ്റ്റ് ഇബ്രാഹിംകുട്ടി
(ടി കെ അബൂബക്കറിലുണ്ടായ മകൻ)

2 പോസ്റ്റ് ഇബ്രാഹിംകുട്ടി (ഭാര്യ ടി പി സൈനബ)

- 1 മുഹമ്മദ് കുഞ്ഞി
- 2 കുഞ്ഞബ്ദുല്ല
- 3 അബ്ദുൽ ഖാദർ
- 4 മുസ്തഫ
- 5 അഹമ്മദ്
- 6 നഫീസത്ത്
- 7 സുഹറ

**1 നഫീസ (ഭർത്താവ്: ഇബ്രാഹിംകുട്ടി)**

- A ആയിസ്സു
- B സുഹറ
- C മുഹമ്മദ് സാലി
- D മുസ്തഫ
- E അബ്ദുൽഖാദർ
- F ആസ്യുമ്മ
- G സൈനബ
- H അബ്ദുള്ള
- I അബ്ദുൽ റഹ്മാൻ
- J ഇഖ്ബാൽ

A ആയിസ്സു(ഭർത്താവ് ടി.കെ പി ചെറിയഖാലിദ്,കോട്ടയന്താർ)

- 1 ഷംസു
- 2 കുഞ്ഞാമി
  (ഭർത്താവ് പെറോട്ടെ എൻ ബി അസൈനാർ)
  - 1 സൈനബി
  - 2 നൗഷാദ്

B സുഹറ (ഭർത്താവ് കുഞ്ഞിപ്പക്കി, കുമ്പള)

- 1 ബീഫാത്തിമ (ഭർത്താവ് പുത്തൂർ മൊയ്തീൻ, കുമ്പള)
  - 1 റംസീന (ഭർത്താവ് ഉസ്മാൻ പട്ള)
    - 1 ഫാത്തിമ ലെന
    - 2 അമാദ് അബ്ദുല്ല
  - 2 റാനിയ
  - 3 റമീസ്
- 2. അഷറഫ് (ഭാര്യ പി സി ആരിഫ, പടന്ന)
  - 1 മുഹമ്മദ് അഫ്രാസ്
- 3 മൈമൂന (ഭർത്താവ് പുത്തൂർ ഹൈദർ, കുമ്പള)
  - 1 ഹഫീസ്
  - 2 അനീന
- 4 സാഹിറലി (ഭാര്യ ഇർഷാന, ഇച്ചിലങ്കോട്)
  - 1 തമൻ
  - 2 തൻസീർ മൂസ

C മുഹമ്മദ് സാലിഹ് (ഭാര്യ എം വി ആയിഷാസാലി, പടന്ന തെക്കേപ്പുറം)

- 1 ഇബ്രാഹിംകുട്ടി (ഭാര്യസമീറ, കോട്ടപ്പുറം)
- 2 ആരിഫ (ഭർത്താവ് അഷറഫ്)
- 3 ഷാഹിദ (ഭർത്താവ് ഹനീഫ)
  - 1 ഷാനിബ
- 4. മുഹമ്മദ് ആഷിഖ് (ഭാര്യ എം കെ ജാസ്മിൻ)

D മുസ്തഫ ഭാര്യ എം.കെ സുബൈദ, പടന്ന തെക്കേപ്പുറം)

- 1 മുഹമ്മദ് നിയാസ്(ഭാര്യ എം കെ ഫാത്തിമ)
- 2 നസീഫ (ഭർത്താവ് യു പി ഇസ്മയിൽ)
- 3 മുഹമ്മദ് സാലിഹ് (ഭാര്യ പി സി ആരിഫ റഫീക്ക്)
- 4 മുഹമ്മദ് സഫ്‌വാൻ

E അബ്ദുൽഖാദർ (ഭാര്യ എം.വി ബീഫാത്തിമ, കാവുന്തല)

- 1 മുഹമ്മദ് ഫറാസ് (ഭാര്യ നസീബ)
- 2 നസീഫത്ത് (ഭർത്താവ് എൻ കെ ഹനീഫ)
- 3 തസ്നി

F ആസ്യുമ്മ (ഭർത്താവ് വി പി അഹമ്മദ്, തൃക്കരിപ്പൂർ)

- 1 ബീഫാത്തിമ (ഭർത്താവ് ടി കെ മുജീബ്)
  - 1 റാസീഖ്
  - 2 രിസ്‌വാൻ
  - 3 റാനിയ
- 2 ഹസീന (ഭർത്താവ് ടി കെ അബ്ദുൽ റഹ്മാൻ)
  - 1 രിസ
  - 2 അമീന
  - 3 മുഹമ്മദ് അനീഷ്

G സൈനബ (ഭർത്താവ് എ കെ ഇബ്രാഹിം)

- 1 ഷമീമ (ഭർത്താവ് മുഹമ്മദ് കുഞ്ഞി, പേക്കടം)
  - 1 ഷമീൽ
  - 2 നബീൽ
- 2 ഷംസീർ

H അബ്ദുള്ള (ഭാര്യ എം റഹ്മത്ത്, ചൊക്കിക്കണ്ടം)

1. റാഷിഫ
2. റസീന
3. മുസ്തഫ
4. റാഫിയ

**V കുഞ്ഞീമ**
**(ഭർത്താവ് ആലിക്കാട്ടിൽ അസൈനാർ)**

1 ബീഫാത്തിമ
2 ഹൈദർ
3 അഹമ്മദ്

**1 ബീഫാത്തിമ (ഭർത്താവ് ഖാലി മുഹമ്മദ് കുഞ്ഞി)**

a മറിയുമ്മ
b കുഞ്ഞാമി
c അബൂബക്കർ
d ഖദീജ

**a മറിയുമ്മ (ഭർത്താവ് എ വി അബൂബക്കർ ഷാ, ചൊക്കിക്കണ്ടം)**

1 ആയിസ്സു (ഭർത്താവ് ടി.പി അബ്ദുള്ള, ചൊക്കിക്കണ്ടം)
2 ബീഫാത്തിമ ( ഭർത്താവ് ടി.പി അഹമ്മദ്)
3 ജമീല (ഭർത്താവ് സി എച്ച് മുത്തലിബ്)
4 സുബൈദ (ഭർത്താവ് സി എച്ച് മുത്തലിബ്, ചൊക്കിക്കണ്ടം)
5 അബ്ദുള്ള (ഭാര്യമാർ റംല, സൗദ മെട്ടമ്മൽ)
6 അഷറഫ് (ഭാര്യ എം കെ ഖദീജ)

- 1 ആയിസ്സു (ഭർത്താവ് ടി പി അബ്ദുള്ള, ചൊക്കിക്കണ്ടം)
  - 1 ജാഫർ (ഭാര്യ എസ് സി ജസീന, പടന്ന)
    - 1 നഫീസത്ത്
    - 2 ആയിഷ
  - 2 സമീർ (ഭാര്യ നൗഫറ, കോഴിക്കോട്)
    - 1 ഇശാം
    - 2 നിദ നൂരിൻ
  - 3 സാബിർ (ഭാര്യ ആമിന, മെട്ടമ്മൽ)
  - 4 നഫീസത്ത് (ഭർത്താവ് ടി പി അഷറഫ്)
    - 1 നിഹാൽ അഷ്റഫ്
    - 2 അബ്ദുൽ ഖാദർ
- 2 ബീഫാത്തിമ (ഭർത്താവ് ടി പി അഹമ്മദ്)
  - 1 ഫിറോസ് (ഭാര്യ അസ്മില, കോട്ടപ്പുറം)
    - 1 മുഹമ്മദ് അമൻ
  - 2 ഫിനാസ് (ഭാര്യ ജംഷിയ യു സി)
    - 1 മുഹമ്മദ്
  - 3 ഫാസിൽ
  - 4 ഫർസീന (ഭർത്താവ് സയ്യിദ്, കാടങ്കോട്)
    - 1 ആലിയ സഫ
  - 5 ജസീന (ഭർത്താവ് ടി കെ ശിഹാബ്,പയ്യങ്കി)
- 3 ജമീല (ഭർത്താവ് സി എച്ച് മുത്തലിബ്)
  - 1. ഡോ മുജീബ് (ഭാര്യ ഡോ എം കെ സി സാബിറ)
    - 1 ജസ്‌ലിൻ ജമീല

4 സുബൈദ (ഭർത്താവ് സി എച്ച് മുത്തലിബ്, ചൊക്കിക്കണ്ടം)

- 1 മുർഷിദ (ഭർത്താവ് ഉമറുൽ ഫാറൂഖ്, പയ്യങ്കി)
  - 1 മുഹമ്മദ് മുസ്ലീം
- 2 മുനീബ്
- 3 മുഹ്സീന (ഭർത്താവ് അബ്ദുൽ ഷക്കീർ വി പി)

5 അബ്ദുള്ള (ഭാര്യമാർ റംല, സൗദ മെട്ടമ്മൽ)

- 1 റളിയ (റംലയിലുണ്ടായ മകൾ)

6 അഷറഫ് (ഭാര്യ എം കെ ഖദീജ)

- 1 അൽത്താഫ്
- 2 ഷറാസ്

**b കുഞ്ഞാമി (ഭർത്താവ് എ വി സി അബ്ദുല്ല ഹാജി)**

- 1 ബഷീർ അഹമ്മദ് (ഭാര്യ പി റഹ്മത്ത്)
  - 1 ഷഹർബാനു
- 2 ഷഹർബാനു (ഭർത്താവ് പി വി മുസ്തഫ)
  - 1 മുഹ്സീന
  - 2 ഖദീജ
  - 3 അബ്ദുല്ല
- 3 സുഹറാബി
- 4 നൂർജഹാൻ
- 5 മഹബൂബ്(ഭാര്യ സുമയ്യ തൃക്കരിപ്പൂർ)

**d ഖദീജ (ഭർത്താവ് ടി കെ പി അബ്ദുൽ ഖാദർ)**

- 1 ഉമ്മുൽകുൽദു (ഭർത്താവ് ടി കെ പി ബഷീർ അഹമ്മദ്)
  - 1 ഷമീമ (ഭർത്താവ് അൻവർ സാദാത്ത്)
    - 1 ഹൈദർ
    - 2 ഹഫീസ്
- 2 മുഹമ്മദ് കുഞ്ഞി (ഭാര്യ പെരിങ്ങളം സുലൈഖ, തെക്കേക്കാട്)
  - 1 ഫാത്തിമ
  - 2 ആമിന
  - 3 ഖദീജ
- 3 റഹ്മത്ത് (ഭർത്താവ് ഹനീഫ, മടക്കര)
  - 1 ഫർഹാൻ
  - 2 റയ്ഹാൻ
  - 3 സിനാൻ
  - 4 മുഹമ്മദ്
- 4 സീനത്ത് (ഭർത്താവ് സുബൈർ മെട്ടമ്മൽ)
  - 1 സഹീർ
- 5 കബീർ (ഭാര്യ റഹ്മ, പയ്യന്നൂർ)
  - 1 അബ്ദുൽഖാദർ
  - 2 കമറുദ്ദീൻ
- 6 അബ്ദുൽ ഹമീദ് (ഭാര്യ ഫാത്തിമ വടക്കുമ്പാട് )

**2 ഹൈദർ (ഭാര്യ ടി കെ പി ജമീല)**

1 ബീഫാത്തിമ
(ഭർത്താവ് എം വി അബ്ദുൽ റഹ്മാൻ ഹാജി)
2 അഷറഫ് (ഭാര്യ വി കെ നജ്മ)
3 അൻവർ സാദാത്ത് (ഭാര്യ പി സി ഷമീമ)
4 സുബൈദ (ഭർത്താവ് മുസ്തഫ കുഞ്ഞിമംഗലം)
5 റഫീഖ് (ഭാര്യ ശബാന, പയ്യങ്കി)

## VI. മുഹമ്മദ് കുഞ്ഞി (ഭാര്യ ടി കെ പി ഉമ്മുൽ ഖുൽദു)

1 കുഞ്ഞാമി
(ഭർത്താവ് പി സി അബ്ദുൽ ഖാദർ ഹാജി
2 അബ്ദുൽ ഖാദർ (ഭാര്യ പി സി ഖദീജ)
3 അബ്ദുൽ ഹമീദ് (ഭാര്യ പി കെ സി മറിയംബി)
4 അബ്ദുൽ ഗഫൂർ (ഭാര്യ വി ബീഫാത്തിമ)
5 കുഞ്ഞായിസ്സു (ഭർത്താവ് പി കെ സി അഹമ്മദ്)
6 സുഹറാബി (ഭർത്താവ് പി എൻ മാഹിൻകുഞ്ഞി)
7 അബൂബക്കർ (ഭാര്യ സഫിയ)

## അദ്ധ്യായം മൂന്ന്

# രണ്ടാം താവഴി

വട്ടേലൻ കുട്ടിമൂസയുടെ പെങ്ങൾ ബീഫാത്തിമയുടെ രണ്ടാമത്തെ മകൾ റാഫിയയും അവരുടെ മക്കളും മക്കളുടെ മക്കളും അടങ്ങുന്നതാണ് രണ്ടാം താവഴി. റാഫിയയുടെ മക്കൾ:

1 മായൻകുഞ്ഞി
2 ആസ്യുമ്മ

ആസ്യുമ്മയുടെ മക്കൾ:

1 മുഹമ്മദ്
2 കുഞ്ഞിപ്പാത്തു

കുഞ്ഞിപ്പാത്തുവിന്റെ മക്കൾ:

1 കുഞ്ഞഹമ്മദ്
2 നെബീസു
3 റാഫിയ

എന്നിവരായിരുന്നു രണ്ടാം താവഴിയിലെ അംഗങ്ങൾ. 1902 -ലെ ഭാഗാധാരപ്രകാരം ഭാഗം പിരിയുമ്പോൾ ഈ താവഴിയിൽ ആകെ ഏഴുപേരാണുണ്ടായിരുന്നത്. ഭാഗപത്രം ചെയ്യുന്ന കാലയളവിൽ റാഫിയ ജീവിച്ചിരിപ്പുണ്ടായിരുന്നില്ല.

## രണ്ടാം താവഴിക്ക് അനുവദിച്ചുകിട്ടിയ സ്വത്തുക്കൾ

| | വർഗ്ഗാദാരന്മാരുടെ പേര് | രൂപ | അണ | പ |
|---|---|---|---|---|
| 1 | ബട്ടിലായൻ (പടന്ന) | | 12 | 02 |
| 2 | ചടയമൂപ്പൻ (പടന്ന) | | 04 | 06 |
| 3 | ഉത്തമസണ്ണകുഞ്ഞാലി (പടന്ന) | 02 | 10 | 07 |
| 4 | കൊട്ടിക്കപൊൻകുഞ്ഞാലി (പടന്ന) | | 03 | 06 |
| 5 | പട്ടേലൻ കുട്ടിമൂസ(പടന്ന) | 01 | 01 | 01 |
| 6 | സണ്ണകുഞ്ഞാലി (പടന്ന) | | 07 | 04 |
| 7 | സൂപ്പി (പടന്ന) | | 09 | 00 |
| 8 | പടന്നപള്ളിക്കുട്ടി (ഉദിനൂർ) | | 04 | 06 |
| 9 | പരണ്ടിക്കൊട്ടൻ (മാണിയാട്ട്) | | 03 | 06 |
| 10 | ചെർയ്യകുഞ്ഞാലി (പുത്തിലോട്ട്) | | 01 | 04 |
| 11 | നമ്പി മാധവൻ (പുത്തിലോട്ട്) | 03 | 00 | 00 |
| 12 | സണ്ണകുഞ്ഞാലി (പുലിക്കോട്ട്) | 01 | 03 | 00 |
| 13 | കർത്തമ്പാടി (ചന്തേര) | | 01 | 07 |
| 14 | തിയ്യൻ കെള്ളൻ (ചന്തേര) | | 01 | 06 |
| 15 | സണ്ണകുഞ്ഞാലി (ചന്തേര) | 01 | 01 | 08 |
| 16 | പറമ്പത്തമ്പു (ചന്തേര) | | 02 | 03 |
| 17 | കുട്ട്യാലി (ഓരി) | | 01 | 03 |
| 18 | പട്ടേലൻ കുട്ടിമൂസ (ഓരി) | 01 | 01 | 06 |
| 19 | ഈന്തിൽ രാമൻ (ചെറുപുത്തൂർ) | | 11 | 01 |
| 20 | കവ്വായിക്കാരൻ ബാവ (ചെറുപുത്തൂർ) | | 03 | 03 |
| 21 | പട്ടേലൻ കുട്ടിമൂസ (ചെറുപുത്തൂർ) | | 03 | 04 |
| | **ആകെ** | **14** | **09** | **01** |
| | **(ആകെ പതിനാല് രൂപ ഒമ്പത് അണ ഒരു നയാപൈസ)** | | | |

1 പടന്നക്ക് പടിഞ്ഞാറേ മാട് വടക്കേ പറമ്പും ഉഭയങ്ങളും.
2 രണ്ടാം താക്ക് പടന്നച്ചാൽ ഒരു പൊതിപ്പാടുനിലം. പതിനാലാം നമ്പറുകാരിക്ക് കാശികൊടുത്തത്.
3 പടന്നക്കു പടിഞ്ഞാറേകാട്ടിൽ പറമ്പും ഉഭയങ്ങളും
4 പതിനാലാം നമ്പറുകാരിക്ക് കാശി കൊടുത്ത ചൂളിയാറെ കുതിരു പറമ്പും ഉഭയങ്ങളും

5 കടവത്തു വളപ്പിൽ വഴിക്കു വടക്ക് നാലരപ്പൊതിപ്പാടിൽ ഒരു പൊതിപ്പാടുനിലം.
6 കുന്നുമ്മൽ പകുതി നിലത്തിൽ മുക്കാൽപൊതി നിലം
7 പാലത്തെര അര അരക്കാൽ പൊതി നിലത്തിൽ ഒന്നാം താക്ക്
8 അതിന്റെ രണ്ടാം താക്ക്
9 അതിന്റെ മൂന്നാം താക്ക്
10 അതിന്റെ നാലാം താക്ക്
11 തോട്ടുകര ഒന്നേകാൽ പൊതിനിലം
12 അതിന്റെ രണ്ടാം താക്ക്
13 പെരിമ്പൂതം കാൽപൊതിപ്പാടുനിലത്തിൽ ഒന്നാം താക്ക്
14 അതിന്റെ രണ്ടാം താക്ക്
15 കഴുങ്ങുംച്ചിറമേ കുതിരു പൊതിപ്പാടു നിലം
16 അതിന്റെ ഒന്നാം താക്ക്
17 രണ്ടാം കരപ്പറമ്പും ഉഭയങ്ങളും
18 പന്ത്രണ്ടിൽ അരപ്പൊതിപാട് നിലം ഒന്നാം താക്ക്
19 അതിന്റെ രണ്ടാം താക്ക്
20 അതിന്റെ മൂന്നാം താക്ക്
21 അതിന്റെ നാലാം താക്ക്
22 അതിന്റെ അഞ്ചാം താക്ക്
23 ആണ്ടാം കൊഴുവലിലെ വടക്കുഭാഗം പറമ്പും ഉഭയങ്ങളും
24 കാന്തിലോട്ട് മനാരങ്കെ പത്തുപ്പൊതിപ്പാടിൽ തെക്കുഭാഗം രണ്ടരപ്പൊതിപാടിൽ അഞ്ചുനിലം ഒന്നാം താക്ക്
25 അതിന്റെ രണ്ടാം താക്ക്
26 ചന്തേര വണ്ണാത്തഞ്ചാലിൽ നാലുകണ്ടത്തിൽ ഒരു കണ്ടം
27 മണ്ടിര പള്ളയിലെ തൈവച്ച പറമ്പും ഉഭയങ്ങളും എന്നാൽ പതിമൂന്നാം നമ്പരുകാരൻ തൈവച്ചതാകുന്ന ഒന്നാം താക്ക്
28 രണ്ടാം താക്ക് വലിയ തൈവളപ്പ് പറമ്പും ഉഭയങ്ങളും
29 മൂന്നാം താക്ക് കയ്പാട് ഒരു പൊതിനിലം
30 കവുങ്ങുഞ്ചിറ പൊതിപറമ്പീന്നു പടിഞ്ഞാറെ മാവു വളപ്പും പറമ്പും ഉഭയങ്ങളും
31 ബെതകണ്ടത്തിലെ തൈവളപ്പു പറമ്പും ഉഭയങ്ങളും
32 കൂൻതൂറിന്ന് താഴെ ഒരു പൊതിപാടിൽ ഒന്നാം താക്ക് കണ്ടം
33 ഇതിന്ന് തെക്ക് മൂന്നാം താക്കിൽ ഒരു കണ്ടം.
34 ഇതിന്നു വടക്കേച്ചിറതൊട്ട് ഒരു പൊതിപ്പാടിൽ ഒന്നാം താക്ക് ഒരൊടികണ്ടം
35 മുരിക്കിൻകാട് മുക്കാൽപൊതി നിലത്തിൽ ഒന്നാം താക്ക് ഒരു കണ്ടം.
36 ഇതിന്നു തെക്ക് രണ്ടാം താക്ക് ഒരു കണ്ടം.
37 മൂന്നാം താക്ക് കണ്ടം

## രണ്ടാം താവഴി വംശാവലി

**ഉദിനൂർ തറവാട്**

↓

**കല്ലുകെട്ടിയ പുരയിൽ**

↓

**കല്ലുകെട്ടിയ പുരയിൽ കുഞ്ഞിപ്പാത്തുമ്മ**

↓

**1 പട്ടേലൻ കുട്ടിമൂസ (പാതിക്കാർ കുടുംബസ്ഥാപകൻ)**

**2 ബീഫാത്തിമ**

↓

**1 കുഞ്ഞിപ്പാത്തു (ഒന്നാം താവഴി)**

**2 റാഫിയ (രണ്ടാം താവഴി)**

**3 കുഞ്ഞുമ്മ (മൂന്നാം താവഴി)**

## റാഫിയ (രണ്ടാം താവഴി)

↓

1 മായൻകുഞ്ഞി

2 ആസ്യുമ്മ

↓

1 മുഹമ്മദ്

2 കുഞ്ഞിപ്പാത്തു (ഭർത്താവ് വെള്ളൂക്കാരൻ അബ്ദുല്ല)

↓

1 കുഞ്ഞഹമ്മദ്

2 നെബീസ്സു

3 റാഫിയ

**2. നെബീസു (ഭർത്താവ് ആലിക്കാട്ടിൽ അബ്ദുൽ ഖാദർ)**

- I മറിയം
- II അബൂബക്കർ
- III മുഹമ്മദ് കുഞ്ഞി
- IV ആസ്യുമ്മ
- V കുഞ്ഞിമൊയ്തീൻ കുട്ടി

**I മറിയം (ഭർത്താവ് എം ടി കുഞ്ഞബ്ദുല്ല ഹാജി, മാവിലാക്കടപ്പുറം)**

- A അഹമ്മദ്
- B നഫീസത്ത്
- C മുഹമ്മദ്
- D ഖദീജ
- E അബ്ദുൽ റഹീം
- F അബ്ദുൽ സത്താർ
- G യൂസഫ്
- H മൂസാൻകുട്ടി
- I ബീഫാത്തിമ
- J മൂസാൻകുട്ടി

**A. അഹമ്മദ് (ഭാര്യ വി. കെ സുലൈഖ)**

1 നാസർ (ഭാര്യ സൽമ)
2 കബീർ (ഭാര്യ റംസീന)
3 നഫീസത്ത് (ഭർത്താവ് നൂറുദ്ദീൻ)
4 കുഞ്ഞബ്ദുല്ല (ഭാര്യ ആയിഷ)

**B. നഫീസത്ത് (ഭർത്താവ് പി കെ സി കുഞ്ഞിമൊയ്തീൻ കുട്ടി)**

**C. മുഹമ്മദ് കുഞ്ഞി (ഭാര്യ എം ടി റംല)**

1 ജുവൈരിയ്യ (ഭർത്താവ് സലാം മാവിലാക്കടപ്പുറം)
2 ജുമൈല (ഭർത്താവ് ബഷീർ)
3 കുഞ്ഞബ്ദുല്ല (ഭാര്യ ആമിന, കാടങ്കോട്)
4 തസ്ലീന (ഭർത്താവ് ഹാരിസ്)

**D ഖദീജ**

**E അബ്ദുൽ റഹീം ( ഭാര്യ ടി.കെ പി ഷറഫ)**

1 സറീന (പള്ളിച്ചുമ്മാടെ സമദ്)
2 അഷ്ഫാഖ് (ഭാര്യ ഷംസീറ)
3 റസീന (ഭർത്താവ് ബഷീർ, നീലേശ്വരം)
4 അൽത്താഫ് (ഭാര്യ ആയിഷ, തെക്കേകാട്)

**F അബ്ദുൽ സത്താർ (ഭാര്യ എം ടി സുലൈഖ)**

1 ഷഹനാസ് (ഭർത്താവ് നൗഷാദ്)
2 സുഹൈറ(ഭർത്താവ് റഷീദ്, മാവിലാ കടപ്പുറം)
3 റഹിയ്യാനത്ത് (ഭർത്താവ് റഹീം ടി എം ഓർക്കുളം)
4 മറിയം

**G യൂസഫ്**

**H മൂസാൻകുട്ടി**

**I ബീഫാത്തിമ**

**J മൂസാൻകുട്ടി (ഭാര്യ ടി കെ പി നഫീസ)**

1 നുസൈബ (ഭർത്താവ് എസ് വി ഷറഫുദ്ദീൻ
2 നൗഫൽ

**II. അബൂബക്കർ (ഭാര്യ ടി.കെ പി ബീഫാത്തിമ)**

1 ഷറഫ (ഭർത്താവ് പി സിഅബ്ദുൽ റഹീം)
2 അബ്ദുൽഖരീം (ഭാര്യ പി സി ഷറഫ)
3 അബ്ദുൽമജീദ് ( ഭാര്യ പി സി റഷീദ്)
4 അബ്ദുൽഖാദർ (ഭാര്യ മുനീറ)
5 നഫീസത്ത് (പി സി മൂസാൻകുട്ടി)
6 മറിയം (ഭർത്താവ് ഇ കെ മഹമ്മൂദ്, മാവിലാകടപ്പുറം)
7 ജമീല (ഭർത്താവ് വി കെ ഷൗക്കത്ത്)
8 അഷറഫ്

**III. മുഹമ്മദ്കുഞ്ഞി (ഭാര്യ എം ടി സുഹറ, മാവിലാക്കടപ്പുറം)**

1 റംല (ഭർത്താവ് പി സി മുഹമ്മദ് കുഞ്ഞി)
2 നഫീസത്ത് (ഭർത്താവ് അബ്ദുൽഖാദർ)
3 സുലൈഖ (ഭർത്താവ് പി സി അബ്ദുൽസത്താർ)
4 ഫാറൂഖ് (ഭാര്യ നഫീസത്ത്)
5 ആസിയ
6 അബ്ദുൽഖാദർ (ഭാര്യ
7 അബ്ദുൽ റഹ്മാൻ( ഭാര്യ ആയിഷ പയ്യങ്കി)
8 സലാഹുദ്ദീൻ (ഭാര്യ ജുവൈരിയ്യ)
9 ഷിഹാബ് (ഭാര്യ ആബിദ)
10 ഷക്കീല (ഭർത്താവ് അബൂബക്കർ)
11 കുഞ്ഞിപാത്തു (ഭർത്താവ് ഷംസീർ)

**IV ആസിയ (ഭർത്താവ് ഏ എം അബ്ദുൽ റഹ്മാൻ ഹാജി)**

A കുഞ്ഞിപാത്തു
B സലാഹുദ്ദീൻ
C ആയിഷ
D മറിയം
E സുലൈഖ
F മറിയം
G കുഞ്ഞിപാത്തു
H അബ്ദുൽ നാസർ
I അഷറഫ്

**B. സലാഹുദ്ദീൻ (ഭാര്യ എ എം സാറ, പയ്യങ്കി)**

1 അബ്ദുൽറഹീം (ഭാര്യ വി കെ പി സഫിയ്യ)
2 ആസിയ (ഭർത്താവ് അബ്ദുൽ റസാഖ്, തുരുത്തി)
3 അബ്ദുൽ നാസർ
4 ജലീല (ഭർത്താവ് സുലൈമാൻ, ചന്തേര)
5 അഹമ്മദ്
6 അഷറഫ്

**C ആയിഷ (ഭർത്താവ് പി വി സി മുഹമ്മദ്കുഞ്ഞി ഹാജി)**

- a സുബൈദ
- b റളിയ
- c നൂർജഹാൻ
- d ഫളിലുൽ ഹഖ്
- e നൗഫൽ

a സുബൈദ (ഭർത്താവ് എ എം ഷൗക്കത്തലി)

- 1 സുൽഫത്ത് (ഭർത്താവ് എം ടി ഫാറൂഖ്)
- 2 സാബിത്ത്
- 3 സുഫ്രിയത്ത്
- 4 സഹലബത്ത്
- 5 സൈത്ത്

b റളിയ (ഭർത്താവ് യുഎം കുഞ്ഞബ്ദുല്ല)

- 1 നിലുഫർ പർവീൺ (ഭർത്താവ് ഡോ. നൂറുദ്ദീൻ)
  - 1 നിഹാൻ
- 2 നദീർ
- 3 ഫാത്തിമ

c നൂർജഹാൻ (ഭർത്താവ് എം ടി അബ്ദുൽ സമദ്)

- 1 താഹ
- 2 താഹിർ
- 3 ഹാദി
- 4 ആയിഷ

d ഫളിലുൽ ഹഖ് (ഭാര്യ നിസ, നീലേശ്വരം)

- 1 മിന

e നൗഫൽ (ഭാര്യ റജീന, കാടങ്കോട്)

- 1 ഇഷാൻ
- 2 ഇഫ

**E. സുലൈഖ (ഭർത്താവ് ഇ കെ അബ്ദുൽ കരീം, മാവിലാകടപ്പുറം)**

- a ഷമീമ
- b ഷമീം
- c അബ്ദുൽ ഖാദർ
- d ഷമ്മാസ്

a ഷമീമ (ഭർത്താവ് അഷറഫ്, തൃക്കരിപ്പൂർ)

- 1 ഷഹബാസ്
- 2 ഷിമ്ര

b ഷമീം (ഭാര്യ സുമയ്യ, തുരുത്തി)

- 1 ഹയ

c അബ്ദുൽ ഖാദർ (ഭാര്യ ഷഫ്ന, മാച്ചിക്കാട്)

- 1 ഫാത്തിമത്ത് ഷസ

d ഷമ്മാസ് (ഭാര്യ ഹസീന, മാവിലാകടപ്പുറം)

- 1 മുഹമ്മദ് ഷാസിൻ

**F മറിയം (ഭർത്താവ് ടി എം എ അബ്ദുൽ ഖാദർ)**

- a അബ്ദുൽ റഷീദ്
- b ഷിഫാന
- c രിഫാദ്

a അബ്ദുൽ റഷീദ് (ഭാര്യ ഫർസാന, പടന്ന)

- 1 ഹിബ മറിയം

b ഷിഫാന (ഭർത്താവ് എസ് വി അബ്ദുൽ ഖാദർ)

- 1 ഫഹ്മി
- 2 ഫത്ത്ഹീൻ

c രിഫാദ്

**G കുഞ്ഞിപ്പാത്തു (ഭർത്താവ് പി അബ്ദുൽ ലത്തീഫ്)**

- a നുസൈറ
- b ഷാജഹാൻ
- c നുസൈബ
- d ഷഹീൻ

a നുസൈറ (ഭർത്താവ് ഇ കെ സിദ്ദിഖ്, മാവിലാകടപ്പുറം)

- 1 ഹാനി
- 2 ഹംന

b ഷാജഹാൻ (ഭാര്യ ഷഹറ, പാപ്പനിശ്ശേരി)

- 1 അഫ

c നുസൈബ (ഭർത്താവ് നസീൽ, വെള്ളൂർ)

- 1 ഫാദി

d ഷഹീൻ

**H അബ്ദുൽ നാസർ (ഭാര്യ പി വി ഷാഹിദ)**

- 1 നഷാത്

**I അഷറഫ് (ഭാര്യ ഡോ. സുലൈഖ)**

- 1 ആദില ആസിയ
- 2 അദൽ റഹ്മാൻ
- 3 ദിയ മറിയം

**V കുഞ്ഞിമൊയ്തീൻ കുട്ടി ഹാജി (ഭാര്യ എസ് സി കുഞ്ഞിപ്പാത്തു)**

- a അസ്ലം
- b ഷംഷാദ് (ഭർത്താവ് ലത്തീഫ് പള്ളിച്ചുമ്മാടെ)
- c നസീമ
- d നഫീസത്ത് (ഭർത്താവ് സലീംഖാൻ, ബാഗ്ലൂർ)
- e ഫൗസിയ (ഭർത്താവ് എം മുസ്തഫ, ഓരിമുക്ക്)
- f ഷമീമ (ഭർത്താവ് ഉസ്മാൻ, ബാഗ്ലൂർ)

## അദ്ധ്യായം നാല്

# മൂന്നാം താവഴി

വട്ടലൻ കുട്ടിമൂസയുടെ പെങ്ങളുടെ മൂന്നാമത്തെ മകൾ കുഞ്ഞുമ്മയും അവരുടെ മക്കളും മക്കളുടെ മക്കളുമടങ്ങുന്നതാണ് മൂന്നാം താവഴി. 1902-ലെ ഭാഗാധാരം പ്രകാരം ഭാഗം പിരിയുമ്പോൾ ഈ താവഴിയിൽ പതിനേഴ് അംഗങ്ങളാണ് ഉണ്ടായിരുന്നത്. കുഞ്ഞുമ്മ, അവരുടെ മക്കൾ :

1 കുഞ്ഞിമൊയ്തീൻ
2 കുട്ട്യാലി
3 മുഹമ്മദ്
4 മറിയുമ്മ ഹജ്ജുമ്മ

മറിയുമ്മ ഹജ്ജുമ്മയുടെ മക്കൾ :

1 കുഞ്ഞീമ
2 കുഞ്ഞാമിന
3 അബ്ദുൽ റഹ്മാൻ
4 കുഞ്ഞിമൊയ്തീൻ ഹാജി
5 സൂപ്പിക്കുട്ടി
6 ആയിസ്സു

കുഞ്ഞീമയുടെ മക്കൾ :

1 അബ്ദുല്ല
2 മമ്മാലി
3 സാറാമ്മ
4 കുഞ്ഞിപാത്തു

കുഞ്ഞാമിനയുടെ മക്കൾ :

1 മുഹമ്മദ്
2 പരീച്ചി
3 അബ്ദുല്ല
4 മറിയുമ്മ

എന്നിവരായിരുന്നു മൂന്നാം താവഴിയിലെ അംഗങ്ങൾ. ഈ ഭാഗാധാരം ചെയ്യുന്ന കാലത്ത് കുഞ്ഞുമ്മയും അവരുടെ മക്കളായ കുഞ്ഞി മൊയ്തീൻകുട്ടിയും കുട്ട്യാലിയും ജീവിച്ചിരിപ്പുണ്ടായിരുന്നില്ല. 1902-ൽ ഭാഗം പിരിഞ്ഞ 3 താവഴികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യ ഉണ്ടായിരുന്നത് മൂന്നാം താവഴിയിലായിരുന്നു. 1916-ൽ അംഗസംഖ്യ ഇരുപത്തിമൂന്നായി വർദ്ധിച്ചപ്പോൾ മൂന്നാം താവഴി 1916-ൽ തൃക്കരിപ്പൂർ സബ്ബ് രജിസ്റ്റാർ ഓഫീസിൽ 1998-ാം നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത ഭാഗാധാരം അനുസരിച്ച് വീണ്ടും മൂന്നു താവഴിയിലായി പിരിഞ്ഞു. ഇതിൽ ഒന്നാം താവഴിയിൽ കുഞ്ഞീമയും അവരുടെ ഒരു സഹോദരൻ അബ്ദുൽ റഹ്മാനും. കുഞ്ഞീമയുടെ മക്കൾ :

1 അബ്ദുല്ല
2 മമ്മാലി
3 സാറമ്മ
4 മൂസക്കുഞ്ഞി

സാറമ്മയുടെ മകൾ സഫിയത്ത് എന്നിവരായിരുന്നു അംഗങ്ങൾ. രണ്ടാം താവഴിയിൽ കുഞ്ഞാമിന, അവരുടെ ഒരു സഹോദരൻ കുഞ്ഞിമൊയ്തീൻകുട്ടി ഹാജി. കുഞ്ഞാമിനയുടെ മക്കൾ :

1 മുഹമ്മദ്
2 പരീച്ചി
3 കുഞ്ഞിപ്പരി
4 അബ്ദുല്ല
5 മറിയുമ്മ
6 അബ്ദുൽ ഖാദർ
7 അബൂബക്കർ
8 നെബീസു
9 ബീഫാത്തിമ
10 അഹമ്മദ് കുട്ടി

എന്നിവരും, മൂന്നാം താവഴിയിൽ മറിയുമ്മ ഹജ്ജുമ്മ മക്കൾ സൂപ്പിക്കുട്ടി, ആയിസ്സുവിന്റെ മകൻ അബ്ദുല്ല എന്നിവരായിരുന്നു അംഗങ്ങൾ.

## മൂന്നാം താവഴിക്ക് അനുവദിച്ചു കിട്ടിയ സ്വത്തുക്കൾ

| വർഗ്ഗാദാരന്മാരുടെ പേര് | രൂപ | അണ | പ |
|---|---|---|---|
| 1 ബട്ടിലായൻ(പടന്ന) | | 12 | 02 |
| 2 ചടയമൂപ്പൻ(പടന്ന) | | 04 | 06 |
| 3 ഉത്തമസണ്ണകുഞ്ഞാലി (പടന്ന) | 02 | 10 | 07 |
| 4 കൊട്ടിക്കപൊൻകുഞ്ഞാലി (പടന്ന) | | 02 | 06 |
| 5 പട്ടേലൻ കുട്ടിമൂസ(പടന്ന) | 01 | 01 | 00 |
| 6 സണ്ണകുഞ്ഞാലി (ഉദിനൂർ) | | 09 | 05 |
| 7 സൂപ്പി (ഉദിനൂർ) | | 09 | 00 |
| 8 പടന്നപള്ളിക്കുട്ടി (ഉദിനൂർ) | | 04 | 06 |
| 9 പരണ്ടിക്കൊട്ടൻ (മാണിയാട്ട്) | | 02 | 06 |
| 10 ചെർയ്യകുഞ്ഞാലി (പുത്തിലോട്ട്) | | 01 | 04 |
| 11 നമ്പി മാധവൻ (പുലിക്കോട്ട്) | 02 | 00 | 00 |
| 12 സണ്ണകുഞ്ഞാലി (പുലിക്കോട്ട്) | 01 | 03 | 00 |
| 13 കർത്തമ്പാടി (ചന്തേര) | 00 | 01 | 08 |
| 14 തിയ്യൻ കെള്ളൻ (ചന്തേര) | 00 | 01 | 08 |
| 15 സണ്ണകുഞ്ഞാലി (ചന്തേര) | 01 | 01 | 09 |
| 16 പറമ്പത്തമ്പു (ചന്തേര) | 00 | 02 | 01 |
| 17 കുട്ട്യാലി (ഓരി) | 00 | 01 | 02 |
| 18 പട്ടലൻ കുട്ടിമൂസ (ഓരി) | 01 | 01 | 07 |
| 19 ഈന്തിൽ രാമൻ (ചെറുപുത്തൂർ) | | 11 | 01 |
| 20 കവ്വായിക്കാരൻ ബാവ (ചെറുപുത്തൂർ) | | 03 | 03 |
| 21 പട്ടേലൻ കുട്ടിമൂസ (ചെറുപുത്തൂർ) | | 03 | 04 |
| **ആകെ** | **14** | **10** | **01** |
| **(ആകെ പതിനാല് രൂപ പത്തണ ഒരു നയാപൈസ)** | | | |

1 പടന്നക്കു പടിഞ്ഞാറെ മാട് കുതിരുള്ള പറമ്പും ഉഭയങ്ങളും
2 പടന്നക്കു പടിഞ്ഞാറെ കാട്ടിൽ വടക്കെ പറമ്പും ഉഭയങ്ങളും
3 പൊറോട്ടെ കാരപറമ്പും ഉഭയങ്ങളും
4 പടന്നച്ചാൽ വഴിക്കു തെക്ക് ഒരു പൊതിപ്പാടുനിലം
5 കടവത്തുവളപ്പ് വഴിക്ക് വടക്ക് ഒരു പൊതിപ്പാടുനിലം കിഴക്കേത്തല
6 എ പട്ടികയിലെ കുതിരിന്ന് കിഴക്കേപ്പുറം
7 അതിന്ന് തെക്കേപ്പുറം

8 കുന്നുമ്മൽ പകുതി മുക്കാൽ പൊതിനിലം
9 കൊട്ടേന്താറ് രണ്ടുപൊതിപ്പാട് നിലം
10 പാലെത്തര നിലത്തിൽ ഒന്നാം താക്ക്
11 അതിന്റെ രണ്ടാം താക്ക്
12 അതിന്റെ മൂന്നാം താക്ക്
13 അതിന്റെ നാലാം താക്ക്
14 തോട്ടുകര ഒരു പൊതിപ്പാടുനിലം.
15 പുതിയ കണ്ടത്തിൽ ഒരു കണ്ടം
16 പെരുമ്പൂതം കാൽപ്പൊതിപ്പാടു നിലത്തിൽ ഒന്നാം താക്ക്
17 അതിന്റെ രണ്ടാം താക്ക്
18 കനികൂട നാല് പൊതിപ്പാട് നിലത്തിന്നും അതിലുള്ള കുതിരിന്നും കൂടി ഒന്നാം താക്ക്
19 ഇതിന്ന് പടിഞ്ഞാറ് രണ്ടാം താക്ക്
20 അതിന്റെ മൂന്നാം താക്ക്
21 ഇതിന്നു വടക്ക് നാലാം താക്ക്
22 ഇതിന്ന് കിഴക്ക് അഞ്ചാം താക്ക്
23 ഇതിന്റെ ആറാം താക്ക്
24 പന്ത്രണ്ടിൽ വടക്കുഭാഗം അരപൊതിപ്പാടു നിലത്തിൽ ഒന്നാം താക്ക്
25 ഇതിന്റെ രണ്ടാം താക്ക്
26 ഇതിന്റെ മൂന്നാം താക്ക്
27 ഇതിന്റെ നാലാം താക്ക്
28 അതിന്റെ അഞ്ചാം താക്ക്
29 കൊറയംകുന്ന് മുക്കാൻപൊതിപ്പാട്ടിൽ കാലെ അരക്കാൽ പൊതി നാലുകണ്ടം
30 കല്ലുകൊളം ഒരു പൊതിനിലം
31 കളംചുടല അഞ്ചുപൊതിപ്പാടിൽ തെക്കുഭാഗം രണ്ടരപൊതിപ്പാടിൽ ഒന്നാം താക്ക് പതിനാറുകണ്ടം
32 അതിന്റെ രണ്ടാം താക്ക് രണ്ടു കണ്ടം
33 മാങ്ങാപ്പകുതി അരപ്പൊതിപ്പാടിൽ ഒന്നാം താക്ക് മൂന്നു കണ്ടം
34 അതിന്റെ രണ്ടാം താക്ക്
35 തൊണ്ടന്റെ കുതിരിന്നു തായ കാൽപൊതിപ്പാടു നിലം ഒരു കണ്ടം
36 മന്ന്യം ബീട്ടീന്നു താഴെ ഒരു പൊതിപ്പാടു നിലം
37 എടക്കയിൽ കുഞ്ഞിപ്പരി തൈവച്ച പറമ്പും തെക്കേ കയ്പാടു നിലവും കൂടി
38 എടക്കയിൽ പക്കിരൻ കുടിയിരുന്ന പറമ്പും ഉഭയങ്ങളും
39 ഓരിയിൽ തുമ്പന്റെ പറമ്പും ഉഭയങ്ങളും
40 മൊനമ്പത്ത് കുതിരുപറമ്പിൽ കിഴക്കെ ഭാഗം പറമ്പും ഉഭയങ്ങളും ഒന്നാം താക്ക്
41 രണ്ടാം താക്ക് ഇതിന്നു കിഴക്കു ചിറപറമ്പും ഉഭയങ്ങളും

42 ഇതിന്നു പടിഞ്ഞാറ് മൂന്നാം താക്ക്
43 കാന്തിലോട്ട് ഓടത്തിൽ കുതിരു പറമ്പും ഉഭയങ്ങളും
44 ആണ്ടാം കൊഴുവൽ കിഴക്ക് വഴിയരികിൽ അരക്കാൽ പൊതിപ്പാടിൽ ഒന്നാം താക്ക്
45 രണ്ടാം താക്ക് കൊത്തു കണ്ടം
46 മണ്ടിരപള്ളെ തെക്കേ പറമ്പും കിഴക്കേ കയ്പാടും കൂടി
47 രണ്ടാം താക്കിൽപെട്ട കിഴക്കേ പറമ്പും കിഴക്കേ കയ്പാടും കൂടി
48 കാന്തിലോട്ട മനാര കയ്പാട്ടിൽ വടക്കുഭാഗം നിലം ഒന്നാം താക്ക്
49 അതിന്റെ രണ്ടാം താക്ക്
50 കയ്പാടിൽ  പറമ്പും ഉഭയങ്ങളും
51 നമ്മൾ മൂന്നു താവഴിക്കാരും കൂടി പള്ളിച്ചെലവിലേക്കുനീക്കി ഇതിൽ ചേർത്ത മൂസ്സാന്റെ എന്ന മൂന്നു പൊതിപ്പാടുനിലം
52 ചന്തേര ചായക്കൊട്ട രണ്ടുപൊതിപ്പാടുനിലത്തിൽ ഒന്നാം താക്ക്
53 ഇതിന്നു വടക്ക് രണ്ടാം താക്ക് ഒരു കണ്ടം
54 ഇതിന്നു വടക്ക് മൂന്നാം താക്ക് ഒരു കണ്ടം
55 ഇതിന്നു തെക്കു പടിഞ്ഞാറെ ഭാഗം നാലാം താക്ക് ഒരൊടി
56 പയ്യളം മൂന്നുപൊതിയും രണ്ടരവിത്തും നിലത്തിൽ രണ്ടാം താക്ക്
57 രണ്ടാം താക്ക് രണ്ടുകണ്ടം
58 ഇതിന്നു പടിഞ്ഞാറ് മൂന്നാം താക്ക് ഒറ്റ കണ്ടം
59 താറ്റിക്കൊട്ട ഒരു പൊതിനിലം
60 ചന്തേര വലിയ വളപ്പ് പറമ്പിൽ കിഴക്കേത്തല പറമ്പും ഉഭയങ്ങളും
61 വണ്ണാത്തൻ ചാലിൽ നാലു കണ്ടത്തിൽ ഒരു കണ്ടം
62 ചന്തേര പരണ്ടിരെ പറമ്പും ഉഭയങ്ങളും ഒന്നാം താക്ക്
63 രണ്ടാം താക്ക്
64 കടവത്തു വളപ്പ് കയ്പാട്ടിലെ തൈവെച്ച പറമ്പും ഉഭയങ്ങളും
65 ചന്തേര കൊട്ടിയം ബയലിന്ന് പടിഞ്ഞാറ് കരപറമ്പും ഉഭയങ്ങളും
66 പടന്നച്ചാലിൽ ഉദിനൂർ ദേവസ്വം വക നമ്മൾ ജന്മം കൊടുത്തു വാഴ്ചയുള്ള മൊകയരെ കുതിരിന്ന് പടിഞ്ഞാറ് മുക്കാലിൽ കുറവ് അരക്കാൽ പൊതി നിലത്തിൽ ഒന്നാം താക്ക്
67 രണ്ടാം താക്ക് തെക്കേച്ചാല് കണ്ടം
68 ഇതേ പട്ടികക്കാർ താമസിച്ചുവരുന്ന ഭവനമുള്ള പറമ്പിൽ ഒന്നാം താക്ക്
69 അതിന്റെ രണ്ടാം താക്ക്.

**1916 -ൽ തൃക്കരിപ്പൂർ സബ്ബ് രജിസ്റ്റാർ ആഫീസിൽ 1998-ാം നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത ഭാഗാധാരത്തിൽ മൂന്നാം താവഴിയിലെ ഒന്നാം താവഴിക്കു ലഭിച്ച സ്വത്തുക്കൾ:**

1 പടന്നച്ചാലിൽ വഴിക്കു തെക്ക് രണ്ടിൽ തെക്കേ ഭാഗം ഒരു പൊതിപ്പാട് പുഞ്ചനിലം.
2 കാന്തിലോട്ട് കനികൂട നാല് പൊതിപ്പാടിൽ കിഴക്കേ ഭാഗം രണ്ടുപൊതിപ്പാട് വിരിപ്പുനിലം
3 രണ്ടാം താക്ക് തെക്കേത്തല
4 മൂന്നാം താക്ക് തെക്കേത്തല
5 നാലാം താക്ക് തെക്കേത്തല
6 അഞ്ചാം താക്ക്
7 കാന്തിലോട്ട് പാലത്തെര ഒന്നരയിൽ കിഴക്കേ ഭാഗം മുക്കാൽ പൊതിപ്പാട് വിരിപ്പുനിലം ഒന്നാം താക്ക്
8 രണ്ടാം താക്ക് തെക്കേത്തല
9 നാലാം താക്ക് തെക്കേത്തല
10 മൂസ്സാന്റെ മൂന്നിൽ നിലം നികത്തി തൈവെച്ച പറമ്പ് ഒന്നാം താക്ക്
11 രണ്ടാം താക്ക്
12 മൂന്നാം താക്ക്
13 മനാരങ്കയി കയ്പാടിൽ കിഴക്കേ ഭാഗം നിലം നികത്തിയ തൈവെച്ച പറമ്പ്
14 ചന്തേര ചാളക്കൊട്ട രണ്ടുപൊതിപ്പാടിൽ കിഴക്കുഭാഗം ഒരു പൊതിപ്പാട് വിരിപ്പുനിലം ഒന്നാം താക്ക്
15 രണ്ടാം താക്ക്
16 മൂന്നാം താക്ക്
17 നാലാം താക്ക്
18 അഞ്ചാം താക്ക്
19 ആറാം താക്ക്
20 കൊറയങ്കുന്ന് മുക്കാൽപ്പൊതിപ്പാടിൽ കാലെ അരക്കാൽ പൊതിപ്പാടുനിലം
21 തൊണ്ടന്റെ കുതിരിന്നു താഴെ കാൽപ്പൊതിപ്പാട് വിരിപ്പുനിലം
22 കളംചുഴല രണ്ടരയാൽ തെക്കേ ഭാഗം ഒന്നേകാൽ പൊതി വിരിപ്പുനിലം
23 രണ്ടാം താക്ക്
24 തെക്കേ തോട്ടുകര ഒരു പൊതിപ്പാട് വിരിപ്പുനിലം
25 പുതിയകണ്ടം കാൽപൊതിപ്പാട് വിരിപ്പുനിലം
26 പെരിമ്പൊനം കാൽപൊതിപ്പാട് വിരിപ്പുനിലം
27 തെക്കേക്കാട്ടിൽ പറമ്പ്
28 പടന്നച്ചാലിന്നു പടിഞ്ഞാറെ മാട് എന്ന പറമ്പ്

29 കാന്തിലോട്ട് ഓടത്തിൽ കുതിരു പറമ്പ്
30 മണ്ടിരപള്ളെ എന്ന വടക്കേ പറമ്പ്
31 രണ്ടാം താക്ക്
32 ഓരിയിൽ മൊനമ്പ് എന്ന കുതിരു പറമ്പ്
33 ചന്തേര പൂവത്തു വയലിന്നു പടിഞ്ഞാറെ പറമ്പിൽ കിഴക്കേ ഭാഗം പറമ്പ്
34 പൊറോട്ട് എന്ന പറമ്പ് രണ്ടാം താക്ക്
35 എടക്കയിൽ കുഞ്ഞിപ്പരി തൈവെച്ച പറമ്പും കയ്പാടും
36 കാന്തിലോട്ട് കൊട്ടേന്താറിൽ തെക്കേ ഭാഗം ഒരു പൊതി വിരിപ്പുനിലം
37 പെരെരെ വളപ്പ് കാൽ പൊതിപ്പാടിൽ കിഴക്കേ ഭാഗം അരക്കാൽ പൊതി വിരിപ്പു നിലം
38 വണ്ണാത്തഞ്ചാലിൽ മുക്കാൽ പൊതി വിരിപ്പു നിലം
39 മുന്തിക്കൊട്ട വീട്ടിൽ തെക്കേ ഭാഗം രണ്ടേ മുക്കാൽ പൊതി വിരിപ്പു നിലം ഒന്നാം താക്ക്
40 രണ്ടാം താക്ക് തെക്കേത്തല
41 മൂന്നാം താക്ക് തെക്കേത്തല
42 നാലാം താക്ക് കിഴക്കേത്തല
43 അഞ്ചാം താക്ക് കിഴക്കേത്തല
44 ആറാം താക്ക് കിഴക്കേത്തല
45 പൊറത്തങ്കി നാരങ്ങാപൊതി നിലം ഒന്നാം താക്ക്
46 രണ്ടാം താക്ക്
47 മൂന്നാം താക്ക്
48 നാലാം താക്ക്
49 അഞ്ചാം താക്ക്
50 ആറാം താക്ക്
51 ഏഴാം താക്ക്
52 എട്ടാം താക്ക്
53 ചന്തെര പൊള്ള ഒന്നേക്കാൽ പൊതി വിരിപ്പുനിലം
54 ചാളക്കൊട്ട ഒന്നേമുക്കാൽ പൊതി വിരിപ്പുനിലം ഒന്നാം താക്ക്
55 രണ്ടാം താക്ക്
56 മൂന്നാം താക്ക്
57 നാലാം താക്ക്
58 അഞ്ചാം താക്ക്
59 ആറാം താക്ക്
60 മുനാത്തുറ വടക്കേ ഭാഗം ഒന്നര പൊതിപ്പാട് വിരിപ്പുനിലം ഒന്നാം താക്ക്
61 രണ്ടാം താക്ക്
62 ഏർപ്പുങ്കൈ വടക്കേ മൂന്നിൽ വടക്കേ ഭാഗം ഒന്നരപൊതി നിലം ഒന്നാം താക്ക്
63 രണ്ടാം താക്ക്

64 നടുമദ്ധ്യം നാലിൽ വടക്കേ ഭാഗം രണ്ടുപൊതി നിലം ഒന്നാം താക്ക്
65 രണ്ടാം താക്ക്
66 തെക്കേ മൂന്നിൽ തെക്കേ ഭാഗം ഒന്നരപൊതിപ്പാട് നിലവും അതിൽപ്പെട്ട ചിറപറമ്പും
67 മേപ്പടി നിലത്തിൽപ്പെട്ട കിഴക്കുഭാഗം കുതിരു പറമ്പ് രണ്ടാം താക്ക്
68 പുതിയ കണ്ടം രണ്ടിൽപടിഞ്ഞാറെ ഭാഗം ഒരു പൊതിപ്പാടു വിരിപ്പുനിലം
69 സങ്കേത്തിൽ ചെറുകയി ഒന്നരയിൽ വടക്കേ ഭാഗം മുക്കിൽ പൊതിപ്പാടുനിലം
70 പടിഞ്ഞാറ് കയ്പാടു നിലവും അതിൽപ്പെട്ട ചിറപറമ്പും
71 ഏളൊട പറമ്പും അതിലെ സകലവും ഒന്നാം താക്ക്
72 രണ്ടാം താക്ക്
73 ഏർപ്പുങ്കൈ പടിഞ്ഞാറെ കയ്പാടിൽ തെക്കേത്തല കയ്പാടു സ്ഥലം
74 പയ്യൻ പറമ്പിന്നു കിഴക്ക് പാവൂരെ ചിരുകണ്ടൻ കുടിയിരുന്ന പറമ്പ്

**1916-ൽതൃക്കരിപ്പൂർ സബ്ബ്രജിസ്റ്റാർ ആഫീസിൽ 1998-ാം നമ്പർ പ്രകാരംരജിസ്റ്റർചെയ്ത ഭാഗാധാരത്തിൽ മൂന്നാം താവഴിയിലെ രണ്ടാം താവഴിക്ക് ലഭിച്ച സ്വത്തുക്കൾ:**

1 പടന്നച്ചാലിൽ വഴിക്കു തെക്കേ രണ്ടിൽ വടക്കുഭാഗം ഒരു പൊതിപ്പാടു പുഞ്ചനിലം
2 പയ്യളം മൂന്നെ അരക്കാൽ പൊതിവിരിപ്പുനിലം ഒന്നാം താക്ക്
3 രണ്ടാം താക്ക്
4 മൂന്നാം താക്ക്
5 നാലാം താക്ക്
6 കാന്തിലോട്ട് പാല്യത്തര ഒന്നരയിൽ പടിഞ്ഞാറെ ഭാഗം മുക്കാൽ പൊതിവിരിപ്പുനിലം ഒന്നാം താക്ക്
7 രണ്ടാം താക്ക്
8 മൂന്നാം താക്ക്
9 നാലാം താക്ക്
10 ചന്തേര ചാളക്കൊട്ട രണ്ടിൽ പടിഞ്ഞാറെ ഭാഗം ഒരു പൊതിവിരിപ്പുനിലം ഒന്നാം താക്ക്
11 രണ്ടാം താക്ക്
12 മൂന്നാം താക്ക്
13 നാലാം താക്ക്
14 കളംചുഴല രണ്ടരയിൽ വടക്കേ ഭാഗം ഒന്നേകാൽ പൊതിപ്പാട് വിരിപ്പുനിലം
15 മാങ്ങാപ്പകുതി അരപൊതിപ്പാട് വിരിപ്പുനിലം ഒന്നാം താക്ക്
16 രണ്ടാം താക്ക്
17 മന്ദ്യൻ വീടിന്നു താഴെ കാൽപൊതി വിരിപ്പുനിലം
18 കാന്തിലോട്ട് മനാരങ്കയി കയ്പാടിലെ പറമ്പ്
19 മേപ്പടി പറമ്പീന്നു തെക്കേ ഭാഗം നിലംനികത്തി തൈവെച്ച പറമ്പ്
20 മനാരങ്കയി വടക്കേ ഭാഗം നിലം നികത്തി തൈവെച്ച പറമ്പ്
21 മൂസ്സാന്റെ മൂന്നിൽതെക്കേ ഭാഗം നിലത്തിൽ തൈവെച്ച പറമ്പ്
22 എടക്കയിൽ പക്കീരൻ കുടിയിരുന്ന പറമ്പ്
23 ചന്തേര വണ്ണാത്തിച്ചാല് പറമ്പ്
24 പൂവത്തുവയലിന്നു പടിഞ്ഞാറെ പറമ്പിൽ പടിഞ്ഞാറെ പറമ്പ്
25 കാന്തിലോട്ട് കോട്ടേന്താറിൽ രണ്ടിൽ വടക്കുഭാഗം ഒരു പൊതി വിരിപ്പുനിലം
26 പെരെരെവളപ്പിൽ കാൽപൊതിയിൽ പടിഞ്ഞാറെ അരക്കാൽ പൊതിപ്പാട് വിരിപ്പുനിലം
27 മുന്തിക്കോട് നാലിൽ വടക്കേഭാഗം രണ്ടേമുക്കാൽ പൊതിവിരിപ്പുനിലം
28 അതിന്റെ ഒന്നാം താക്ക്

29 അതിന്റെ രണ്ടാം താക്ക്
30 അതിന്റെ മൂന്നാം താക്ക്
31 അതിന്റെ നാലാം താക്ക്
32 അതിന്റെ അഞ്ചാം താക്ക്
33 അതിന്റെ ആറാം താക്ക്
34 മുരിക്കുള്ള പകുതി രണ്ടു പൊതിവിരിപ്പുനിലം ഒന്നാം താക്ക്
35 അതിന്റെ രണ്ടാം താക്ക്
36 അതിന്റെ മൂന്നാം താക്ക്
37 കൊവ്വലിൽ മുതുവനാഴ്ച രണ്ടുപൊതി വിരിപ്പുനിലം
38 കിഴക്കെ കൊവ്വലിൽ രണ്ടുപൊതി വിരിപ്പുനിലം ഒന്നാം താക്ക്
39 അതിന്റെ രണ്ടാം താക്ക്
40 മിണാത്തൂർ നടുമദ്ധ്യം ഒന്നരപൊതിപ്പാട് വിരിപ്പുനിലം
41 അതിന്റെ ഒന്നാം താക്ക്
42 അതിന്റെ രണ്ടാം താക്ക്
43 ഏർപ്പുങ്കൈ വടക്കുമൂന്നിൽ തെക്കേ ഭാഗം ഒന്നരപ്പൊതി നിലം
44 അതിന്റെ ഒന്നാം താക്ക്
45 അതിന്റെ രണ്ടാം താക്ക്
46 നടുമദ്ധ്യം നാലിൽ തെക്കേ ഭാഗം രണ്ടുപൊതിപ്പാട് നിലം
47 അതിന്റെ ഒന്നാം താക്ക്
48 അതിന്റെ രണ്ടാം താക്ക്
49 തെക്കേ മൂന്നിൽ വടക്കേ ഭാഗം ഒന്നരപൊതിപ്പാടുനിലം
50 പുതിയ കണ്ടം കിഴക്കേഭാഗം ഒരു പൊതിപ്പാടുനിലം
51 സങ്കേതത്തിൽ ചെറുകയി കിഴക്കേ ഭാഗം മുക്കാൽപൊതിപ്പാടു നിലം
52 അതിന്റെ ഒന്നാം താക്ക്
53 അതിന്റെ രണ്ടാം താക്ക്
54 പടിഞ്ഞാറേ കയ്പാട്ടിൽ തൈപറമ്പ്
55 ഏർപ്പുങ്കൈ പടിഞ്ഞാറെ കയ്പാട്ടിൽ തെക്കേത്തല സ്ഥലം
56 പാക്കന്റെ പറമ്പ് ഒന്നാം താക്ക്
57 രണ്ടാം താക്ക് ചാലിപറമ്പ്
58 എടച്ചാക്കൈ രണ്ടര പൊതിപ്പാടുനിലം
59 അതിന്റെ ഒന്നാം താക്ക്
60 അതിന്റെ രണ്ടാം താക്ക്
61 പച്ചിനായി ഒന്നേകാൽ പൊതിവിരിപ്പുനിലം
62 അതിന്റെ ഒന്നാം താക്ക്
63 അതിന്റെ രണ്ടാം താക്ക്
64 അതിന്റെ മൂന്നാം താക്ക്
65 അതിന്റെ നാലാം താക്ക്
66 അതിന്റെ അഞ്ചാം താക്ക്

**1916-ൽ തൃക്കരിപ്പൂർ സബ്ബ്രജിസ്റ്റാർ ആഫീസിൽ 1998-ാം നമ്പർ പ്രകാരം രജിസ്റ്റർചെയ്ത ഭാഗാധാരത്തിൽ മൂന്നാം താവഴിയിലെ മൂന്നാം താവഴിക്ക് ലഭിച്ച സ്വത്തുക്കൾ:**

1 കടവത്തുവളപ്പിൽ വടക്കേ ഭാഗം ഒരു പൊതിപ്പാടുനിലം
2 അതിന്റെ ഒന്നാം താക്ക്
3 അതിന്റെ രണ്ടാം താക്ക്
4 കുന്നുമ്മൽ പകുതി മുക്കാൽ പൊതിപ്പാട് പുഞ്ചനിലം
5 അതിന്റെ ഒന്നാം താക്ക്
6 അതിന്റെ രണ്ടാം താക്ക്
7 കാന്തിലോട്ട് കനിക്കൂട നാലിൽ പടിഞ്ഞാറെ ഭാഗം രണ്ടു പൊതിപ്പാട് വിരിപ്പുനിലം
8 അതിന്റെ ഒന്നാം താക്ക്
9 അതിന്റെ രണ്ടാം താക്ക്
10 അതിന്റെ മൂന്നാം താക്ക്
11 അതിന്റെ നാലാം താക്ക്
12 അതിന്റെ അഞ്ചാം താക്ക്
13 അതിന്റെ ആറാം താക്ക്
14 അതിന്റെ ഏഴാം താക്ക്
15 അതിന്റെ എട്ടാം താക്ക്
16 അതിന്റെ ഒമ്പതാം താക്ക്
17 ആണ്ടാങ്കൊവ്വലിന്നു കിഴക്ക് വഴിയരികിലെ അരക്കാൽ പൊതിപ്പാടുനിലം
18 ഒന്നാം താക്ക്
19 രണ്ടാം താക്ക്
20 താറ്റിക്കൊട് ഒരു പൊതി നിരിപ്പുനിലം
21 ഒന്നാം താക്ക്
22 അതിന്റെ രണ്ടാം താക്ക്
23 വണ്ണത്തിച്ചാലിൽ ഒരു പൊതിപ്പാട് വിരിപ്പുനിലത്തിൽ കാൽപ്പൊതി
24 കല്ലങ്കൊളം ഒരു പൊതിപ്പാട് പുഞ്ചനിലം
25 കാന്തിലോട്ട് കടവത്തുവളപ്പ് കയ്പാട്ടിലെ പറമ്പ്
26 അതിന്റെ ഒന്നാം താക്ക്
27 അതിന്റെ രണ്ടാം താക്ക്
28 അതിന്റെ മൂന്നാം താക്ക്
29 കനികൂട കുതിരു പറമ്പ്
30 മണ്ടിരെപള്ളെ തെക്കേ പറമ്പ്
31 അതിന്റെ ഒന്നാം താക്ക്
32 രണ്ടാം താക്ക് കയ്പാട്
33 ഓരിയിൽ തുമ്പന്റെ പറമ്പ്

34 മൊനമ്പറമ്പെന്ന ചിറപറമ്പ്
35 അതിന്റെ ഒന്നാം താക്ക്
36 അതിന്റെ രണ്ടാം താക്ക്
37 ചന്തേര പരണ്ടിരെ പറമ്പ്
38 കൊയ്യൻ വയലീന്നു പടിഞ്ഞാറെ പറമ്പ്
39 മൊയരെ കുതിരിന്നു താഴെ മുക്കാൽ പൊതിപ്പാടു നിലത്തിൽ കാലെ അരക്കാൽ പൊതി പുഞ്ചനിലം
40 അതിന്റെ ഒന്നാം താക്ക്
41 അതിന്റെ രണ്ടാം താക്ക്
42 കാന്തിലോട്ട് പന്ത്രണ്ടിൽ ഒന്നേകാൽ പൊതിവിരിപ്പുനിലം
43 അതിന്റെ ഒന്നാം താക്ക്
44 അതിന്റെ രണ്ടാം താക്ക്
45 വണ്ണാത്തിച്ചാല രണ്ടേകാൽ പൊതിപ്പാടു വിരിപ്പുനിലം
46 വണ്ണാത്തികൊളം മൂന്നുപൊതിപ്പാട് വിരിപ്പുനിലം
47 അതിന്റെ ഒന്നാം താക്ക്
48 അതിന്റെ രണ്ടാം താക്ക്
49 മുന്തിക്കോട് എട്ടിൽ നടുമദ്ധ്യം രണ്ടേമുക്കാൽ പൊതിനിലം
50 അതിന്റെ ഒന്നാം താക്ക്
51 അതിന്റെ രണ്ടാം താക്ക്
52 അതിന്റെ മൂന്നാം താക്ക്
53 അതിന്റെ നാലാം താക്ക്
54 അതിന്റെ അഞ്ചാം താക്ക്
55 മുനിത്തുര തെക്കേ ഭാഗം ഒന്നേകാൽ പൊതിപ്പാട് വിരിപ്പുനിലം തെക്കേ ഭാഗം
56 സങ്കേതത്തിൽ ചെറുകയി ഒന്നരയിൽ തെക്കേ ഭാഗം മുക്കാൽ പൊതിനിലം
57 ഏർപ്പുങ്കൈ പടിഞ്ഞാറെ തൈപറമ്പ്
58 ഓരിയിൽ തുമ്പന്റെ പറമ്പീന്നു വടക്കുഭാഗം കാലിനീക്കി പറമ്പ്

**1916-ൽ തൃക്കരിപ്പൂർ സബ്ബ്രജിസ്റ്റാർ ആഫീസിൽ 1998-ാം നമ്പർ പ്രകാരം രജിസ്റ്റർചെയ്ത ഭാഗാധാരത്തിൽ മൂന്നാം താവഴിയിലെ മൂന്നു താവഴിയ്ക്കും ഒരുപോലെ അവകാശം നിർത്തിയ സ്വത്തുക്കൾ:**

1 പടന്ന ഭജാറിൽ നടുവിലെ പള്ളിക്ക് കിഴക്കേ ഭാഗം ഭവനമുള്ള പറമ്പും അതിലെ സകലവും
2 മേപ്പടി പള്ളിക്ക് വടക്കേ ഭാഗം പീടികയുള്ള പറമ്പും അതിലെ സകലവും
3 ഒന്നാം നമ്പർ പറമ്പീന്നു കിഴക്കു ഭാഗം കളമുള്ള പറമ്പും അതിലെ സകലവും
4 അതിന്റെ ഒന്നാം താക്ക്
5 അതിന്റെ രണ്ടാം താക്ക്
6 ഏർപ്പുങ്കൈ നിലത്തിന്നു കിഴക്കെ ഭാഗം കളമുള്ള പറമ്പും അതിലെ സകലവും
7 കടുമെൻ വെള്ളഞ്ചിറ പുനത്തിൽ കളനാടിന്റെ പടിഞ്ഞാറെ ഭാഗം കളമുള്ള പറമ്പും അതിലെ സകലവും
8 അതിന്റെ ഒന്നാം താക്ക്
9 അതിന്റെ രണ്ടാം താക്ക്
10 അതിന്റെ മൂന്നാം താക്ക്
11 അതിന്റെ നാലാം താക്ക്
12 അതിന്റെ അഞ്ചാം താക്ക്
13 അതിന്റെ ആറാം താക്ക്
14 അതിന്റെ ഏഴാം താക്ക്

## കാലികളുടെയും പാത്രങ്ങളുടെയും വിവരം

1 സാധാരണ നിറത്തിൽ ഏകദേശം പത്തുവയസ്സ് പ്രായത്തിൽ എരുമ - 4
2 സാധാരണ നിറത്തിൽ ഏകദേശം ഒമ്പതുവയസ്സ് പ്രായത്തിൽ എരുമ - 6
3 സാധാരണ നിറത്തിൽ ഏകദേശം അഞ്ചുവയസ്സ പ്രായത്തിൽ എരുമ - 4
4 സാധാരണ നിറത്തിൽ ഏകദേശം നാലുവയസ്സ പ്രായത്തിൽ എരുമ - 7
5 സാധാരണ നിറത്തിൽ ഏകദേശം നാലുവയസ്സ് പ്രായത്തിൽ എരുമ - 5
6 ഇതുകളുടെ കുടിക്കുന്ന കന്നുകൾ - 9
7 ചുകപ്പുനിറത്തിൽ ഏകദേശം എട്ടുവയസ്സ് പ്രായത്തിൽ നീണ്ട കൊമ്പുള്ള വാൽമുറിഞ്ഞ മൂരി - 1
8 മേപ്പടി പ്രായത്തിൽ എട്ടുവയസ്സു പ്രായത്തിൽ നീണ്ടകൊമ്പുള്ള മൂരി - 4
9 കറുത്ത നിറത്തിൽ ഒമ്പതു വയസ്സു പ്രായത്തിൽ മുങ്കൊമ്പുള്ള മൂരി - 4
10 മൈലൻ നിറത്തിൽ ആറുവയസ്സ് പ്രായമുള്ള മൂരി - 6
11 മാണി നിറത്തിൽ മൂന്നു വയസ്സ് പ്രായത്തിൽ മൂരി - 4
12 കറുത്ത നിറത്തിൽ അഞ്ചു വയസ്സ് പ്രായത്തിൽ കുട്ടൻ - 3
13 മാരുതൻ നിറത്തിൽ ഒന്നര വയസ്സ് പ്രായത്തിൽ മൂരികുട്ടൻ- 4
14 മാരുതൻ നിറത്തിൽ മൂന്നു വയസ്സ് പ്രായത്തിൽ പശു - 5
15 മൈലി നിറത്തിൽ പന്ത്രണ്ടു വയസ്സു പ്രായത്തിൽ പശു - 6
16 പതിനേഴ് അരി വെക്കുന്ന ഓട്ട്വട്ട്ളം - 12
17 ആറ് അരിവെക്കുന്ന ഓട്ട്വട്ട്ളം - 10

## മൂന്നാം താവഴി വംശാവലി

ഉദിനൂർ തറവാട്
↓
കല്ലുകെട്ടിയ പുരയിൽ
↓
കല്ലുകെട്ടിയ പുരയിൽ കുഞ്ഞിപ്പാത്തുമ്മ
↓

- 1 പട്ടേലൻ കുട്ടിമൂസ (പാതിക്കാർ കുടുംബസ്ഥാപകൻ)
- 2 ബീഫാത്തിമ
  - 1 കുഞ്ഞിപ്പാത്തു (ഒന്നാം താവഴി)
  - 2 റാഫിയ (രണ്ടാം താവഴി)
  - 3 കുഞ്ഞുമ്മ (മൂന്നാം താവഴി)

**കുഞ്ഞുമ്മ**
**(മൂന്നാം താവഴി)**
↓

- 1 കുഞ്ഞിമൊയ്തീൻ
- 2 കുട്ട്യാലി
- 3 മുഹമ്മദ്
- 4 മറിയുമ്മ ഹജ്ജുമ്മ

**2 കുട്ട്യാലി (ഭാര്യ പി കെ മറിയുമ്മ)**
↓

- 1 കുഞ്ഞീമ (ഭർത്താവ് മായിങ്കാട്ടിൽ മുഹമ്മദ് ഹാജി
  - 1 അബൂബക്കർ ഹാജി
  - 2 അബ്ദുൽഖാദർ
  - 3 ഹംസ ഹാജി
  - 4 അഹമ്മദ് ഹാജി
  - 5 അസൈനാർ ഹാജി
  - 6 കൊക്കാകടവത്ത് അബ്ദുൾറഹിമാൻ ഹാജി
  - 7 ബീഫാത്തിമ
  - 8 അയിസ്സു
  - 9 നഫീസത്ത്
- 2 മുഹമ്മദ്

**3 മുഹമ്മദ് (ഭാര്യമാർ - 1
2 താഴലെ മാടാപ്രം ഹജ്ജു)**

- 1 അബ്ദുല്ല
- 2 കുഞ്ഞാമി
- 3 മറിയുമ്മ

(ആദ്യ ഭാര്യയിലെ മക്കൾ)

- 4 അസൈനാർ
- 5 കുഞ്ഞിമൊയ്തീൻകുട്ടി
- 6 അബ്ദുൽ ഖാദർ

(രണ്ടാം ഭാര്യയിലെ മക്കൾ)

## 4 മറിയുമ്മ ഹജ്ജുമ്മ

- 1 കുഞ്ഞീമ
  - a അബ്ദുല്ല
  - b കുഞ്ഞാമിന
  - c സാറമ്മ
  - d കുഞ്ഞിപ്പാത്തു
- 2 കുഞ്ഞാമിന
  - a മുഹമ്മത്
  - b പരീച്ചി
  - c കുഞ്ഞിപ്പരി
  - d അബ്ദുല്ല
  - e മറിയുമ്മ
- 3 അബ്ദുൽ റഹ്മാൻ
- 4 കുഞ്ഞുമൊയ്തീൻകുട്ടി ഹാജി
- 5 സൂപ്പിക്കുട്ടി
- 6 ആയിസ്സു
  - a അബ്ദുല്ല

1916-ൽ തൃക്കരിപ്പൂർ സബ്ബ്രജിസ്റ്റാർ ആഫീസിൽ 1998-ാം നമ്പർ പ്രകാരം രജിസ്റ്റർചെയ്ത ഭാഗാധാരത്തിൽ മൂന്നാംതാവഴി മൂന്നു താവഴിയായി പിരിഞ്ഞു. ഇതിൽ ഒന്നാം താവഴിയിൽ മറിയുമ്മ ഹജ്ജുമ്മയുടെ മൂത്ത മകൾ കുഞ്ഞീമയും, അവരുടെ മൂന്നാമത്തെ സഹോദരൻ അബ്ദുൽ റഹ്മാനും, കുഞ്ഞീമയുടെ മക്കൾ:

1 അബ്ദുല്ല
2 മമ്മാലി
3 സാറാമ്മ
4 മൂസക്കുഞ്ഞി

സാറാമ്മയുടെ മകൾ സഫിയത്ത് എന്നിവരുമായിരുന്നു അംഗങ്ങൾ. രണ്ടാം താവഴിയിൽ മറിയുമ്മ ഹജ്ജുമ്മയുടെ രണ്ടാമത്തെ മകൾ കുഞ്ഞാമിന, അവരുടെ നാലാമത്തെ സഹോദരൻ കുഞ്ഞി മൊയ്തീൻകുട്ടി ഹാജി, കുഞ്ഞാമിനയുടെ മക്കൾ:

1 മുഹമ്മത്
2 പരീച്ചി
3 കുഞ്ഞിപ്പരി
4 അബ്ദുല്ല
5 മറിയുമ്മ
6 അബ്ദുൽ ഖാദർ
7 അബൂബക്കർ
8 നെബീസു
9 ബീഫാത്തിമ
10 അഹമ്മദ്കുട്ടി

എന്നിവരായിരുന്നു അംഗങ്ങൾ. മൂന്നാം താവഴിയിൽ മറിയുമ്മ ഹജ്ജുമ്മയും അവരുടെ ഇളയ മകൾ ആയിസ്സുവും അഞ്ചാമത്തെ മകൻ സൂപ്പിക്കുട്ടിയും ആയിസ്സുവിന്റെ മകൻ അബ്ദുല്ലയുമായിരുന്നു അംഗങ്ങൾ.

## മൂന്നാം താവഴിയിലെ ഒന്നാം താവഴി
**(1916–ൽ)**

**മറിയുമ്മ ഹജ്ജുമ്മ**

- **കുഞ്ഞീമ**
  - 1 അബ്ദുല്ല
  - 2 മമ്മാലി
  - 3 സാറുമ്മ
    - 1 സഫിയത്ത്
  - 4 മൂസ്സക്കുഞ്ഞി
- **അബ്ദുൽ റഹാമാൻ**

## മൂന്നാം താവഴിയിലെ രണ്ടാം താവഴി
**(1916–ൽ)**

**മറിയുമ്മ ഹജ്ജുമ്മ**

- കുഞ്ഞാമിന
  - 1 മുഹമ്മത്
  - 2 പരീച്ചി
  - 3 കുഞ്ഞിപ്പരി
  - 4 അബ്ദുല്ല
  - 5 മറിയുമ്മ
  - 6 അബ്ദുൽ ഖാദർ
  - 7. അബൂബക്കർ
  - 8 നെബീസു
  - 9 ബീഫാത്തിമ
  - 10 അഹമ്മദ്കുട്ടി
- കുഞ്ഞുമൊയ്തീൻകുട്ടി ഹാജി

## മൂന്നാം താവഴിയിലെ മൂന്നാം താവഴി
**(1916–ൽ)**

**മറിയുമ്മ ഹജ്ജുമ്മ**

- ആയിസ്സു
  - 1 അബ്ദുല്ല
- സൂപ്പിക്കുട്ടി

## മൂന്നാം താവഴിയിലെ ഒന്നാം താവഴി
**(1916-മുതൽ ഇന്നേവരെ)**

**മറിയുമ്മ ഹജ്ജുമ്മ**

1 കുഞ്ഞീമ — 3 അബ്ദുൽ റഹാമാൻ

**1 കുഞ്ഞീമ (ഭർത്താക്കന്മാർ:**
**1 പൊയ്യക്കടവത്ത് അബൂബക്കർ**
**2 കോളത്ത് അസൈനാർ, പെരുമ്പ.)**

- A അബ്ദുല്ല
- B മമ്മാലി

} ആദ്യഭർത്താവിലെ മക്കൾ

- C സാറുമ്മ
- D മൂസ്സക്കുഞ്ഞി

} രണ്ടാം ഭർത്താവിലെ മക്കൾ

**A അബ്ദുല്ല (ഭാര്യ പി വി സാറാമ്മ)**

- 1 പി വി കുഞ്ഞാമി(ഭർത്താവ് എ ആർ ഇബ്രാഹിംകുട്ടി)

**B മമ്മാലി (ഭാര്യ കൊവ്വൽ പാട്ടില്ലത്ത് കുൻപാത്തു)**

- 1 സഫിയത്ത് (ഭർത്താവ് എ സി മുഹമ്മദ് കുഞ്ഞിഹാജി)
- 2 മറിയുമ്മ (ഭർത്താവ് മാഹിൻ ഹാജി, തൃക്കരിപ്പൂർ)
- 3 സാറമ്മ (ഭർത്താവ് അബ്ദുല്ല, മംഗലാപുരം)
- 4 ഖദീജ (ഭർത്താവ് മുഹമ്മദ്, കടപ്പുറം)
- 5 കുഞ്ഞീമ ( ഭർത്താവ് പാത്തീമ്മാടെ പടന്നക്കാരൻ അബ്ദുല്ല, ഖത്തീബ് അന്തുമാൻച്ചാന്റെ മകൻ)

**C സാറുമ്മ (ഭർത്താക്കന്മാർ: 1 ഉസൈനാർ**
**2 വി കെ പി അബ്ദുൽഖാദർ**
**3 തെക്കേക്കടവത്ത് ഉസ്സൻകുട്ടി)**

- 1 സഫിയത്ത്

} രണ്ടാം ഭർത്താവിലുണ്ടായ മകൾ

- 2 അഹമ്മദ് കുഞ്ഞി
- 3 അബൂബക്കർ
- 4 മുഹമ്മദ് കുഞ്ഞി ഹാജി

} മൂന്നാം ഭർത്താവിലുണ്ടായ മക്കൾ

**1 സഫിയത്ത് (ഭർത്താവ് മാടാപ്രം മാളികയിൽ മമ്മു)**

- A മറിയുമ്മ
- B കരീം
- C നഫീസത്ത്
- D കുഞ്ഞിമൊയ്തീൻകുട്ടി ഹാജി
- E ബീഫാത്തിമ
- F മുഹമ്മദലി
- G മുഹമ്മദലി ഹാജി

**C നഫീസത്ത് (ഭർത്താവ് ടി കെ പി മുഹമ്മദ് കുഞ്ഞി ഹാജി)**

- a അഹമ്മദ് കുഞ്ഞി
- b കുഞ്ഞായിസു
- c ഫാറൂഖ്
- d സാറു
- e ഹസീന

a അഹമ്മദ് കുഞ്ഞി (ഭാര്യ പാറക്കടവത്ത് സൈബുന്നിസ)

- 1 നഫീസത്ത് (ഭർത്താവ് അർഷദ്, തൃക്കരിപ്പൂർ)
- 2 റഹീസ (ഭർത്താവ് ഹാരീസ്, ഉടുമ്പത്തല)
- 3 റഹീസ്

b കുഞ്ഞായിസു (ഭർത്താവ് കെ എം അബ്ദുൽ റഹ്മാൻ)

- 1 സാബിറ (ഭർത്താവ് സാബിഖ്, എട്ടിക്കുളം)
    - 1 അസ്റ
    - 2 ഫാത്തിമ
- 2 സാറാബി
- 3 സഫീറ (ഭർത്താവ് )
- 4 ഷാഹിൻ ഷഹാന

c ഫാറൂഖ്(ഭാര്യ എം ടി പി അനീസ, ചന്തേര)

- 1 മുഹമ്മദ് ഇസ്മയിൽ
- 2 മുഹമ്മദ് ഫഹദ്
- 3 സഫിയ്യ

d സാറു (ഭർത്താവ് പി വി അബൂബക്കർ)

1 ഫാസില (ഭർത്താവ് റിയാസ്, പയ്യങ്കി)
2 ഇബ്രാഹിം ഫാസിൽ (ഭാര്യ
3 മുഹമ്മദ് ഫായിസ്
4 മുഹമ്മദ് അലി

e ഹസീന (ഭർത്താവ് യു എം മുതസ് അഹമ്മദ്)

1 മറിയം ഫിദ
2 സാറ ഹുദ

D കുഞ്ഞിമൊയ്തീൻ കുട്ടി ഹാജി (ഭാര്യ പി കെ ഷറഫുന്നീസ)

1 മുഹമ്മദ് അഷറഫ് ( ഭാര്യ പി കെ സി സുഹൈറത്ത്)
2 ഡോ. മുഹമ്മദ് ഫൈസൽ ( ഭാര്യ ഡോ.ടി ഉമൈറ)
3 ഷഹനാസ് (ഭർത്താവ് എ കെ അബ്ദുൽ അസീസ്)

G മുഹമ്മദലി ഹാജി ( ഭാര്യ പി കെ ആസിയു)

1 മുഹമ്മദ് റാഷിദ് (ഭാര്യ പി കെ ഫാത്തിമ)
2 ഇർഷാദ് അലി
3 റാഷിഫ (ഭർത്താവ് റഫീഖ്, വെള്ളൂർ)
4 ഫൈറൂസ (ഭർത്താവ് ഷാഫി പെരുമ്പ)

**4 മുഹമ്മദ് കുഞ്ഞി ഹാജി (ഭാര്യമാർ 1 പി കെ സൈനബ**
**2 ഉമ്മുൽ ഖുൽദു)**

ഒന്നാം ഭാര്യയിലുള്ള മക്കൾ:

1 ഷറഫുന്നീസ (ഭർത്താവ് പി സി കുഞ്ഞിമൊയ്തീൻ കുട്ടി ഹാജി)
2 സാറു (ഭർത്താവ് ജി എസ് ഗുൽ മുഹമ്മദ്)
3 മുനീറ(ഭർത്താവ് പി പി അബ്ദുല്ല)
4 സൈബുന്നീസ (ഭർത്താവ് പി സി അഹമ്മദ് കുഞ്ഞി)

രണ്ടാം ഭാര്യയിലുള്ള മക്കൾ:

5 ഖലീൽ (ഭാര്യ ആശിഫ വെള്ളാപ്പ്)
6 കുഞ്ഞാമി (ഭർത്താവ് മുനീർ)
7 സലൈഖ (ഭർത്താവ് പി ഹാഷിം)
8 ജലീൽ

## മൂന്നാം താവഴിയിലെ രണ്ടാം താവഴി
**(1916 മുതൽ ഇന്നേ വരെ)**

**മറിയുമ്മ, ഹജ്ജുമ്മ**

2 കുഞ്ഞാമിന
- I മുഹമ്മത്
- II പരീച്ചി
- III കുഞ്ഞിപ്പരി
- IV അബ്ദുല്ല
- V മറിയുമ്മ
- VI അബ്ദുൽ ഖാദർ
- VII അബൂബക്കർ
- VIII നെബീസു
- IX ബീഫാത്തിമ
- X അഹമ്മദ്കുട്ടി
- XI സാറുമ്മ
- XII അബ്ദുൽ റഹ്മാൻ
- XIII അബ്ദുല്ല
- XIV മറിയുമ്മ

4 കുഞ്ഞുമൊയ്തീൻകുട്ടി ഹാജി (ഭാര്യ കുദുറുമ്മൽ കുഞ്ഞാമിന)
- 1 ആയിഷ (ഭർത്താവ് കുഞ്ഞിമൂസ തൃക്കരിപ്പൂർ)
- 2 സാറമ്മ

**I മുഹമ്മദ് (ഭാര്യമാർ 1 ആയിസ്സു, തുരുത്തി 2 പാറക്കടവത്ത് അവ്വൊമ്മ)**

- 1 തൈലക്കണ്ടി പുതിയപുരയിൽ കുഞ്ഞാമി (ഭർത്താവ് വേളാപുരം അഹമ്മദ്, തുരുത്തി) } ആദ്യഭാര്യയിലുണ്ടായ മകൾ

**II പരീച്ചി (ഭർത്താവ് തൈലക്കണ്ടി കുഞ്ഞാമു, തുരുത്തി)**

- **1 ബീഫാത്തിമ (ഭർത്താവ് മാടാപ്രം അസൈനാർ)**
  - A മുഹമ്മദ് കുഞ്ഞി
  - B ഖദീജ
  - C മഹമ്മൂദ്
  - D അഹമ്മദ്

**A മുഹമ്മദ് കുഞ്ഞി (ഭാര്യ പി കെ ഖദീജ)**

- 1 സാദിഖ് (ഭാര്യ ഷമീന തൈലക്കണ്ടി)
- 2 ഗഫാർ (ഭാര്യ എ സി ഷമീമ)
- 3 ആയിഷ (ഭർത്താവ് എ സ് കെ അഷറഫ്)
- 4 റഹ്മ (ഭർത്താവ് താഹ എ വി)
- 5 നുസയ്യ (ഭർത്താവ് ഷരീഫ് വലിയകത്ത്)
- 6 സാജിദ് (ഭാര്യ അമീന പി സി)

**B ഖദീജ (ഭർത്താവ് പി കെ  അബ്ദുൽ ഖാദർ ഹാജി)**

- 1 മുഹമ്മദ് റഫീഖ്
- 2 ഫാറൂഖ്
- 3 സിദ്ദീഖ്
- 4 റസാഖ്
- 5 മുബാറക്ക്
- 6 ഗസ്സാലി
- 7 ജഅഫർ
- 8 ജലീൽ
- 9 ബിലാൽ
- 10 മുഹമ്മദലി

1 മുഹമ്മദ് റഫീഖ് (ഭാര്യ ഫാത്തിബി സി.എച്ച് കാഞ്ഞങ്ങാട്)

- 1 അഹമ്മദലി
- 2 ആരിഫ (ഭർത്താവ് മുഹമ്മദ് സാലിഹ്)
- 3 ആഖിഫ
- 4 അഷ്റാഖ്

2 ഫാറൂഖ് (ഭാര്യ താഹിറ ടി സി)

- 1 ഫാഖിറ (ഭർത്താവ് നൂറുദ്ദിൻ മമ്മിക്കാടെ, തെക്കേകാട്)
- 2 ഫായിസ്
- 3 ഫറാസ്

3 സിദ്ദീഖ് (ഭാര്യ സീനത്ത് എം എം)

- 1 ഫാരിസ്
- 2 ഫറാസ്

4 റസാഖ് (ഭാര്യ സറീന വി കെ )

- 1 റിസ്‌വാന
- 2 റാസി
- 3 റിനാസ്

5 മുബാറക്ക് (ഭാര്യ സുമയ്യ, മടക്കര)

- 1 മുബഷിറ

6 ഗസ്സാലി (ഭാര്യ വി കെ മറിയു)

- 1 സയ്യാൻ
- 2 സമീൽ
- 3 മുഹമ്മദ് ഇസ്സാൻ

7 ജഅഫർ (ഭാര്യ മറിയംബി മടക്കര)

- 1 ഇർഫാൻ
- 2 ഇംമ്രാൻ
- 3 ഖദീജ

8 ജലീൽ (ഭാര്യ ഖദീജ പി)

- 1 അനസ്

9 ബിലാൽ (ഭാര്യ മുഹ്സീന പി, കോഴിക്കോട്)

- 1 ശാമിൽ
- 2 ഫാത്തിമ
- 3 ഷാഹിദ് ബിലാൽ

10 മുഹമ്മദലി (ഭാര്യ വി കെ ഫൗസിയ)

- 1 നസ്‌ലി

**C മഹ്മൂദ് (ഭാര്യ സൈനബ എം സി, കടപ്പുറം)**

- 1 ജലീൽ
- 2 ഖദീജ (ഭർത്താവ് അഷറഫ്, കടപ്പുറം)
- 3 ജമീല (ഭർത്താവ് ജലീൽ പി വി)
- 4 ഹസീന (ഭർത്താവ് മൊയ്തു, കാടങ്കോട്)

**D അഹമ്മദ് (ഭാര്യ മറിയംബി )**

- 1 അജ്മൽ
- 2 നജ്‌ല
- 3 ശിബ്‌ല

**VI അബ്ദുൽ ഖാദർ (ഭാര്യ ടി എം എ നഫീസത്ത്)**

**VII അബൂബക്കർ (ഭാര്യ പാട്ടില്ലത്ത് ആസിയുമ്മ)**

- 1 മാഹിൻ (ഭാര്യ
- 2 അബ്ദുൽ റഹ്മാൻ (ഭാര്യ കെ പി ഹഫ്സത്ത്)

**VIII നെബീസു (ഭർത്താവ് കുണ്ടിൽ സൂലൈമാൻ ഹാജി, തൃക്കരിപ്പൂർ)**

- **1 അബ്ദുൽ റഹ്മാൻ (ഭാര്യമാർ 1 സൈനബ, എടച്ചാക്കൈ, 2 ബീഫാത്തിമ, കാസർഗോഡ്)**
  - 1 നഫീസത്ത് }ആദ്യ ഭാര്യയിലുണ്ടായ മകൾ
- **2 റുഖിയ്യ (ഭർത്താവ് ടി എം അബ്ദുല്ല,കാസർഗോഡ്)**
  - 1 ഉമ്മു അലീമ
  - 2 ഖദീജ
  - 3 ആയിഷ
  - 4 സിദ്ദിഖ്
  - 5 സുഹറ
  - 6 ഫൗസിയ
  - 7 തസ്നിയ്യ

1 ഉമ്മു അലീമ (ഭർത്താവ് അബ്ദുല്ല, കാസർഗോഡ്)

- 1 മുഹമ്മദ് ഷാഫി
- 2 അബ്ദുൾ റഹീം
- 3 സുഹറ (ഭർത്താവ് മാഹിൻ, ചട്ടഞ്ചാൽ)

2 ഖദീജ (ഭർത്താവ് ഷാഫി, കോട്ടിക്കുളം)

- 1 സാജിദ (ഭർത്താവ് ജുനൈദ്, പെർള)
- 2 ജംഷീദ്
- 3 ഫിറോസ്

3 ആയിഷ (ഭർത്താവ് അബ്ദുല്ല, സീതാംഗോളി)

- 1 ഹഫ്സ
- 2 അബ്ദുൽ സലാം
- 3 ഫാത്തിമ

4 സിദ്ദിഖ് (ഭാര്യ നസീമ, മധുർ )

5 സുഹറ (ഭർത്താവ് റഫീഖ്, മൊഗ്രാൽ പുത്തൂർ)

- 1 ഇസ്രത്ത് റഹീമ
- 2 ആയിഷ റിദ
- 3 മുഹമ്മദ് റസീൻ

6 ഫൗസിയ (ഭർത്താവ് ഇക്ബാൽ, ബേവിഞ്ച)

- 1 മുഹമ്മദ് തൻസീഹ്
- 2 അഹമ്മദ് തൗസീർ
- 3 ഫാത്തിമത്ത് ജുമാന

7 തസ്നിയ്യ (ഭർത്താവ് ഖമറുദ്ദീൻ , മഞ്ചേശ്വരം)

- 1 ആയിഷ സിബ
- 2 സിയാൻ അബ്ദുൾ അസീസ്

**XI സാറുമ്മ (ഭർത്താവ് ടി കെ പി അബ്ദുല്ല, മൂപ്പൻ അയിൽച്ച)**

- A കുഞ്ഞായിസ്സു
- B ബീഫാത്തിമ
- C അബ്ദുൽ റഹ്മാൻ
- D സൈനബ
- E ഹഫ്സത്ത്

**A കുഞ്ഞായിസ്സു (ഭർത്താവ് മാടാപ്രം അബ്ദുൽ ഖാദർ)**

- a ബീഫാത്തിമ
- b മുഹമ്മദ് ഷരീഫ്
- c അഹമ്മദ് ബഷീർ
- d കുഞ്ഞബ്ദുല്ല
- e മഹമ്മൂദ്
- f ഇസ്മയിൽ

a ബീഫാത്തിമ (ഭർത്താവ് മാടപ്രം അബ്ദുല്ല)

- 1 അക്ബർഅലി (ഭാര്യ റാഷിഫ, ഉടുമ്പുന്തല)
- 2 മുഹമ്മദ് അഫ്സൽ (ഭാര്യ സാറ, കൈതക്കാട്)
    - 1 അബ്ദുല്ല
    - 2 മുഹമ്മദ്
- 3 നൗഷാദ് (ഭാര്യ സൽമത്ത്)
    - 1 ഫാത്തിമ
- 4 ആയിഷ (ഭർത്താവ് അബ്ദുല്ല ഇ കെ, കോട്ടപ്പുറം)
    - 1 റാസിഖ് അബ്ദുല്ല
    - 2 റിസ്‌വാന
    - 3 മുഹമ്മദ്
- 5 നഫീസത്ത് മിസ്രിയ്യ (ഭർത്താവ് അബ്ദുൽ റഹ്മാൻ എ കെ, വെള്ളൂർ കാറമൽ)
    - 1 റംസിയ റഹ്മാൻ
    - 2 റസ്‌വ റഹ്മാൻ

b മുഹമ്മദ് ഷരീഫ് (ഭാര്യ സൗദ പി പി)

- 1 ഷറാഫത്ത്
- 2 സുഹൈറത്ത്
- 3 സഫീർ

c അഹമ്മദ് ബഷീർ (ഭാര്യ സഹീറ, കോട്ടപ്പുറം)

- 1 ആഷിഫ
- 2 ഫാത്തിമ
- 3 ഇംതിയാസ്

d. കുഞ്ഞബ്ദുല്ല (ഭാര്യ ഷാഹിദ, കടിഞ്ഞിമൂല)

- 1 അബ്ദുൽഖാദർ
- 2 ഷഹബാസ്

e മഹമൂദ് (ഭാര്യ റഹ്മാബി സി സി, പൊറോപ്പാട്)

- 1 മഹബൂബ്
- 2 റുമാന

f ഇസ്മായിൽ (ഭാര്യ ആയിഷ)

**B ബീഫാത്തിമ(ഭർത്താവ് ടി കെ പി വലിയ ഖാലിദ്)**

- a സലീം
- b ഫൗസിയ
- c ഫായിശ
- d ശറഫ
- e സാഹിറ
- f നഫീസത്ത്
- g ആസിയ
- h നാസർ
- i അഷ്ക്കർ
- j നൗഷാദ്
- k ഷഫീഖ്

b ഫൗസിയ (ഭർത്താക്കന്മാർ: ഷംസുദ്ദീൻ, അബൂബക്കർ തലശ്ശേരി)

- 1 ഷാഫി (ഭാര്യ നുബഷിറ എ സി)

c ഫായിശ (ഭർത്താക്കന്മാർ 1 ജബ്ബാർ 2 ഹംസ പി കെ)

- 1. ഇർഷാദ് (ഭാര്യ സുമയ്യ ടി കെ പി) — ആദ്യ ഭർത്താവിലുണ്ടായ മകൻ
  - 1 ജസ ഇർഷാദ്
- 2. മൻസൂറലി — രണ്ടാമത്തെ ഭർത്താവിലുണ്ടായ മകൻ

d ശറഫ (ഭർത്താവ് അബ്ദുൽകരീം ടി കെ പി)

- 1 സീനത്ത് (ഭർത്താവ് എ കെ സമീർ)
  - 1 സയ്യാൻ
- 2 സാബിത്ത്
- 3 ബാസിത്ത്

e സാഹിറ (ഭർത്താവ് അബ്ദുൽ സത്താർ, സുള്ള്യ)

- 1 ഷക്കീല (ഭർത്താവ് പി നെജ്മുദ്ദീൻ, മെട്ടമ്മൽ)
  - 1. നാസില
- 2 ജംഷീദ്
- 3 അഹമ്മദ് സിയാവുൾഹഖ്

f നഫീസത്ത് (ഭർത്താവ് റസാഖ് കുഞ്ഞുമ്മാടെ)

- 1 മറിയംബി
- 2 ഫാസിൽ

g ആസിയ (ഭർത്താവ് വി കെ പി അബ്ദുൽ ഖാദർ)

- 1 അഹമ്മദ് കിനാഷ്
- 2 ലുഹ ഫാത്തിമ

h നാസർ (ഭാര്യ ഫാത്തിമ പി)

- 1 നാസിഫ് ഖാലിദ്
- 2 നൗഫിഹ് നാസർ

i നൗഷാദ് (ഭാര്യ ആസിഫ പി പി)

- 1 അമൻ ഖാലിദ്

j ഷഫീഖ് (ഭാര്യ മാരിയ കെ സി)

- 1 അബ്ദുൽ ഹാദി

**C അബ്ദുൽ റഹ്മാൻ (ഭാര്യ സാറു എസ് സി)**

- 1 ഷബീർ
- 2

**D സൈനബ (ഭർത്താവ് )**

- 1 അഷറഫ്

**E ഹഫ്സത്ത്**

**XII അബ്ദുൽ റഹ്മാൻ (ഭാര്യ സുഹറ, മഞ്ചേശ്വരം)**

- 1 ബഷീർ (ഭാര്യ )
- 2

**XIII അബ്ദുല്ല (ഭാര്യ ടി കെ പി കുഞ്ഞാമിന )**

- 1 ടി കെ പി ചെറിയ ഖാലിദ് (ഭാര്യ പി സി കുഞ്ഞായിസു)
- 2 സാറമ്മ (ഭർത്താവ് പി കെ അബ്ദുൽ റഹ്മാൻ)

**XIV മറിയുമ്മ (ഭർത്താവ് ടി കെ പി അബ്ദുൽ റഹ്മാൻ)**

- A കുഞ്ഞാമി
- B അഹമ്മദ് കുഞ്ഞി

**A കുഞ്ഞാമി (ഭർത്താവ് പറമ്പത്ത് അബ്ദുൽ റഹ്മാൻ)**

- a ഹഫ്സ
- b മുഹമ്മദ് കുഞ്ഞി
- c അയ്യൂബ്
- d കുഞ്ഞഹമ്മദ്
- e ഇബ്രാഹിം

a ഹഫ്സ (ഭർത്താവ് എൽ കെ ഹനീഫ)
- 1 ഷംസുദ്ദീൻ (ഭാര്യ ഇ എം റഹ്യ്യാനത്ത്)
  - 1 മുഹമ്മദ് ജാസിബ്
  - 2 ജദീദ്
- 2 ആയിഷ (ഭർത്താവ് അബ്ദുൽ ഷുക്കൂർ പി വി)
  - 1 അബ്ദുൽ സലാം
  - 2 സജ സുബൈദ
  - 3 ഷാസ ഫാത്തിമ
- 3 ആരിഫ (ഭർത്താവ് മുഹമ്മദ് ഷമീം പി വി)
  - 1 ഫാത്തിമത്ത് സ്വാലിഹ
  - 2 ഷാസിയ ഷമീം

b മുഹമ്മദ് കുഞ്ഞി ഭാര്യ എ വി നഫീസത്ത്)
- 1 നുസൈബ (ഭർത്താവ് ഷിഹാബ് സി എച്ച്)
- 2 റഹീം

c അയ്യൂബ് (ഭാര്യ കെ വി പി ഫൗസിയ, തൃക്കരിപ്പൂർ)
- 1 മുഹമ്മദ് അഷ്ഫാഖ്
- 2 മുഹമ്മദ് ആദിൽ
- 3 അമീന
- 4 ഹന
- 5 അസീം

d കുഞ്ഞഹമ്മദ് (ഭാര്യ ഹഫ്സത്ത്)
- 1 ഫാത്തിമത്ത് സഫ
- 2 രിഫ
- 3 മുഹമ്മദ് ഫാസ്

e ഇബ്രാഹിം (ഭാര്യ ഫാത്തിബി എ എം)
- 1 ഹിബ
- 2 ഫാളിൽ
- 3 ഫർഹ
- 4 ഫിറോസ

## മൂന്നാം താവഴിയിലെ മൂന്നാം താവഴി
**(1916 മുതൽ ഇന്നേ വരെ)**

**മറിയുമ്മ ഹജ്ജുമ്മ**

**5 സൂപ്പിക്കുട്ടി** | **6 ആയിസ്സു**

**5 സൂപ്പിക്കുട്ടി (ഭാര്യമാർ 1 മീത്തലെ മാടാപ്രം കുഞ്ഞാമിന,
2 മീത്തലെ മാടാപ്രം ബീഫാത്തിമ )**

ആദ്യ ഭാര്യയിലുണ്ടായ മക്കൾ:
- 1 അബ്ദുൽ റഹ്മാൻ (ഭാര്യ )
- 2 മീഖ്ദാദ് (ഭാര്യ )

രണ്ടാം ഭാര്യയിലുണ്ടായ മക്കൾ:
- 3 അഹമ്മദ് (ഭാര്യ ബീഫാത്തിമ)
- 4 മറിയുമ്മ (ഭർത്താവ് പി കെ സി അബ്ദുല്ല)
- 5 ആസിയു (ഭർത്താക്കന്മാർ 1 ഹമീദ് 2 എം കരീം)
- 6 മുഹമ്മദലി (ഭാര്യ പി എൻ സുലൈഖ )

**6 ആയിസ്സു (ഭർത്താക്കന്മാർ 1 അക്കാടത്ത് കുഞ്ഞിപ്പരി, വെള്ളൂർ 2 മാളികയിൽ അബ്ദുല്ല)**

ആദ്യ ഭർത്താവിലുണ്ടായ മകൻ:
- A അബ്ദുല്ല മാസ്റ്റർ

രണ്ടാമത്തെ ഭർത്താവിലുണ്ടായ മക്കൾ:
- B ബീഫാത്തിമ
- C മറിയുമ്മ
- D ആസ്യുമ്മ
- E ഹഫ്സത്ത്

**A അബ്ദുല്ല മാസ്റ്റർ ( ഭാര്യ ടി.കെ പി ബീഫാത്തിമ)**

- 1 അഫ്സത്ത് (ഭർത്താവ് എൽ കെ ഹുസ്സൻകുട്ടി ഹാജി)
- 2 സലാഹുദ്ദീൻ (ഭാര്യ
- 3 കുഞ്ഞായിസ്സു (ഭർത്താവ് എൽ കെ അബുബക്കർ)
- 4 മുഹമ്മദ് കുഞ്ഞി (ഭാര്യ നൂർജഹാൻ, മംഗലാപുരം)
- 5 മറിയുമ്മ (ഭർത്താവ് എൽ കെ മുഹമ്മദ് കുഞ്ഞി)
- 6 റംല (ഭർത്താവ് പി എൻ അമീറലി)
- 7 സുഹറ (ഭർത്താവ് എ സി മുസ്തഫ)
- 8 ആസിയു (ഭർത്താവ് പി എൻ മഹമ്മൂദ്)

**B ബീഫാത്തിമ (ഭർത്താവ് എസ് സി ചെറിയമമ്മുഹാജി)**

- 1 സുഹറാബി
- 2 മുസ്തഫ മാസ്റ്റർ
- 3 അമീറലി

**1 സുഹറാബി (ഭർത്താവ് ടി പി അബ്ദുല്ല)**

- a കുഞ്ഞായിസ്സു
- b ജമീല
- c മജീദ്
- d നഫീസത്ത്
- e ബീഫാത്തിമ
- f നാസർ

**a കുഞ്ഞായിസ്സു (ഭർത്താവ് ടി കെ പി അഹമ്മദ്)**

- 1 റഷീദ (ഭർത്താവ് ടി കെ പി മജീദ് )
  - 1 ഫാത്തിമ (ഭർത്താവ് നിസ്സാമുദ്ദിൻ)
    - 1 മുഹമ്മദ്
  - 2 ഫയാസ്

2 ലൈല (ഭർത്താവ് അബ്ദുൾറഹ്മാൻ)

- 1 റഹീസ
- 2 റഫ

3 ഷംസീർ (ഭാര്യ ഷിഫാന)

- 1 ഹൈഫ

**b ജമീല (ഭർത്താവ് വി കെ അബ്ദുല്ല, ചന്തേര)**

- 1 നജ്മുദ്ദീൻ (ഭാര്യ നസീറ വി പി പി, തൃക്കരിപ്പൂർ)
  - 1 മുഹമ്മദ് നിഹാൽ
  - 2 നദീർ അബ്ദുല്ല
  - 3 മുഹമ്മദ് ഷിനാസ്
  - 4 നജ ഫാത്തിമ
- 2 ഫൈസൽ (ഭാര്യ മുഹ്സിന)
  - 1 മുഹമ്മദ് ഫാദിൽ
  - 2 ഫിന ഫാത്തിമ
- 3 ഫാരിസ (ഭർത്താവ് മുഹമ്മദ്)
  - 1 ഫാരിസ്
  - 2 ഫർസാൻ
  - 3 ഫഹദ്
  - 4 ഫിദ

**c മജീദ് (ഭാര്യ എം പി ബീഫാത്തിമ )**

- 1 ഷമീം (ഭാര്യ ഡോ. ഷിഹാന)
- 2 ഷമീമ (ഭർത്താവ് പി നൗഫൽ)
- 3 മാജിദ നസ്റീൻ

d നഫീസത്ത് (ഭർത്താവ് അബ്ദുൽ റഹ്മാൻ, കാടങ്കോട് )

- 1 അബ്ദുൽ ഖാദർ (ഭാര്യ സമീന)
  - 1 സൈൻ മുഹമ്മദ്
- 2 സബീന (ഭർത്താവ് സക്കരിയ്യ)
  - 1 സഫ്ന
  - 2 റാസി
- 3 സൈനബി (ഭർത്താവ് റിയാസ്)
  - 1 ഫാത്തിമ
  - 2 ഫഹദ്
- 4 ഖദീജ (ഭർത്താവ് അബ്ദുൽഖാദർ)
  - 1 സഹന

**e ബീഫാത്തിമ (ഭർത്താവ് ടി പി അഹമ്മദ്)**

- 1 അൽത്താഫ് (ഭാര്യ റിസ്വാന)
- 2 റംസീന (ഭർത്താവ് മുജീബ്)
- 3 നഫീസത്ത്

**f നാസർ (ഭാര്യ ഷറഫ കൈതക്കാട്)**

- 1 നാസിഫ
- 2 നവാസ്
- 3 നസീഫ്
- 4 നിയാസ്

**2 മുസ്തഫ മാസ്റ്റർ (ഭാര്യ മാടാപ്രം മറിയുമ്മ)**

- 1 ബീഫാത്തിമ (ഭർത്താവ് പി എൻ മജീദ്)
- 2 അഫ്സൽ (ഭാര്യ സഫീറ, വെള്ളൂർ)
- 3 ഷഹർബാൻ
- 4 നജ്മ (ഭർത്താവ് ജലീൽ എം കെ)

**3 അമീറലി (ഭാര്യ ടി കെ പി റംല)**

- 1 ഷാഹിദ (ഭർത്താവ് അഷറഫ് കെ സി )
- 2 ഖയ്യും (ഭാര്യ ഖദീജ)
- 3 അഷ്ക്കർ

**C മറിയുമ്മ (ഭർത്താവ് പി കെ അബൂബക്കർ ഹാജി)**

- a ഷാഹുൽ ഹമീദ്
- b നഫീസത്ത്
- c ബീഫാത്തിമ
- d മുഹമ്മദ് കുഞ്ഞി
- e അബ്ദുൽ ഖാദർ
- f ഖദീജ
- g കുഞ്ഞായിസ്സു
- h കുഞ്ഞബ്ദുല്ല

**a ഷാഹുൽ ഹമീദ് (ഭാര്യ സൈനബി, തൃക്കരിപ്പൂർ)**

- 1 സുലൈഖ (ഭർത്താവ് എൻ വി അബ്ദുല്ല, എടച്ചാക്കൈ)
- 2 സബീന (ഭർത്താവ് മുഹമ്മദലി)
- 3 ഷബീറലി

**b നഫീസത്ത് (ഭർത്താവ് ടി പി കുഞ്ഞിപ്പരി, തെക്കേക്കാട്ടിൽ)**

- 1 ഷറഫ (ഭർത്താവ് ടി കെ പി മമ്മുഞ്ഞി)
  - 1 റസിയ (ഭർത്താവ് അബ്ദുൽ റഹ്മാൻ, കൈതക്കാട്)
  - 2 ഫൗസിയ (ഭർത്താവ് റഫീഖ്, കൈക്കോട്ടുക്കടവ്)
  - 3 റസീന (ഭർത്താവ് സമീർ, കൈതക്കാട്)
  - 4. ഷിഹാബ്
- 2 അബൂബക്കർ (ഭാര്യ റസീന, തൃക്കരിപ്പൂർ)
  - 1 മുഹമ്മദ് അത്തീഉറസൂൽ
  - 2 അൽത്താഫ്
- 3 ഷാഹിദ (ഭർത്താവ് മുഹമ്മദ് കുഞ്ഞി, നടക്കാവ്)
  - 1 ഫാത്തിമ

**c ബീഫാത്തിമ (ഭർത്താവ് ടി പി അബൂബക്കർ ഹാജി)**

- 1 സുബൈദ (ഭർത്താവ് ടി പി മുഹമ്മദ് കുഞ്ഞി)
  - 1 സമീറ (ഭർത്താവ് പി സി ലത്തീഫ്)
    - 1 ഫാരിസ്
    - 2 അമൻ ഫിറാസ്
  - 2 ഇംമ്രാൻ
  - 3 ഇർഫാൻ
- 2 റഹ്യ്യാനത്ത് (ഭർത്താവ് അബ്ദുല്ല, ആയിറ്റി)
  - 1 മുഹമ്മദ് ഇഹ്സാൻ

- 3 ഷബീർ (ഭാര്യ നസീറ തൈക്കടപ്പുറം)
  - 1 ഹുസൈഫ അബൂബക്കർ
- 4 മുഹമ്മദലി (ഭാര്യ ഷബീന)
  - 1 ഫാത്തിമ
  - 2 സുബൈദത്തുൽ അഫ്രീ
  - 3 ഹാഫിസ് അബൂബക്കർ

**d മുഹമ്മദ് കുഞ്ഞി (ഭാര്യമാർ 1. ഖദീജ, കവ്വായി**
2. അലീമ തൃക്കരിപ്പൂർ)

- 1 മറിയംബി (ഭർത്താവ് അൻവർ)
- 2 ഷഹബാസ് (ഭാര്യ

} ആദ്യ ഭാര്യയിലുണ്ടായ മക്കൾ

- 3 റുവൈസ്
- 4 മുത്തലിബ്
- 5 അബ്ദുൽ ഖാദർ (ഭാര്യ മറിയുമ്മ, തങ്കയം)

} രണ്ടാം ഭാര്യയിലുള്ള മക്കൾ

**e അബ്ദുൽ ഖാദർ (ഭാര്യ മറിയുമ്മ, തങ്കയം)**

- 1 റിയാസ്(ഭാര്യ )
- 2 അഷ്ക്കർ
- 3 നൗഫൽ

**f ഖദീജ (ഭർത്താവ് അഹമ്മദ്കുഞ്ഞി, കാക്കടവ്)**

- 1 ഉമൈറ (ഭർത്താവ് മൊയ്തു, നീലേശ്വരം)
  - 1 മുഹമ്മദ് അബ്ദുൽ റഹ്മാൻ
  - 2 ഫാത്തിമ
- 2 നസീർ (ഭാര്യ സൽമത്ത്)

**g കുഞ്ഞായിസ്സു (ഭർത്താവ് സൈനുദ്ദീൻ, തൃക്കരിപ്പൂർ)**

- 1 സൽമത്ത് (ഭർത്താവ് അബ്ദുൽ കരീം, വെള്ളൂർ)
  - 1 സഫ്‌വാൻ
  - 2 ഖാലിദ്
- 2 ഷമീം
- 3 ഷമീമ

**h കുഞ്ഞബ്ദുല്ല (ഭാര്യ കുഞ്ഞലീമ, കൊക്കാക്കടവ്)**

- 1 ഫൗസിയ (ഭർത്താവ് റിയാസ്, വെള്ളൂർ)
- 2 ഫിർദൗസിയ (ഭർത്താവ്
- 3 ഫിറോസ്

**D ആസ്യുമ്മ (ഭർത്താവ് കൊവ്വൽ പാട്ടില്ലത്ത് അബ്ദുൽ ഖാദർ)**

- a മാഹിൻ
- b ഹമീദ് ഹാജി
- c മുഹമ്മദ് കുഞ്ഞി
- d ബീഫാത്തിമ
- e മഹ്മൂദ്

**a മാഹിൻ (ഭാര്യമാർ 1 ടി കെ പി സുഹറ**
**2 മെഹ്റുന്നീസ, ബാഗ്ലൂർ)**

- 1 സമീർ (ഭാര്യ ഫൗസിയ പി വി )
- 2 മുസ്തഫ(ഭാര്യ സബീന എം പി)

} ആദ്യ ഭാര്യയിലുണ്ടായ മക്കൾ

- 3 ഫൈസൽ
- 4 അഫ്സൽ (ഭാര്യ മിസ്‌രിയ്യ)

} രണ്ടാം ഭാര്യയിലുണ്ടായ മക്കൾ

**b ഹമീദ് ഹാജി (ഭാര്യ കൊവ്വൽ പാട്ടില്ലത്ത് സുഹറ)**

- 1 ബീഫാത്തിമ (ഭർത്താവ് അബ്ദുൽ ഖാദർ )
- 2 ജഅഫർ അലി
- 3 സുബൈദ (ഭർത്താവ് എ കെ അബ്ദുൽ സലാം)
- 4 നൗഷാദ് (ഭാര്യ നസീറ വി, മടക്കര)

**c മുഹമ്മദ് കുഞ്ഞി (ഭാര്യമാർ 1. ഖദീജ തൃക്കരിപ്പൂർ**
2. സാറു ടി കെ

ആദ്യ ഭാര്യയിലുണ്ടായ മക്കൾ:
- 1 ഇല്യാസ് (ഭാര്യ )
- 2 സമീർ (ഭാര്യ )
- 3 ബീഫാത്തിമ

രണ്ടാം ഭാര്യയിലുണ്ടായ മക്കൾ:
- 4 പർവേസ് (ഭാര്യ )
- 5 ഫസീല (ഭർത്താവ് ബി സി റഹൂഫ്)
- 6 മുഹമ്മദ് ഷിയാസ്

**d ബീഫാത്തിമ (ഭർത്താവ് പി വി സി മുഹമമ്ദ് കുഞ്ഞി ഹാജി)**

- 1 റഷീദ (ഭർത്താവ് പി കെ ഹമീദ്)
  - 1 മറിയം (ഭർത്താവ് പി പി സമീർ)
    - 1 ആദിൽ
  - 2 റാഷിദ് (ഭാര്യ അഫ്സത്ത്)
  - 3 ഇസ്മയിൽ
- 2 അർഷദ് (ഭാര്യ റുബീന പി പി )
  - 1 ഫാത്തിമ റഷ
  - 2 റിഫ
- 3 അഡ്വ. ലത്തീഫ് (ഭാര്യ ഷബാന)
  - 1 ഫാത്തിമ
  - 2 ലിസ
- 4 സാജിദ (ഭർത്താവ് പി വി സാദിഖ്)
  - 1 സുഹൈൽ
  - 2 സഹീർ
  - 3 സഹൽ

**e മഹ്മൂദ് (ഭാര്യ ആയിസു ടി കെ പി)**

- 1 മാഹിൻ (ഭാര്യ ബീഫാത്തിമ എൽ കെ )
- 2 റാസിഖ് (ഭാര്യ )
- 3 ഖലീൽ (ഭാര്യ )
- 4 ആയിഷ (ഭർത്താവ് ജാലിദ് പി പി)

**E ഹഫ്സത്ത് (ഭർത്താവ് എസ് സി ചെറിയ മമ്മുഹാജി)**

- a ബീഫാത്തിമ
- b മുഹമ്മദലി
- c ഖദീജ
- d കുഞ്ഞബ്ദുല്ല
- e സിദ്ദിഖ്

**a ബീഫാത്തിമ (ഭർത്താവ് എ എം മഹമ്മൂദ് ഹാജി)**

- 1 കുഞ്ഞാമി (ഭർത്താവ് പി കെ കാഊഞ്ഞി)
  - 1 ഇർഷാദ് (ഭാര്യ ഷബീറ യു എം)
    - 1 ഇൻശ
  - 2 മുർഷിദ് (ഭാര്യ ഫാത്തിമ എ എം)
    - 1 ലാമിയ
  - 3 റഷീദ് (ഭാര്യ സഫത്ത്)
  - 4 ജംഷീദ്
- 2 സാഹിറ (ഭർത്താവ് എസ് വി അഷറഫ്)
  - 1 ഇസ്മയിൽ
  - 2 ഈസ
- 3 സുലൈഖ (ഭർത്താവ് എം സി മുഹമ്മദലി)
  - 1 അഹമ്മദലി (ഭാര്യ ഫാത്തിമ)
  - 2 സുഹൈർ അലി
  - 3 ഫാത്തിമ (ഭർത്താവ് റഷീദ് പി കെ)
    - 1 റഹാൻ ഖാലിദ്
- 4 നൂറുദ്ദിൻ (ഭാര്യ ഫാസില)
  - 1 ആദിൽ
  - 2 ആമിന

- 5. താജുദ്ദീൻ (ഭാര്യ റുബീന എ എം)
  - 1 റമീസ്
  - 2 സിനാൻ
  - 3 ഫാത്തിമ

**b മുഹമ്മദലി (ഭാര്യ സൈനബി എ ബി, നടക്കാവ്)**

- 1 ഷമീമ (ഭർത്താവ് റിയാസ്)
- 2 അഷ്ക്കർ (ഭാര്യ റംഷാന)
- 3 ഷബീർ

**c ഖദീജ (ഭർത്താക്കന്മാർ 1 ടി പി ഖാദർ 2 ടി പി അബൂബക്കർ**

- 1 നുസ്റത്ത് (ഭർത്താവ് നൂറുദ്ദീൻ)
  - 1 നുസൈറ
  - 2 റഫ
  - 3 മുഹമ്മദ് ഷാമിൽ
- 2 ഫൗസിയ (എസ് വി ഖാദർ)
  - 1 സഫ (ഭർത്താവ് റിയാസ്, തൃക്കരിപ്പൂർ)
  - 2 സന
  - 3 ഫസി
  - 4 സുഹ
- 3. സലീം

**d കുഞ്ഞബ്ദുല്ല (ഭാര്യമാർ 1. സൈനബ 2. ഫാത്തിറ)**

- 1 സമീറ (ഭർത്താവ് ഇല്ല്യാസ്)
- 2 നസീറ (ഭർത്താവ് സിദ്ദിഖ്)
- 3 സഫ്വാൻ

} ആദ്യ ഭാര്യയിലുണ്ടായ മക്കൾ

- 4 ലിസാൻ
- 5 സിനാൻ

} രണ്ടാം ഭാര്യയിലുണ്ടായ മക്കൾ

**e സിദ്ദിഖ് (ഭാര്യ മുംതസ്)**

- 1 ഷിഫാന
- 2 ഷിയാസ്
- 3 ഷിഫാസ്

## അദ്ധ്യായം അഞ്ച്

# അനുബന്ധം ഒന്ന്

### പുതിയ കോട്ട സബ്ബ് രജിസ്ട്രാഫീസിൽ 1902– ൽ ഒന്നാം ബുക്ക് 1543 ാം നമ്പറായി രജിസ്റ്റർ ചെയ്ത ഭാഗാധാരത്തിൻ നിന്ന്:

1 ഭാഗക്കറാര. 1902 സത്തെമ്പ്ര 18ാം എടക്ക കൊല്ലം 1073 കന്നി 2ാം. കാഞ്ഞിരോട് താലൂക്ക് താഴക്കാട്ട മാഗണ പടന്ന ഗ്രാമത്തിൽ മാപ്പിള ജന്മികൾ മരിച്ച കുഞ്ഞിപ്പാത്തുമ്മ മക്കൾ ഉദിനൂർ കല്ലുകെട്ടിയ പുരയിൽ കുട്ടൂസ്സയുടെ പാതിക്കാർ എന്ന തറവാട്ടിൽ കാരണവൻ 1 പാതിക്കാരൻ അബ്ദുറഹ്മാൻ 2 റാപ്പിയ എന്ന ഉമ്മ മരിച്ച ബീപാത്തുമ്മ മകൻ 3 അബ്ദുൾഖാദർ രണ്ടാം നമ്പ്ക്രാരി മക്കൾ 4 കുഞ്ഞാമിന 5 മായൻ നാലാം നമ്പ്ക്രാരി മക്കൾ 6 ബീപാത്തുമ്മ എന്ന കുട്ടി 7 ആസ്യുമ്മ എന്ന കുട്ടി 8 മറിയുമ്മ എന്ന കുട്ടി 9 സാറമ്മ എന്ന കുട്ടി 10 കുഞ്ഞീമ എന്ന കുട്ടി. രണ്ടാം താവഴി മേപ്പടി രണ്ടാം നമ്പ്രകാരന്റെ എളയുമ്മ മരിച്ച റാപ്പിയ എന്ന ഉമ്മ മക്കൾ 11 മായൻകുഞ്ഞി 12 ആസ്യൂമ്മ പന്ത്രണ്ടാം നമ്പ്രകാരി മക്കൾ 13 മമ്മദ് 14 കുഞ്ഞിപ്പാത്തുമ്മ പതിനാലാം നമ്പ്രകാരി മക്കൾ 15 കുഞ്ഞാമത് എന്ന കുട്ടി 16 നബീസു എന്ന കുട്ടി 17 റാപ്പിയ എന്ന കുട്ടി. മൂന്നാം താവഴി ഒന്നാം നമ്പ്രകാരന്റെ വേറൊരു ഇളയമ്മ മരിച്ച കുഞ്ഞുമ്മ മക്കൾ 18 മമ്മദ് 19 മറിയുമ്മ പത്തൊമ്പതാം നമ്പ്രകാരി മക്കൾ 20 കുഞ്ഞീമ 21 കുഞ്ഞാമിന 22 അബ്ദുറഹ്മാൻ 23 കുഞ്ഞിമൊയ്തീൻ കുട്ടി 24 സൂപ്പിക്കുട്ടി എന്ന കുട്ടി 25 ആയിസ്സു എന്ന കുട്ടി രണ്ടാം നമ്പ്രകാരി മക്കൾ 26 അബ്ദുള്ള എന്ന കുട്ടി 27 കുഞ്ഞമ്മാലി എന്നകുട്ടി 28 സാറമ്മ എന്ന കുട്ടി 29 കുഞ്ഞിപ്പാത്തുമ്മ എന്ന കുട്ടി 21–ാം നമ്പ്രകാരി മക്കൾ 30 മമ്മദ് എന്ന കുട്ടി 31 പരീച്ചി എന്ന കുട്ടി 32 കുഞ്ഞിപ്പരി എന്ന കുട്ടി 33 അബ്ദുള്ള എന്ന കുട്ടി 34 മറിയമ്മ എന്ന കുട്ടി. 1 മുതൽ 5 വരെയും 11 മുതൽ 14 വരെയും 18 മുതൽ 23 വരെയും നമ്പ്രകാർ അവരുടെ സ്വന്തം നിലയ്ക്കും 6 മുതൽ 10 വരെ നമ്പ്രകാരായ മൈനർമാരുടെ രക്ഷിതാവ് രണ്ടാം നമ്പ്രകാ

രനും 15 മുതൽ 17 വരെ നമ്പ്രകാരായ മൈനർമാരുടെ രക്ഷിതാവും 11-ാം നമ്പ്രകാരനും 24 മുതൽ 34 വരെ നമ്പ്രകാരായ മൈനർമാരുടെ രക്ഷിതാവ് 18 ാം നമ്പ്രകാരനും രക്ഷിതാവിന്റെ നിലയിലും കൂടി ചെയ്ത ഭാഗക്കരാറ.

2 നമ്മൾ മരുമക്കത്തായം ആചരിക്കുന്ന മുഹമ്മതീ മതക്കാരും ഉദിനൂരു കല്ലുകെട്ടിയ പുരയിൽ കുട്ടൂസ്സയുടെ പാതിക്കാർ എന്ന ഒരു തറവാട്ടുകാരും നമ്മളിൽ ഒന്നു മുതൽ പത്തുവരെ നമ്പ്രകാർ ഒന്നാം താവഴിയിലും പതിനൊന്ന് മുതൽ പതിനേഴുവരെ നമ്പ്രകാർ രണ്ടാം താവഴിയിലും പതിനെട്ട് മുതൽ മുപ്പത്തിനാല് വരെ നമ്പ്രകാർ മൂന്നാം താവഴിയിലും ആകുന്നു.

3 സ്വാർത്ഥതയിലോ കുടുംബ ബാഹുല്യത്താലോ ഭാഗത്തിനിടയായി കാണുന്ന പരക്കെയുള്ള സ്ഥിതി കാലോചിതമായി നമുക്കും ബാധിക്കാവുന്നതും ആകകൊണ്ട് നമ്മളുടെ ഈ തറവാട്ടിൽ വല്ല ഗൃഹഛിദ്രമോ വ്യവഹാരമോ വരാതെയും മുതൽ നശിക്കാതെയും ഇരിപ്പാൻ വേണ്ടി നമ്മൾ ഇപ്പോൾ ഭാഗം ചെയ്യുന്നത് നല്ലതാണെന്ന് ഇതിൽപ്പെട്ട എല്ലാവർക്കും സമ്മതപ്പെട്ടതിനാൽ മദ്ധ്യസ്ഥന്മാർ മുഖാന്തിരം പറഞ്ഞു ഈ കരാറമൂലം താഴെ പറയും പ്രകാരം ഭാഗം ചെയ്തിരിക്കുന്നു.

4 നമ്മളുടെ തറവാട്ടിൽ മുമ്പുണ്ടായ രാജി ഫയസ്സൽ പ്രകാരം സിദ്ധിച്ചതും അതിന്റെ പിന്നെ ഒന്നാം നമ്പ്രകാരൻ സമ്പാദിച്ചതും ആയ സ്വത്തുക്കളിൽ ഒന്നാം നമ്പ്രകാരന്റെ മക്കൾക്കും പതിനൊന്നാം നമ്പ്രകാരന്റെ മക്കൾക്കും മൂന്നാം താവഴിയിലെ മരിച്ച മൊയ്തീൻകുട്ടിയുടെ മക്കൾക്കും പുത്രാവകാശമായി കൊടുത്ത വസ്തുക്കൾ കഴിച്ച ശേഷം ഉള്ള സ്വത്തുക്കൾക്ക് എ, ബി, സി എന്ന അടയാളം ഇട്ട് മൂന്നു പട്ടികയുണ്ടാക്കി. ഈ കരാറ സഹിതം വീതിക്കുകയും ചെയ്തു.

5 അതാത് താവഴിയിലെ സ്വത്തുക്കൾ ആ താവഴിയിലെ മൂത്ത കാരണവർ തന്റെ ജീവദശ വരെ കൈവശം വെച്ച് സർക്കാർ നികുതിയും കൊടുത്ത് അവസ്ഥാനുസരണം അതാത് താവഴികളുടെ നിത്യനൈമിത്തികമായ എല്ലാ ചെലവുകളും നടത്തിവരുവാനും അയാളുടെ കാലശേഷം മൂത്ത കാരണവത്തി താനായോ തനിക്കിഷ്ടമുള്ള വല്ലവരെകൊണ്ടോ മേൽ പ്രകാരം കാര്യാതികൾ നടത്തി സ്ത്രീ സന്താനപരമ്പരയായി അനുഭവിച്ചു വരുവാനും നിശ്ചയിച്ചിരിക്കുന്നു.

6 ഒന്നാം നമ്പ്രകാരൻ തറവാട്ടുകാരണവരാകയാലും വസ്തു സമ്പാദിച്ചവനാകയാലും ആ ഒന്നാം നമ്പ്രകാരൻ ഒഴികെ ഇതിൽപ്പെട്ട ശേഷമുള്ള ആളുകളിൽ ഒരുത്തനായോ ഒന്നിലധികമായോ കടം വാങ്ങാൻ പാടുള്ളതല്ല. അത്യാവശ്യ കാരണങ്ങളാൽ വല്ല കടങ്ങളും വേണ്ടിവന്നാൽ അതാതു താവഴിയിൽ വയസ്സുതികഞ്ഞ എല്ലാ സ്ത്രീ-പുരുഷന്മാർകൂടിയും യോജിച്ചും ഉൾപ്പെട്ടും രേഖചെയ്തും അതാത് താവഴി വസ്തുക്കളിന്മേൽ ചുമത്തി വാങ്ങി നിവൃത്തിക്കേണ്ടതുമാ

കുന്നു. ഇതിന് വിരോധമായി ആര് കടംവാങ്ങുന്നുവോ അവരുടെ ശരീരംകൊണ്ട് വീടേണ്ടതല്ലാതെ പട്ടികയിലെ വസ്തുക്കളോ മറ്റ് തറവാട്ടുവസ്തുക്കളോ ഉത്തരവാദിയാകുന്നതല്ല.
7 നമ്മളുടെ വർഗ്ഗത്തിൽപെട്ടവരായ അന്യന്മാരാൽ കിട്ടി വരേണ്ടതായ നികുതി മൂന്നു താവഴിക്കാരും കൂടി യോജിച്ചു രസീതി കൊടുത്തു വാങ്ങേണ്ടതും അന്യ വർഗ്ഗകാരന്മാർക്ക് കൊടുക്കേണ്ടതായ നികുതി മൂന്നു താവഴിക്കാരും വഴി പ്രകാരം വെവ്വേറെ കൊടുത്തു രസീതി വാങ്ങേണ്ടതും ആകുന്നു.
8 ഒന്നും രണ്ടും താവഴിക്കാർ 'എ' പട്ടികയിലെ മുപ്പത്തിമൂന്നാം നമ്പ്ര പറമ്പിലുള്ള ഭവനത്തിലും മൂന്നാം താവഴി അവരുടെ സ്വന്തം പാണ്ടികശാല കൂടാതെ 'സി' പട്ടികയിലെ മുപ്പത്തിയൊമ്പതാം നമ്പർ പറമ്പിലുള്ള ഭവനത്തിലും ഇതുവരെ താമസിച്ചുവന്ന പ്രകാരം എനിമേലാലും പാർത്തു വരേണ്ടതും ഒന്ന്, രണ്ട് താവഴി പാർത്തുവരുന്ന പുരയുടെ കെട്ടിപ്പൊാത ചിലവിലേക്ക് കൊല്ലത്തിൽ അഞ്ചൂറുപ്പികകണ്ട് രണ്ടാം താവഴി കാര്യ നടത്തിപ്പുകാരൻ ഒന്നാം താവഴി കാര്യ നടത്തിപ്പുകാരന്റെ പക്കൽ കൊടുത്തു രസീതി വാങ്ങേണ്ടതും മേപ്പടി കെട്ടിപ്പൊാത ഒന്നാം താവഴി നടത്തിപ്പുകാരൻ കഴിച്ചു വരേണ്ടതുമല്ലാതെ അപ്രകാരമുള്ള ചെലവ് വാങ്ങീട്ടും മേപ്പടി കെട്ടിപ്പൊാത കഴിക്കാതെയിരുന്നാൽ രണ്ടാം താവഴിക്കുള്ള നഷ്ടത്തിന്ന് ഒന്നാം താവഴി ഉത്തരവാദിയാകേണ്ടതുമാണ്. മേപ്പടി ഭവനമുള്ള പറമ്പ് എ പട്ടികയിലെ മുപ്പത്തി മൂന്നാം നമ്പറായി ചേർത്തിട്ടുണ്ടെങ്കിലും അതിലെ മൂന്ന് തെയി ഒന്നാം താവഴിക്ക് പ്രത്യേകം തിരിച്ചത് ഒഴികെ ശേഷമുള്ള പറമ്പിന്മേലും ഭവനത്തിന്മേലും രണ്ടാം താവഴിക്കും സമാവകാശമുള്ളതും ആണെന്നു തീർച്ചപ്പെടുത്തി.
9 അതതു താവഴികൾ സ്ത്രീകളോ പുരുഷന്മാരോ പ്രത്ര്യേകം സമ്പാദിച്ചതോ സമ്പാദിക്കുന്നതോ ആയ വകകളിൽമേൽ ആ സമ്പാദിച്ച ആളുകളുടെ ജീവദശയിൽ അതാത് ആളുകൾക്ക് ക്രയവിക്രയ സ്വാതന്ത്ര്യാധികാരം നിൽക്കുന്നതും അവരുടെ മരണശേഷം അതാതു താവഴികളിൽ ചേരേണ്ടതുമാകുന്നു.
10 ജന്മികൾ കാണം കൊടുക്കുന്ന കാലത്ത് അതാത് താവഴിയിൽ യുക്ത വയസ്സ് തികഞ്ഞ സ്ത്രീ പുരുഷന്മാരുകൂടി രസീതി കൊടുത്തു വാങ്ങേണ്ടതുമാകുന്നു.
11 നമ്മുടെ തറവാട്ടിലേക്കുള്ള നടുവിലെ പള്ളി എന്ന പള്ളിയിലെ ചിലവിന്നു വേണ്ടി മൂന്നു താവഴിക്കാരും കൂടി പട്ടികയിലെ ഇരുപത്തിനാലാം നമ്പർ നിലം നീക്കിയതാകയാൽ അതിന്റെ കണപ്പാട്ടം നെല്ല് മൂന്നാം താവഴി കാര്യനടത്തിപ്പുകാരൻ മേപ്പടി പള്ളി മുക്രി പക്കൽ കൊടുത്ത് പരമ്പരയായി എന്നെന്നും നടത്തിപോരാനും മേപ്പടി പള്ളി കെട്ടിപൊതിയുന്നതിനും എണ്ണ കത്തിക്കുന്നതിനും നിലവിലുള്ള ഉറുപ്പികയും മൂന്നു കുറ്റി വെളിച്ചെണ്ണയും ഇതിൽ ഓരോ താവഴി പത്ത് ഉറുപ്പികയും ഒരു കുറ്റി വെളിച്ചെണ്ണയും മൂന്നാം താവഴി നടത്തിപ്പുകാരൻ പക്കൽ കൊടുത്തു വരുവാനും പള്ളിയിൽ വേറെ

ചിലവിലേക്ക് എനിയുള്ള കാലത്ത് മൂന്നു താവഴിക്കാരും ശരിയായ പ്രകാരം എടുത്ത് യാതൊരു വീഴ്ചയും കൂടാതെ ഒത്തു കഴിച്ചു വരുവാനും നിശ്ചയിച്ചിരിക്കുന്നു.

12 സി പട്ടികയിലെ ഇരുപത്തിനാലാം നമ്പർ പറമ്പിലുള്ള കെഴക്കെ അഞ്ചു പിലാവ് ഒന്നും രണ്ടും താവഴിക്കാർക്ക് തിരിച്ചതാകയാൽ ആയത് ഒന്നും രണ്ടും താവഴിക്കാർ അനുഭവിച്ചു വരേണ്ടതിലേക്ക് മൂന്നാം താവഴിക്കാർ വല്ല വിധത്തിലും തടസ്സം പറയാൻ പാടില്ല. മേപ്പടി പറമ്പിലെ കിണർ മൂന്നു താവഴിക്കും ഉള്ളതുമാകുന്നു.

13 ഉദിനൂർ കൂലോം ദേവസ്വവും നമ്മുടെ തറവാടും തമ്മിൽ ജന്മം കൊടുത്തു വാഴ്ച്ചയുള്ളതാകയാൽ അതിന്റെ പുറപ്പാടിന്ന് നൂറ്റിമുപ്പതു പറ നെല്ല് കൊല്ലത്തിൽ താവഴി ദേവസ്വത്തിലേക്ക് കൊടുത്തു വരേണ്ടതുമാകുന്നു.

14 ഭാഗിപ്പാൻ അസൗകര്യമുള്ളതും സമാവകാശ നിലയിൽ പൊതു സ്വത്തായി വെപ്പാൻ തീർച്ചപെടുത്തിയതും ആയ സ്ഥിരസ്വത്തുക്കൾ ക്കും ജീവസന്ധാനങ്ങളായ നാല്കാലികൾക്കും ഓട്ടുപാത്രങ്ങൾക്കും ഒരു പട്ടികയുണ്ടാക്കി ഡി എന്ന അടയാളമിട്ട് ആയതും ഇതോടൊ ന്നിച്ച് ചേർക്കുകയും ചെയ്തിരിക്കുന്നു.

15 നമ്മളുടെ തറവാട്ടിൽ നോട്ടറിയായും കാണമായും മറ്റുമുള്ള ഭൂമികളിൽ അധികമായ ദ്രവ്യം ചിലവു ചെയ്തു കുഴിക്കൂറുകളും വെട്ടു കാണവും ഉണ്ടാക്കിയിട്ടുള്ളതും എനി ഉണ്ടാക്കേണ്ടതുമാക യാൽ അതിന്നു കിട്ടാവുന്ന ദ്രവ്യം പ്രകാരം കാണം വാങ്ങുന്നതോടു കൂടി വാങ്ങേണ്ടതുമാകുന്നു.

16 പാലാട്ട് തറവാട്ടിൽ നിന്നു കിട്ടേണ്ടുന്ന കാണം രണ്ടായിരത്തി നാനൂറ്റിപതിനഞ്ച് ഉറുപ്പികയിൽ ഒന്നാം താവഴി എഴുനൂറ്റി മുപ്പത്തിയൊമ്പത് ഉറുപ്പികയും, രണ്ട് മൂന്ന് താവഴികൾ എണ്ണൂറ്റി മുപ്പത്തിയെട്ട് ഉറുപ്പികയും, പാലാട്ട് ചിറക്കര വീട്ടിൽ നിന്നും കിട്ടേണ്ട കാണം അഞ്ഞൂറു ഉറുപ്പികയും, കണ്ണങ്കയി താവഴിയിൽ നിന്നും കിട്ടേണ്ട കാണം ആയിരത്തി നാനൂറ് ഉറുപ്പികയും, മൂന്നു താവഴികൾ സമമായും പാടാളത്തു പക്കീരനാൽ കിട്ടേണ്ടും കാണം നൂറു ഉറുപ്പിക ഒന്നാം താവഴിയും വടക്കേ കോളത്തെ അബ്ദുല്ല മുതലായവരിൽ കിട്ടേണ്ടും കാണം അറുനൂറ്റിയമ്പതുറുപ്പിക ഒന്നാം താവഴിയിലും ഇരുനൂറ്റിയമ്പതുറുപ്പിക രണ്ട് മൂന്നു താവഴികളും പാലാട്ട് കരപ്പാത്ത് താവഴിയിൽ നിന്ന് കിട്ടേണ്ടും കാണം ആയിരത്തി അഞ്ഞൂറ്റിയമ്പ തുറുപ്പിക സമമായും വീതിക്കേണ്ടതുമാകുന്നു.

17 നമ്മളുടെ താവഴിയിലുള്ള സ്ത്രീകളുടെ ഭർത്താക്കന്മാരാൽ ഇതുവരെയിൽ കിട്ടേണ്ടുന്ന കാശിവക ഉറുപ്പിക കിട്ടുമ്പോൾ അതാതു സ്ത്രീകൾക്കും ഇല്ലാത്ത നിലയിൽ ആ വക സ്ത്രീകളുടെ മക്കൾക്കും കിട്ടേണ്ടതാകയാൽ അതു പ്രകാരം വാങ്ങികൊള്ളേണ്ടതുമാകുന്നു.

18 സ്വത്തുക്കൾ കുടിയാന്മാരെ ഏല്പിക്കുന്നത് വെറുമ്പാട്ടം, വെറുങ്കൊഴു, കുഴിക്കാണം പന്ത്രണ്ടുകൊല്ലത്തെ അവധിയിന്മേൽ വേണ്ടതും ആ നിലയിൽ കാര്യ നടത്തിപ്പുകാർ ക്രമക്കേട് കൂടാത്ത

വിധത്തിൽ ചാർത്തു ചെയ്തു കൊടുത്ത് കൊള്ളേണ്ടതും, വാരം പാട്ടം ബാക്കി നിൽക്കുന്ന കുടിയാന്മാരുടെ പേരിൽ കാര്യ നടത്തിപ്പു കാർ പ്രത്യേകമായി വ്യവഹാരപെട്ടു വസൂലാക്കി കൊള്ളേണ്ടതു മാകുന്നു.

# അനുബന്ധം രണ്ട്

## 1916ൽ തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ആഫീസിൽ 1998–ാം നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത ഭാഗാധാരത്തിൽനിന്ന്:

1 1916 നവെമ്പ്ര 17ന് പകൽ 1 2 മണികൾക്ക് മദ്ധ്യേ തൃക്കരിപ്പൂർ സബ്രജിസ്ത്രാരുടെ ആപ്പീസിൽ ഹാജരാക്കി ഉദിനൂരു കല്ലുകെട്ടിയ പുരയിൽ പാതിക്കാരൻ മുഹമ്മദ് എഴുതിക്കൊടുത്ത് സമ്മതിച്ചു.

2 ഭാഗപത്രം. കാഞ്ഞിരൊട താലൂക്ക താഴക്കാട മാഗണ പടന്ന ഗ്രാമത്തിൽ മാപ്പിള ജന്മി ഉദിനൂരു കല്ലുകെട്ടിയ പുരയിൽ പാതിക്കാരൻ മൊയ്തീൻകുട്ടി എന്നവരുടെ അനുജനും കുഞ്ഞുമ്മ മകനും തറവാട്ടിൽ കാരണവനും കൈകാര്യകർത്താവുമായ മുഹമ്മദ് ഒന്നാം നമ്പ്രകാരന്റെ ഏകോദര കനിഷ്ഠ സഹോദരി 2 മറിയുമ്മ ഹജ്ജുമ്മ 3 മക്കൾ കുഞ്ഞിമ 4 കുഞ്ഞാമിന 5 അബ്ദുൽ റഹിമാൻ 6 കുഞ്ഞിമൊയ്തീൻകുട്ടി ഹാജി 7 സൂപ്പിക്കുട്ടി 8 3ാം നമ്പ്രകാരി മക്കൾ അബ്ദുല്ല 9 മമ്മാലി 10 4ാം നമ്പ്രകാരി മകൻ മുഹമ്മദ് 11 2ാം നമ്പ്രകാരി മകൾ ആയിസുമ്മ 12 3ാംനമ്പ്രകാരി മകൾ സാറുമ്മ 14 4ാം നമ്പ്രകാരി മകൾ പരീച്ചി ഇവർ സ്വന്തം നിലയിലും മൈനർമാരായ 14 3ാംനമ്പ്രകാരി മകൻ മൂസകുഞ്ഞി 15 12ാം നമ്പ്രകാരി മകൾ സഫിയത്ത് 16 4ാം നമ്പ്രകാരി മക്കൾ കുഞ്ഞിപ്പരി 17 അബ്ദുല്ല 18 മറിയുമ്മ 19 അബ്ദുൽഖാദർ 20 അവ്വൊക്കറ 21 നബീസു 22 ബീഫാത്തുമ്മ 23 അഹമ്മദ്കുട്ടി 24 11ാം നമ്പ്രകാരി മകൻ അബ്ദുല്ല ഇവർക്കു വേണ്ടി 1ാം നമ്പ്രകാരൻ മുഹമ്മദ് രക്ഷിതാവിന്റെ നിലയിലും കൂടി എഴുതിവെച്ച ഭാഗപത്രം.

3 നമ്മൾ മുഹമ്മദ മതക്കാരും മരുമക്കത്തായം ആചരിക്കുന്നവരും നമ്മുടെ ഒട്ടു തറവാട്ടിൽനിന്നും പുതിയകോട്ട സബ്രജിസ്ത്രാഫീസിലെ ഒന്നാം ബുക്ക് 1902ൽ 1543 43ാം നമ്പ്രായി രജിസ്റ്റർ ചെയ്യിച്ച

കരാർ പ്രകാരം ഭാഗം പിരിഞ്ഞതിലെ ഒരു താവഴിയായ ഉദിനൂർ കല്ലു കെട്ടിയ പുരയിൽ പാതിക്കാരൻ എന്ന അവിഭക്ത സ്ഥിതിയിൽ ഉള്ള മാപ്പിള തറവാടുകാരും ഒന്നാം നമ്പ്രകാരൻ നമ്മളുടെ തറവാട്ടിൽ കാരണവനും ശേഷം മെമ്പർമാർ തറവാട്ടിൽ അംഗങ്ങളുമാകുന്നു. ഒന്നാം നമ്പ്രകാരൻ തറവാട്ടുകാര്യ ഭരണകർത്താവായിട്ട് കുറച്ചുകാലമായി. തറവാട്ടിൽ നിന്ന് പരമ്പരയായി നടന്നു പോരേണ്ടുന്ന ചടങ്ങുകൾ മേൽപറഞ്ഞ ഭാഗപത്രത്തിൽ വിശദമായി ഖണ്ഡിതപ്പെടുത്തിയിട്ടുണ്ടെങ്കിലും തന്റെ ഭരണം അതിലെ നിബന്ധനകൾക്കും ക്ഷേമത്തിനും അനുകൂലമായില്ലെന്ന് മാത്രമല്ല തറവാടിന്റെ താൽക്കാലികാവസ്ഥ അശ്രയോന്മുഖമായ സ്ഥിതിക്കും ഗ്രഹചിത്ര സൂചനക്കും പാത്രീഭവിക്കകൂടി ഉണ്ടായതിൽ നമ്മളും ബന്ധുമിത്രങ്ങളായ മധ്യസ്ഥന്മാരും ആ സ്ഥിതി നിലനിൽക്കുന്നത് ക്ഷേമപ്രദമല്ലെന്നും സ്വാർത്ഥതയിന്മേലോ കുടുംബ ബാഹുല്യത്താലോ ഭാഗത്തിനിടയായി കാണുന്ന പരക്കെയുള്ള സ്ഥിതി കാലോചിതമായി നമുക്കും ബാധിക്കാവുന്നതും ആകകൊണ്ട് ഇപ്പോൾതന്നെ ഭാഗം പിരിയുന്നതായാൽ സൗകര്യത്തിനും സ്വത്തുക്കളിന്മേലുള്ള സ്ഥായീപുഷ്ടി ഇവകൾക്കും മാർഗമായി തീരുന്നതാണെന്നും അഭിപ്രായപ്പെടുകയും അതിൽ നമ്മൾ യോജിച്ച് സമ്മതിച്ച് തീർച്ചപ്പെടുകയും ചെയ്തു.

4 11ാം നമ്പ്രകാരിക്ക് സ്ത്രീ സന്താനമുണ്ടായ മുതൽക്കുമാത്രം സി പട്ടികയിലെ സ്വത്തുക്കൾ മൂന്നാം താവഴിയും പരിഛേദ വിക്രയ സ്വാതന്ത്ര്യാധികാര സഹിതം അനുഭവിക്കേണ്ടതും മേൽ പ്രകാരം മൂന്നാം താവഴിയിൽ സന്താനമുണ്ടാകുന്നതുവരെ കാലാനുഭവം എടുത്തും ആ താവഴിയിൽ കൂടേണ്ടുന്ന കാണം അടക്കം 1500 ക വരെയുള്ള സംഖ്യ സ്വത്തുക്കളിന്മേൽ കാണമായോ പണയമായോ ചുമത്തിയോ തീരു കൊടുത്തുവാങ്ങിയും അനുഭവിക്കത്തക്ക നിലയിൽ നടന്നുവരേണ്ടതും അതിൽ അധികരിച്ച സംഖ്യ വാങ്ങേണ്ടി വരുമ്പോൾ മൂന്നാം താവഴിയിലെ മുഴുവൻ മെമ്പർമാരും 1 2 താവഴികളിലെ പുരുഷ മെമ്പർമാരും ഉൾപ്പെട്ട് രേഖ ചെയ്ത് വാങ്ങേണ്ടതും 11ാം നമ്പ്രകാരിക്ക് സന്താനമുണ്ടായാൽ 1 2 താവഴിക്കാർക്ക് സി പട്ടികയിലെ സ്വത്തുക്കളിന്മേൽ യാതൊരുവിധ അവകാശമില്ലാത്തതുമാകുന്നു.

# അനുബന്ധം മൂന്ന്

## കാലികളുടെയും പാത്രങ്ങളുടെയും മറ്റ് വസ്തുക്കളുടെയും വിവരം

1 സാധാരണ നിറത്തിൽ ഏകദേശം പത്തുവയസ്സ് പ്രായത്തിൽ എരുമ –15
2 സാധാരണ നിറത്തിൽ ഏകദേശം ഒമ്പതുവയസ്സ് പ്രായത്തിൽ എരുമ –12
3 സാധാരണ നിറത്തിൽ ഏകദേശം അഞ്ചുവയസ്സ് പ്രായത്തിൽ എരുമ –10
4 സാധാരണ നിറത്തിൽ ഏകദേശം നാലുവയസ്സ് പ്രായത്തിൽ എരുമ –8
5 ഇതുകളുടെ കുടിക്കുന്ന കന്നുകൾ –15
6 സാധാരണ നിറത്തിൽ ഏകദേശം പത്തുവയസ്സ് പ്രായത്തിൽ കൂർത്തകൊമ്പുള്ള വാൽമുറിഞ്ഞ മൂരി – 4
7 ചുകപ്പുനിറത്തിൽ ഏകദേശം എട്ടുവയസ്സ് പ്രായത്തിൽ കൂർത്ത കൊമ്പുള്ള വാൽ മുറിഞ്ഞ മൂരി –4
8 മേപ്പടി നിറത്തിൽ എട്ടുവയസ്സു പ്രായത്തിൽ മൂരി – 6
9 കറുത്ത നിറത്തിൽ ഒമ്പതു വയസ്സു പ്രായത്തിൽ മുങ്കൊമ്പുള്ള മൂരി–8
10 മൈലൻ നിറത്തിൽ ആറുവയസ്സ് പ്രായമുള്ള മൂരി –7
11 മാണി നിറത്തിൽ മൂന്നു വയസ്സ് പ്രായത്തിൽ മൂരികുട്ടൻ – 13
12 കറുത്ത നിറത്തിൽ അഞ്ചു വയസ്സ് പ്രായത്തിൽ കുട്ടൻ –9
13 മാരുതൻ നിറത്തിൽ ഒന്നര വയസ്സ് പ്രായത്തിൽ മൂരികുട്ടൻ –11
14 മാരുതൻ നിറത്തിൽ മൂന്നു വയസ്സ് പ്രായത്തിൽ മൂരി – 5
15 മൈലി നിറത്തിൽ പന്ത്രണ്ടു വയസ്സു പ്രായത്തിൽ പശു – 12
16 ഇതുകളെ കുടിക്കുന്ന കന്നുകൾ – 5
17 പതിനേഴ് അരി വെക്കുന്ന ഓടവട്ട്ളം –34
18 ആറ് അരിവെക്കുന്ന ഓടവട്ട്ളം–42
19 ഓട്ടു നിലവിളക്ക് വലുത് – 8
20 ഓട്ടു നിലവിളക്ക് ചെറുത്–17
21 ഓട്ടു തളിക വലുത് –74

22 ഓട്ടു തളിക ചെറുത് –185
23 ചെമ്പ് വലുത് –10
24 ചെമ്പ് ചെറുത് –25
25 പിച്ചള കെട്ടിയ പറ –10
26 പിച്ചള കെട്ടിയ എടങ്ങഴി –85
27 പിച്ചള കെട്ടിയ പടന്ന പറ –4
28 ഓട്ടുരുളി വലുത് –32
29 ഓട്ടുരുളി ചെറുത് –75
30 ഓട്ടുകൊണ്ട –35
31 ഓലങ്കം –16

# അനുബന്ധം നാല്

## പട്ടേലൻ കുട്ടിമൂസ - പടന്നയുടെ ഒന്നാമത്തെ പട്ടേലർ

1792-ൽ ശ്രീരംഗപട്ടണം ഉടമ്പടിയോടെ മലബാർ ബ്രിട്ടീഷു കാർക്ക് അധീനമായെങ്കിലും 1799-ൽ ടിപ്പു കൊല്ലപ്പെട്ടതിനു ശേഷം 1800- ഓടുകൂടി മാത്രമേ തങ്ങളുടെ കൈപിടിയിലൊതുങ്ങുന്ന ഒരു ഭരണകൂടത്തെ മലബാറിൽ അവർക്ക് സ്ഥാപിച്ചെടുക്കാൻ കഴി ഞ്ഞുള്ളു. ടിപ്പുവിന്റെ ചില ഭരണ പരിഷ്ക്കാരങ്ങൾ അവർ അതേപടി തുടർന്നുവെങ്കിലും ചിലതിനെ നിഷ്ഠൂരം ഉപേക്ഷിച്ചു. ടിപ്പുവാണ് മലബാറിൽ ആദ്യത്തെ ലാന്റ് സർവ്വെ നടത്തിയത്. അതിൻ ഫലമായി അദ്ദേഹം അന്നു നിലനിന്നിരുന്ന ജന്മിത്വത്തിൽ ചില പരിഷ്ക്കാരങ്ങൾ വരുത്തി. ഭൂമിക്കു മേലെയുള്ള ജന്മിയുടെ ശക്തിക്കുറയ്ക്കുകയും കുടിയാന് ഉൽപാദനത്തിന്റെ മേലെ സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാർ ഇത് തിരുത്തികുറിക്കുകയും ജന്മിമാരെ പൂർവ്വാധികം അധികാരത്തോടെ പുനഃ പ്രതിഷ്ഠിക്കുകയും ചെയ്തു. അവർക്ക് കൃഷിക്കാരിൽ നിന്ന് കൂടുതൽ നികുതി ഈടാക്കണമായിരുന്നു. ആ പരിഷ്ക്കാരത്തിന്റെ ഭാഗമായാണ് അവർ ഗ്രാമങ്ങളിൽ പട്ടേലന്മാരെ നിയമിച്ചു തുടങ്ങി യത്.

പടന്നയുടെ ആദ്യത്തെ പട്ടേലർ പാതിക്കാർ കുടംബസ്ഥാ പകൻ പട്ടേലൻ കുട്ടിമൂസയായിരുന്നു. അദ്ദേഹം 1815- ലാണ് ഒഴുക്കിനെതിരെ നീന്തി സൗത്ത് കാനറ ഡിസ്ട്രിക് കോർട്ടിൽ നിന്നും തനിക്കനുകൂലമായ വിധി സമ്പാദിച്ച് പാതിക്കാർ കുടുംബം സ്ഥാപിക്കുന്നത്. ഇംഗ്ലീഷിൽ പരിജ്ഞാനിയും സ്ഥിരോത്സാഹിയും സർവ്വോപരി ഒരു അനീതിക്കെതിരെ പൊരുതി വിജയം വരിച്ചയാളു മായ അദ്ദേഹം ഗ്രാമ റവന്യു ഭരണാധികാരിയെന്ന നിലയ്ക്ക് ജനങ്ങൾക്ക് ദ്രോഹം ചെയ്തതായി പൂർവ്വികരാരും പറഞ്ഞുകേട്ടിട്ടില്ല. (പി സി അഷറഫ് ഫെയിസ് ബുക്കിൽ എഴുതിയത്)

# അനുബന്ധം അഞ്ച്

## മറിയുമ്മ ഹജ്ജുമ്മ -
## പടന്നയിലെ ഹജ്ജുമ്മമാരുടെ ഒരു നൂറ്റാണ്ട്

അലിഗർ മുസ്ലീം സർവ്വകലാശാലയുടെ ചാൻസിലർ പദവിയിലിരുന്ന ഭോപ്പാലിലെ ബീഗം സുൽത്താന ജഹാൻ 1870-ൽ ഒരു യാത്രാവിവരണം എഴുതുകയുണ്ടായി. അത് വെറും ഒരു യാത്രാവിവരണമായിരുന്നില്ല; അവരുടെ ഹജ്ജ് അനുഭവമായിരുന്നു. അന്നത്തെ ഹജ്ജ് യാത്രയെന്നു പറയുന്നത് ശക്തനായ പുരുഷനു പോലും അതിക്ലേശകരമായിരുന്നു. സ്ത്രീകളാവുമ്പോൾ കഷ്ടപ്പാടുകളെക്കുറിച്ച് പറയുകയേ വേണ്ട. ക്ലേശഭൂയിഷ്ടമായ ആ യാത്രയിലും താനനുഭവിച്ച അപാരമായ അനുഭൂതിയാണ് അവർ ഒരു സുൽത്താനയുടെ ഹജ്ജ് എന്നു പേരിട്ട തന്റെ ഹജ്ജെഴുത്തിൽ വിശദമാക്കുന്നത്. വിലപ്പെട്ട പല വിവരങ്ങളുടെ ഖനികൂടിയാണ് അവരുടെ എഴുത്ത്. ഒരിടത്ത് അവർ ഇങ്ങനെ എഴുതുന്നു: "ഇന്ന് ഒരു സംഗതി എനിക്ക് കാണാനായി. കഅബയുടെ കില്ലയിൽ തുണിക്കഷ്ണങ്ങൾ തുന്നിച്ചേർത്തിരിക്കുന്നു. കറുത്ത സാധാരണ തുണിയാണ്. പാരമ്പര്യമായി ഈജിപ്തിൽനിന്ന് മുന്തിയ പട്ടിൽ തീർത്ത് എത്തുന്നതാണ്. എന്നാൽ നജ്ദികളും ഈജിപ്തുകാരും തമ്മിലടിച്ചതുകാരണം കഴിഞ്ഞവർഷം ഹിന്ദുസ്ഥാനിലാണ് നെയ്തത്. പണ്ടൊക്കെ ഈജിപ്ഷ്യൻ പെൺകുട്ടികളാണ് തുന്നിയിരുന്നത്. ഹിന്ദുസ്ഥാനി കില്ല എത്തിയിട്ട് ഒരു വർഷമെ ആയിട്ടുള്ളു. പലയിടത്തും കീറിയിരിക്കുന്നു. ദ്വാരങ്ങളും മങ്ങലുമുണ്ട്. മഴയും വെയിലും തട്ടി ശോഭ മങ്ങിയിട്ടുണ്ട്."

മറ്റൊരിടത്ത് മദീനയിലെ ഒരു കാഴ്ച അവർ ഇങ്ങനെ എഴുതുന്നു: "...റൗദക്കു സമീപം മുവജഹ് അബ്ദസിൽ പുതിയ പായ വിരിച്ചിരിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള ഒരു ബോറ നൽകിയതാണത്രെ. വെള്ളത്തിൽ നിന്നുള്ള ഒരു മോട്ടോർ 2000 ഗിന്നക്ക് ഒരു സിന്ധി സംഭാവന ചെയ്തിരിക്കുന്നു. ഇവിടെ പരിപാലനം നടത്തുന്നവർക്ക് വേതനം നൽകാനായി 14000 രൂപയുമായി ഒരു ഹിന്ദുസ്ഥാൻ മേമനും. അയാൾ ഒരു ചാക്ക് സിമന്റ് കൊണ്ടുവന്ന് പണിക്കാരെ വെച്ച് തറയിലെ പൊട്ടും പൊളിയും ശരിയാക്കുന്നു. മുവജഹ് അഖ്ദസിനു സമീപം രണ്ടാൾ പുതിയ കാർപ്പറ്റ് വിരിക്കുന്നത് കാണുന്നുണ്ട്. ഒരു ഹിന്ദുസ്ഥാനി നൽകിയതാണ്."

സുൽത്താനയുടെ ഹജ്ജിനു മുപ്പത്തിയഞ്ചു വർഷങ്ങൾക്കു

ശേഷം 1905–ൽ പടന്നയിൽ നിന്ന് ഒരു സ്ത്രീ ഹജ്ജിന് പോവുകയുണ്ടായി. ഉദിനൂർ കല്ലുകെട്ടിയ പുരയിൽ പാതിക്കാരൻ മറിയുമ്മ. ഒരു പക്ഷെ പടന്നയിൽ നിന്ന് ആദ്യമായി ഹജ്ജിന്ന് പോയ സ്ത്രീ. അവർ തന്റെ ഹജ്ജിനെ കുറിച്ചുള്ള യാത്രാവിവരണമൊന്നും എഴുതിയിട്ടില്ലെങ്കിലും തന്റെ ഹജ്ജനുഭവങ്ങളെ അതീവ ഹൃദ്യമായി അനന്തര തലമുറയെ വിവരിച്ചു കേൾപ്പിക്കുമായിരുന്നു. തന്റെ നാലാമത്തെ മകൻ കുഞ്ഞുമൊയ്തീൻകുട്ടിക്കൊപ്പമാണ് അവർ ഹജ്ജിന് പോയത്. 1905–ലെ ശഅബാൻ ഒന്നിനായിരുന്നു അവർ പടന്നയിൽ നിന്ന് യാത്ര തിരിച്ചത്. വലിയ കെട്ടുവള്ളത്തിൽ കായലുകളിലൂടെ കൊടുങ്ങല്ലൂരിലേക്കായിരുന്നു യാത്ര. ദിവസങ്ങളെടുത്താണ് കൊടുങ്ങല്ലൂർ എത്തിയത്. കൊടുങ്ങല്ലൂരിൽ നിന്ന് കപ്പലിൽ ബോംബെയിലേക്ക്. ശഅബാൻ പത്തൊമ്പതിനാണ് അവർ ബോംബെയിലെത്തിയത്. ബോംബെയിൽ പാസ്പോർട്ട് ശരിയാക്കാനും കപ്പൽ ടിക്കറ്റ് ശരിയാക്കാനും മറ്റുമായി പിന്നെയും കുറേ ദിവസം തങ്ങേണ്ടി വന്നു. ഒടുവിൽ റമളാൻ അഞ്ചിനാണ് അവർ നൈസാം കമ്പനിയുടെ കപ്പലിൽ മക്കയിലേക്ക് യാത്ര തിരിച്ചത്. കപ്പലിൽ അവർക്ക് ഒട്ടേറെ അനുഭവങ്ങളുണ്ടായി. മൂന്നു മരണം അവർ കണ്ടു. കപ്പലിലെ ആശുപത്രിയിലെ ജീവനക്കാർ മയ്യത്ത് കുളിപ്പിക്കും. കപ്പലിന്റെ വിശാലമായ ഡക്കിൽ കിടത്തി മയ്യത്ത് നമസ്ക്കരിക്കും. പിന്നെ ഒരു പലകയിൽ കെട്ടി കടലിന്റെ ആഴങ്ങളിലേക്ക് താഴ്ത്തും. കപ്പൽ കറാച്ചി തുറമുഖത്തെത്തിയപ്പോൾ അവിടെ നിന്നും ധാരാളം ഹജ്ജാജിമാർ കയറി. അക്കൂട്ടത്തിൽ അറുപതു ദിവസം തന്റെ കുതിരപുറത്ത് യാത്ര ചെയ്ത് ചൈനയിലെ കിർഗിസ്ഥാനിൽ നിന്നു വന്നയാളുമുണ്ടായിരുന്നു. ഒപ്പം അയാളുടെ എട്ടുവയസ്സായ മകനും. റംമളാൻ ഇരുപത്തിയൊന്നിന് ജിദ്ദയിൽ കപ്പലിറങ്ങി. നാലു ദിവസം ഒട്ടകപുറത്ത് യാത്ര ചെയ്ത് മക്കയിലെത്തി. അവിടെ നിന്ന് ദിവസങ്ങൾക്ക് ശേഷം മദീനയിലേക്ക് പോയി. അതും ഒട്ടകപുറത്തു തന്നെ. ഒടുവിൽ ഹജ്ജെല്ലാം നിർവഹിച്ച് ജുമാഅത്തുൽ അവ്വൽ അവസാനം നാട്ടിൽ തിരിച്ചെത്തുമ്പോൾ ആറുമാസത്തോളമായി. അങ്ങനെ പടന്നയുടെ ഹജ്ജുമ്മമാരുടെ ചരിത്രത്തിലെ വിസ്മയകരമായ ഒരു പെൺഗാഥ അവർ രചിച്ചു.

(പി സി അഷറഫ് ഫെയിസ് ബുക്കിൽ എഴുതിയത്.)

# അനുബന്ധം ആറ്

## ഭൂതകാലത്തിന്റെ സുഗന്ധം

ഇന്ത്യ സ്വതന്ത്രയാവുന്നു എന്ന അലയൊലികൾ അന്തരീക്ഷത്തിൽ മുഴങ്ങികേൾക്കുന്ന 1946– കാലത്താണ് ഞാൻ ബോംബെയിലേക്ക് പോവുന്നത്. അന്ന് രാജ്യം നിർഭാഗ്യകരമായ ഒരു പിളർപ്പിന്റെ വക്കിലെത്തി നിൽക്കുകയായിരുന്നു. അതിന്റെ കടുവിഷം പാനം ചെയ്യുന്ന അവസ്ഥയിലായിരുന്നു ബോംബെയും. ഉള്ളടി എന്നു ഞങ്ങൾ വിശഷിപ്പിക്കാറുള്ള കലാപത്തിന്റെ പിടിയിലായിരുന്നു നഗരം. എന്നാൽ ഞാൻ എത്തിപ്പെട്ടിടം ശാന്തമായിരുന്നു. എം ടി പി മുഹമ്മദ് എന്നയാൾക്ക് ആ കാലത്ത് വഡാലയിൽ ഒരു ഹോട്ടൽ ഉണ്ടായിരുന്നു. അവിടെയായിരുന്നു എന്റെ അഭയം. പത്താൻ വംശജർ താമസിക്കുന്നയിടമാണ്. അതുകൊണ്ടുതന്നെ കലാപകാരികൾ ധൈര്യപുർവ്വം അങ്ങോട്ടു കടന്നുവന്നിരുന്നിരുന്നില്ല.

ബർമ്മയായിരുന്നു പടന്നക്കാരുടെ ആദ്യത്തെ പ്രവാസഭൂമിക. തെക്കെ പുറത്തെ വലിയാമച്ച, കെ അന്തുമാങ്ക, കെ അബ്ദുല്ല, എം ഹുസൈനാർ, മമ്മീക്കാടെ മമ്മീക്ക തുടങ്ങി ധാരാളം ആളുകൾ അന്നു ബർമ്മ പ്രവാസികളായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റംഗൂണിൽ ബോബ് വീണപ്പോഴാണ് അവരൊക്കെ നാട്ടിൽ തിരിച്ചെത്തുന്നത്. അതൊരു ദുരിതം പിടിച്ച മടക്കയാത്രയായിരുന്നു എന്നു കേട്ടിട്ടുണ്ട്. നടന്നാണ് പലരും അതിർത്തി കടന്ന് ഇന്ത്യയിലെത്തിയത്. ആ കൂട്ടത്തിൽ കൗമാരം കഴിയാത്ത ബാലന്മാരും ഉണ്ടായിരുന്നു. അന്ന് ചന്ദ്രികാ പത്രം പടന്നയിൽ വരുത്താറുണ്ടായിരുന്നു. ചന്ദ്രിക ദിനപ്പത്രമായിരുന്നില്ല. ആഴ്ചപ്പതിപ്പായിരുന്നു. രണ്ടോ മൂന്നോ പേരാണ് അന്ന് പത്രം വരുത്തിയിരുന്നത്. ഷാപ്പുകാരൻ അബ്ദുൾറഹ്മാൻ ഹാജി , പി.സി.അബ്ദുൾ ഖാദർ ഹാജി തുടങ്ങിയവർ ചന്ദ്രിക വരുത്തിയിരുന്നു. യുദ്ധത്തെക്കുറിച്ചും മറ്റും അറിയാൻ ഈയൊരു മാധ്യമം മാത്രമായിരുന്നു ആശ്രയം. അന്ന് ചന്ദ്രികയിൽ സി.എച്ച് എഴുതിയ "എന്റെ ബർമ്മയാത്ര" എന്നോ മറ്റോ പേരിലുള്ള ഒരു ലേഖനം ഉറക്കെ വായിച്ചുകേട്ടത് ഓർക്കുന്നു.

ബർമ്മയിൽ നിന്ന് തിരിച്ചെത്തിയവർ തങ്ങളുടെ അടുത്ത

പ്രതീക്ഷയുടെ തുരുത്തായി ബോംബെയെയാണ് തെരഞ്ഞെടുത്തത്. എന്നാൽ ആളുകൾ ബർമ്മയിൽ നിന്ന് തിരിച്ചെത്തി തുടങ്ങുന്നതിനു മുമ്പുതന്നെ വിരലിലെണ്ണാവുന്ന ചിലർ ബോംബെയിലെത്തിയിരുന്നു. അതിൽ രണ്ടുപേരെ എനിക്കിന്ന് ഓർക്കാൻ കഴിയുന്നു. ഒരാൾ കോളേക്കാരൻ മൊയ്തീൻകുട്ടിക്കയാണ്. മറ്റേയാൾ എ. സി കുട്ട്യാലി. കുട്ട്യാലിക്കാക്ക് അന്നുതന്നെ ടങ്കർ മുഹല്ലയിൽ ഒരു മുറി സ്വന്തമായുണ്ടായിരുന്നു. പിന്നീട് ബർമ്മയിൽ നിന്ന് തിരിച്ചെത്തുന്ന മുറയ്ക്ക് ആളുകൾ ബോംബെയിലേക്ക് പോയിത്തുടങ്ങി. മമ്മീക്കാടത്തെ മമ്മുഹാജിയാണ് ബോംബെയിൽ സ്വന്തമായി ഹോട്ടൽ ബിസിനസ്സ് തുടങ്ങിയ ആദ്യത്തെ പടന്നക്കാരൻ. വളപ്പിൽ മൊയ്തീൻകുട്ടി, തവക്കൽക്ക, അസ്നാർക്ക, വളപ്പിൽ അബൂബക്കർ തുടങ്ങിയവർ പഴയകാല ബോംബെ പ്രവാസികളിൽ ചിലരാണ്.

ബോംബെയുമായി പടന്നക്കാരുടെ ബന്ധം തുടങ്ങുന്നത് റജബ് എന്നു പേരുള്ള ഒരു ബോംബെക്കാരൻ നാട്ടിൽ വന്ന് പള്ളിച്ചുമ്മാടത്തെ ഒരു സ്ത്രീയെ വിവാഹം കഴിക്കുന്നതോടുകൂടി യാണ്. അയാൾക്ക് ഭാഷ വലിയ പ്രശ്നമായിരുന്നതായി നാട്ടുകാർ പറഞ്ഞു കേട്ടിട്ടുണ്ട്. ദ്വിഭാഷിയെ വെച്ചാണ് അയാൾ ഭാര്യയോടു പോലും സംസാരിച്ചിരുന്നതത്രെ. പിന്നീട് അയാൾ ബോംബെയിലേ ക്കുതന്നെ തിരിച്ചുപോയി. ഈ റജബാണ് കുട്ട്യാലിക്കയെ ആദ്യമായി ബോംബെയിലേക്ക് കൊണ്ടുപോകുന്നത്. വലിയ വിദ്യാഭ്യാസ മില്ലാത്തവരായിരുന്നു അന്നു നാട്ടുകാർ. അതുകൊണ്ടുതന്നെ ചെറിയ ചെറിയ ജോലികൾ ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തേണ്ടുന്ന അവസ്ഥയായിരുന്നു അവർക്ക്. കാലക്രമേണ കുറച്ചുപേർ ഹോട്ടൽ മുതലാളിമാരായി മാറി. മറ്റൊരു കച്ചവടം ചദർ വില്പനയായിരുന്നു. ഇവരിൽ പലരുടേയും അഭയകേന്ദ്രം എ. സി കുട്ട്യാലിക്കയുടെ 119-ാം നമ്പർ മുറിയായിരുന്നു. ഇവിടെത്തന്നെയാണ് പടന്നക്കാരുടെ ആദ്യത്തെ കൂട്ടായ്മ 1942-ൽ രൂപം കൊണ്ടതും. ബി.സി മമ്മുഹാജി അന്ന് സംഘടനയുടെ മുൻനിരയിൽ പ്രവർത്തിച്ചതായി ഓർക്കുന്നു. അന്നുതന്നെ നല്ല സാമ്പത്തിക ശക്തിയുള്ള ആളായിരുന്നു അദ്ദേഹം. ബോംബെയിലേക്ക് അദ്ദേഹം ഫസ്റ്റ് ക്ലാസ് ട്രെയിനിൽ മാത്രമേ യാത്ര ചെയ്യാറുണ്ടായിരുന്നുള്ളു. അന്ന് ഫസ്റ്റ് ക്ലാസ് ടിക്കറ്റിന് വില 80 രൂപയാണ്. ഞാൻ ബോംബെയിലായിരുന്ന ആദ്യകാലത്ത് സംഘട നയ്ക്ക് മൂന്നുതട്ടിലുള്ള വരിസംഖ്യാ നിരക്കായിരുന്നു. ഒന്നേകാൽ രൂപ, രണ്ടര രൂപ, അഞ്ചുരൂപ എന്നിങ്ങനെ. സ്വന്തമായി ബിസിന സ്സുള്ള അല്പം ചിലർ അഞ്ചുരൂപ കൊടുത്തുവന്നു. അംഗസംഖ്യ കുറവായിരുന്ന ആ കാലത്ത് സംഘടനയ്ക്ക് വേണ്ടത്ര വരുമാനമു ണ്ടായിരുന്നില്ല. പട്ടേൽ മാൻഷൻ സംഘടന വില കൊടുത്തുവാ ങ്ങുന്നത് 4000 രൂപയ്ക്കാണ്. എന്നാൽ ഈ പണം ഒന്നിച്ച് സംഘടനയുടെ കൈവശം ഉണ്ടായിരുന്നില്ല. ബാക്കി വരുന്ന ആയിരത്തിയഞ്ഞൂറ് രൂപയ്ക്കുവേണ്ടി പതിനഞ്ചുപേരിൽ നിന്ന് നൂറുരൂപവീതം ശേഖരിച്ചു. പിന്നീട് മാസാമാസം നൂറുരൂപാ

നറുക്കെടുത്ത് ഓരോരുത്തർക്കായി കൊടുത്തുവീട്ടുകയാണുണ്ടായത്.

അന്ന് വരിസംഖ്യ പിരിക്കുന്നവർ നിസ്തുലസേവനമാണ് കാഴ്ചവെച്ചത്. ഇക്കൂട്ടത്തിൽ കണ്ണാടിക്കാരൻ അബ്ദുല്ല ഹാജി, ടി.കെ.എം മുഹമ്മദ് മസ്താൻ, എ ആർ മാഹിൻ ഹാജി എന്നിവരുടെ സേവനം എടുത്തുപറയേണ്ടതാണ്. സ്വന്തം ചെലവിൽ ദിവസങ്ങളോളം യാത്ര ചെയ്താണ് വരിസംഖ്യ പിരിച്ചിരുന്നത്. 1966-ൽ പി. കെ.സി അഹമ്മതിന്റെ നേതൃത്തിലുള്ള കമ്മിറ്റി ഒഴിഞ്ഞപ്പോൾ കിട്ടാകുറ്റിയായി കുറേ പൈസ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. ആയത് പിരിച്ചെടുക്കാനായി ഒരു പുതിയ കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഞാനായിരുന്നു അതിന്റെ ചെയർമാൻ. എം സി സുലൈമാൻ ഹാജി, ബി. സി. സലാം, കണ്ണാടിക്കാരൻ എന്നിവർ മെമ്പർമാരും. ഞങ്ങൾക്ക് 12 അംഗങ്ങളുള്ള ഒരു സഹായക കമ്മിറ്റിയുണ്ടായിരുന്നു. യു പി അബ്ദുല്ല, മാളിയിൽ യൂസഫ്, വലിയത്തെ അബ്ദുല്ല ഹാജി തുടങ്ങിയവർ അംഗങ്ങളായിരുന്നു. ഞങ്ങളുടെ കമ്മിറ്റി ഏതാണ്ട് മുഴുവൻ സംഖ്യയും പിരിച്ചെടുത്തു. പലയിടത്തും അത്യാചാരം പ്രയോഗിക്കേണ്ടിവന്നു. ഇന്നോർക്കുമ്പോൾ എല്ലാവരുടെയും മനസ്സിൽ ഭയഭക്തി ബഹുമാനങ്ങളോടെ ഈ സംഘടന നിലകൊണ്ടിരുന്നു എന്നാണെനിക്ക് വിലയിരുത്താൻ കഴിയുന്നത്. ജീവിത സഹനങ്ങൾക്കിടയിലും അവരുടെ മനസ്സുകളിൽ അത്തരത്തിൽ വിരിയാവുന്ന പൂക്കൾക്കിടമുണ്ടായിരുന്നു. അതായിരുന്നു ആ കാലഘട്ടത്തിന്റെ സുഗന്ധവും.

( പി സി മുഹമ്മദ് കുഞ്ഞി ഹാജി ബോംബെ പടന്ന മുസ്ലീം ജുമാഅത്തിന്റെ എഴുപതാം വാർഷിക സുവ്നിയറിൽ എഴുതിയ ലേഖനം, സെപ്റ്റംബർ 2012)

# അനുബന്ധം ഏഴ്

## കൃഷിയോർമ്മ

സമ്പന്നമായ ഒരു കാർഷിക പൈതൃകമുണ്ട് പടന്നയ്ക്ക്. പണ്ട് കാലത്ത് വൈവിധ്യമേറിയ കൃഷിരീതി പടന്നയിൽ നിലനിന്നിരുന്നു. വളരെ മുമ്പ് പുകയില കൃഷി നടത്തിയിരുന്നതായി പറയപ്പെടുന്നുണ്ട്. തെങ്ങ്, നെല്ല് എന്നീ വിളകളെ അടിസ്ഥാനമാക്കിയുള്ള കാർഷികവൃത്തിയാണ് പടന്നയിൽ നിലനിന്നതെങ്കിലും നെൽപ്പാടങ്ങളിൽ ഇടവിളയായി പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയും പുരയിടങ്ങളിൽ ഇടവിളയായി വാഴ, പച്ചക്കറി, കുരുമുളക്, കശുമാവ്, മാവ് എന്നിവയും കൃഷിചെയ്തിരുന്നു.

